Reg. No. M. 2293

ഒരുപ്രതി 2ണ

# സത്യദീപം

“ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 29 | 1955 നവംബർ 9—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 തുലാം 23 | ലക്കം 14

## വീടും വിദ്യാലയവും

[സെബാസ്റ്റ്യൻ പുല്ലാംപ്പിള്ളിൽ]


ഭാവിജീവിതം ശോഭനമാക്കിത്തീർക്കുവാൻ വേണ്ട പ്രഥമപാഠങ്ങൾ തങ്ങളുടെ സന്താനങ്ങളെ സ്വമാതൃകകൊണ്ടും ഉപദേശംകൊണ്ടും മാതാപിതാക്കന്മാർ പഠിപ്പിക്കുന്ന സ്നേഹാലയമാണു് വീടു്. അതേ ഉദ്ദേശത്തോടുകൂടിത്തന്നെ ബാക്കി പാഠങ്ങൾ അഭ്യസിപ്പിക്കുവാൻ പ്രത്യേകസൗകര്യങ്ങൾ ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളാണല്ലോ വിദ്യാലയങ്ങൾ. അങ്ങനെ നോക്കുമ്പോൾ കുടുംബത്തിൻെറ തുടർച്ചയാണു് സ്കൂൾ എന്നു വേണമെങ്കിൽ പറയാം. അതിനാലാണു്, കുടുംബസ്ഥാപനവും പരിപാലനവും മനുഷ്യൻെറ മൗലികാവകാശമായതുപോലെതന്നെ സ്കൂളും അവൻെറ ജന്മാവകാശത്തിൽ ഉൾപ്പെടുന്നു എന്നു പറയുന്നതു്.

“തൊട്ടിലാട്ടുന്ന കരങ്ങളാണു് വിഷ്ടപത്തെ ഭരിക്കുന്നതു്” എന്ന അഭിജ്ഞവാക്യം പാലൂട്ടിവളർത്തുന്ന മാതാക്കളുടേയും സ്നേഹമയമായ ഗൃഹാഭ്യസനത്തിൻേറയും മാഹാത്മ്യത്തെ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നതുപോലെതന്നെ, വാദ്ധ്യാർക്കും വിദ്യാലയത്തിനും ഭാവിലോകത്തിൻെറ സുസ്ഥിതിയിലുള്ള സ്വാധീനശക്തിയേയും പ്രദ്യോതിപ്പിക്കുന്നു. മെഴുകുമനസ്ഥിതിയോടുകൂടി വീട്ടിൽനിന്നു കുട്ടി വിദ്യാലയത്തിലേക്കു പോകുന്നു; “അഭ്യസ്തവിദ്യ”നായി—സുസ്ഥിരമായൊരു സ്വഭാവം രൂപവൽക്കരിച്ചവനായി—അവൻ വിദ്യാലയം വിടുന്നു. അക്കാലയളവിനുള്ളിൽ വിദ്യാലയവും അദ്ധ്യാപകരും അവനിൽ വരുത്തുന്ന വ്യതിയാനങ്ങൾ വളരെ വലുതുതന്നെയാണു്. ദൂരവ്യാപകങ്ങളായ—ആജീവനാന്തം നിലനില്ക്കുന്ന—വ്യത്യാസങ്ങൾ ഇക്കാലത്തു് മനുഷ്യനിൽ വന്നുഭവിക്കുന്നു. ഈ തത്വം മനസ്സിലാക്കിയ ഇടതുപക്ഷക്കാർ ജാഗ്രതയോടെ കുടുംബവും വിദ്യാലയവും കൈയടക്കുവാൻ പരിശ്രമിക്കുകയാണു്. കമ്മ്യൂണിസ്റ്റു് രാഷ്ട്രങ്ങളിൽ കുടുംബത്തെ രാഷ്ട്രത്തിൻെറ കുത്തകവസ്തുവാക്കിത്തീർത്തു കഴിഞ്ഞു. ചെക്കോസ്ലോവാക്കിയായിലെ കമ്മ്യൂണിസ്റ്റുകാരുടെ വാർഷികതീരുമാനം വിദ്യാർത്ഥികളെ വശപ്പെടുത്തുക എന്നതാണെന്നു് ഈയിടെ നാം പത്രപംക്തികളിൽ വായിക്കുകയുണ്ടായല്ലോ. ഇതെല്ലാം ഇടതുപക്ഷക്കാർ മനസ്സിലാക്കിപ്രവർത്തിക്കുന്നുണ്ടു്; പക്ഷേ നാം വാസ്തവത്തിൽ ഉറങ്ങുകയാണു്.

നമ്മുടെ പ്രിയപ്പെട്ട മാതൃരാജ്യത്തു് വിദ്യാലയങ്ങളുണ്ടു്; നമ്മുടെ ധനം വ്യയംചെയ്തു കെട്ടിടവും മററു സാമഗ്രികളും ഉണ്ടാക്കി സജ്ജീകരിച്ച വിദ്യാസദനങ്ങൾ—അവയിലേക്കു് നാം നമ്മുടെ സ്നേഹഭാജനങ്ങളായ കുട്ടികളെ അയക്കുന്നു. അവിടെ അവർ ശ്വസിക്കുന്നതു് ഏതു അന്തരീക്ഷത്തിൽ നിന്നാണു്? ചൈനയിലെ യുവജനങ്ങൾ പിടിവിട്ടുപോയതുകൊണ്ടു് ഇന്നു് അവിടത്തെ ആബാലവൃദ്ധം ജനങ്ങൾ അനുഭവിക്കുന്ന കമ്മ്യൂണിസ്റ്റു നരകയാതനകൾ നമുക്കു മുന്നറിയിപ്പുനൽകുന്നുണ്ടു്. അവിടത്തെ ഒരു യുവവിദ്യാർത്ഥിനി മതതല്പരനായ തൻെറ വത്സലതാതനെ രഹസ്യപ്പോലീസിനു് ഒററിക്കൊടുത്തു് “വീരമൃത്യു” കരസ്ഥമാക്കിയ സംഭവം ഒരു മാസികയിൽ വായിച്ചതായി ഓർക്കുന്നു. പിതൃസ്നേഹത്തിനു പ്രസിദ്ധിനേടിയ ചൈനീസ് യുവജനങ്ങൾ പുരോഗമിച്ചതു് ഇപ്രകാരമാണു്! “ഇതെല്ലാം വിദേശത്തു നടക്കുന്നതാണു്; നമുക്കൊന്നും ഇങ്ങനെ വരികയില്ല” എന്നു് ചില ശുഭാപ്തിവിശ്വാസികളും അരസികരുമായവർ വിചാരിക്കുന്നുണ്ടു്. “ഇവന്മാരെ അപ്പാ എന്നും മററും വിളിക്കുന്നതിനു് കാശ്രുതരണെ”മെന്നു് ഒരു മകൻ സ്വപിതാവിനെ നോക്കി ആക്രോശിച്ചതായി പറഞ്ഞുകേട്ടു. ഇതു തെററായാലും ശരിയായാലും ഇന്നത്തെ യുവാക്കളുടെ മനസ്ഥിതി ഇതാണെന്നു പറയേണ്ടിവന്നതിൽ വാസ്തവത്തിൽ ഖേദമുണ്ടു്.

പണ്ടത്തേതിൽനിന്നു് വിഭിന്നമായ ഈ മനസ്ഥിതി യുവവിദ്യാർത്ഥികളിൽ വന്നുഭവിക്കുവാൻ എന്താണു കാരണം? കടന്നു ചിന്തിച്ചാൽ കാണുവാൻ സാധിക്കും രക്ഷാകർത്താക്കളുടെ അക്ഷന്തവ്യമായ അനാസ്ഥയും അധികാരികളുടെ ഉത്തരവാദിത്വബോധമില്ലായ്മയുമാണു് ഇതിനു നിദാനമെന്നു്. ഇന്നത്തെ രക്ഷാകർത്താക്കൾ പണ്ടുണ്ടായിരുന്നവരെപ്പോലെ യഥാർത്ഥ ശിക്ഷണത്തിൽ വിശ്വസിക്കുന്നവരല്ലെന്നു കാണുന്നതു കഷ്ടമാണു്. ഇക്കൂട്ടർ കുട്ടികളെ സ്കൂളിൽ അയച്ചതുകൊണ്ടുമാത്രം തൃപ്തരായി മക്കളുടെ നല്ല “നാളെ”യേയും പ്രതീക്ഷിച്ചു മററുകാര്യങ്ങളിൽ ഏർപ്പെടുന്നു. വീട്ടിൽപോലും മക്കളെ വേണ്ടവിധത്തിൽ നിയന്ത്രിക്കാൻ ഒരു ആധുനികരക്ഷാകർത്താവിനു സമയമില്ല!! മാതാപിതാക്കന്മാർ കുട്ടികൾക്കു ഒരു പരിപാടി നിശ്ചയിച്ചുകൊടുക്കണം. യാതൊരു ദാക്ഷിണ്യവും വകവച്ചുകൊടുക്കാതെ അവരെ ആ പരിപാടി അനുസരിച്ചു് പ്രവർത്തിപ്പിക്കണം. രാവിലെ ഉണർന്നു് പ്രഭാതപ്രാർത്ഥനകൾക്കുശേഷം അന്നന്നത്തെ പാഠങ്ങൾ ക്രമമായി പഠിക്കുവാൻ രക്ഷാകർത്താക്കൾതന്നെ ഏർപ്പാടു ചെയ്യേണ്ടിയിരിക്കുന്നു. വൈകുന്നേരം വീട്ടിൽ താമസിക്കാതെ വരുവാനും വ്യായാമം, കുളി മുതലായവയ്ക്കുശേഷം കുടുംബപ്രാർത്ഥനയിൽ കൃത്യമായി സംബന്ധിക്കുവാനും നിർദ്ദേശിക്കണം. ചില മാതാപിതാക്കന്മാർ പരീക്ഷയുടെ പേരിൽ പ്രാർത്ഥനയിൽനിന്നു് കുട്ടികൾക്കു് ഒഴിവനുവദിക്കുന്നു. അതൊരിക്കലും പാടില്ല. കാരണം ദൈവാനുഗ്രഹം കൂടാതെ ഒരു പരീക്ഷയിലും ആരും ജയിക്കാൻ പോകുന്നില്ല. തന്നെയുമല്ല, പരീക്ഷക്കാലത്തും ശരീരത്തിനു ഭക്ഷണം ആവശ്യമായതുപോലെ, ആത്മാവിനു പ്രാർത്ഥനയും അത്യന്താപേക്ഷിതമാണു്.

ഇന്നത്തെ വിദ്യാലയാധികൃതരും തങ്ങൾ സ്വയം കൈയേററിരിക്കുന്ന മഹോന്നതജോലിയുടെ മാററു മനസ്സിലാക്കാതെ, വേണ്ടവിധത്തിലുള്ള ഉത്തരവാദിത്വബോധമില്ലാത്തവരായി കാണപ്പെടുന്നു. ചില പള്ളിക്കൂടങ്ങളിൽ, എങ്ങനെയെങ്കിലും നല്ല “റിസൾട്ടു്” കിട്ടണമെന്നു മാത്രമേ നോട്ടമുള്ളു. അല്ലാതെ വിദ്യാർത്ഥികൾ ദൃഢമായൊരു സൽസ്വഭാവം രൂപവല്ക്കരിച്ചു് നല്ല പൗരന്മാരായിത്തീരണമെന്നുള്ള ചിന്തയേ അവർക്കില്ലെന്നു തോന്നും അവരുടെ പ്രവൃത്തികണ്ടാൽ. നോട്ടെഴുതിക്കൊടുത്തു് മനഃപ്പാഠം പഠിപ്പിച്ചു് അതുപോലെ പരീക്ഷയ്ക്കും എഴുതിവയ്ക്കുവാൻ അവർ കുട്ടികളെ പഠിപ്പിക്കുന്നു. ഈസ്റ്റിൻഡ്യാകമ്പനിക്കാർ തങ്ങൾക്കു വിശ്വസ്തരായ ക്ലാർക്കന്മാരേയും ശിപായിമാരേയും വാർത്തെടുക്കാൻ കണ്ടുപിടിച്ച വിദ്യാഭ്യാസസമ്പ്രദായമാണിതു്. സ്വതന്ത്രഭാരതത്തിൻെറ നേതാക്കന്മാരെ പരിശീലിപ്പിച്ചെടുക്കുവാൻ ഈ പദ്ധതി പര്യാപ്തമല്ലതന്നെ. സ്കൂളുകളിൽ സന്മാർഗ്ഗശിക്ഷണവും മതബോധനവും ശരിക്കു നൽകാനും തദധികൃതർ പ്രത്യേകം ശ്രദ്ധിക്കണം. മതപാനത്തെപ്പററി ഒരു കത്തോലിക്കാസ്കൂളിലെ പ്രഥമാദ്ധ്യാപകനോടു സംസാരിച്ചപ്പോൾ അദ്ദേഹം പറയുകയാണു്, മതവും മററും പഠിപ്പിക്കാൻ ഞായറാഴ്ച മതിയെന്നു്. വേറെ വാക്കുകളിൽ പറഞ്ഞാൽ, ഞായറാഴ്ചമാത്രം മതാനുയായി ആയിരുന്നാൽ മതിയെന്നു്; സ്കൂളിൽ മതത്തിനു് കാര്യമില്ലെന്നു്; ഭാവിലോകവിധാതാക്കൾക്കു് ആത്മാവു് ആവശ്യമില്ലെന്നു്!!!




പ്രസിദ്ധീകരണപ്രേഷിതത്വത്തെ തച്ചുടയ്ക്കുന്നതിനുള്ള അശ്ലീലസാഹിത്യരാക്ഷസൻെറ ഗദപ്രയോഗം

കുട്ടികളുടെ ശിക്ഷണത്തിൽ വീടും വിദ്യാലയവും യോജിച്ചും ചിലതു പ്രവർത്തിക്കേണ്ടതുണ്ടു്. മാതാപിതാക്കന്മാർ അന്വേഷിക്കണം, തങ്ങളുടെ കുട്ടികൾ ഏതേതു സാഹചര്യങ്ങളിലാണു വ്യാപരിക്കുന്നതെന്നു്. സ്കൂളിൽ കുട്ടികൾക്കു ലഭിക്കുന്ന ശിക്ഷണത്തെപ്പററിയും അവർ ആരാഞ്ഞറിയേണ്ടിയിരിക്കുന്നു. ഇന്നലത്തെ രക്ഷാകർത്താക്കൾ മതബോധനവും സന്മാർഗ്ഗശിക്ഷണവും നൽകു

# ഒരു ആത്മാവിന്റെ വില

## മറിയാ എർസ്ബർജറുടെ പരിഹാരബലി

[എം. ഒ. ജോസഫ്, നെ,കുന്നം]

പ്രതിഫലത്തിനുവേണ്ടി—സാമ്പത്തികമോ പ്രശസ്തിപരമോ ആയ ആദായത്തെ മോഹിച്ച്—ത്യാഗങ്ങൾ അനുഷ്ഠിക്കുന്നവർ ധാരാളമുണ്ട്. ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും വേണ്ടി, പ്രതിഫലം മോഹിക്കാതെതന്നെ. ത്യാഗങ്ങൾ സഹിക്കുവാൻ സന്നദ്ധരായിട്ടുള്ളവരും ചുരുക്കമല്ല. എന്നാൽ യാതൊരു ബന്ധമോ പരിചയമോ ഇല്ലാത്തവർക്കുവേണ്ടി, യാതൊരു പ്രതിഫലേച്ഛയും ചിന്തയും കൂടാതെ, ത്യാഗങ്ങളനുഷ്ഠിക്കുവാൻ സന്നദ്ധരാകുന്നവർ കേവലം അംഗുലീപരിമിതരാകുന്നു. ഈ മൂന്നാമത്തെ ഗണത്തിൽപെട്ട ഒരു ബാലികയുടെ ചരിത്രമാണ് താഴെ പറയുന്നതു്.

1919-ലെ വേഴ്സെയിൽസ് സന്ധിക്കു ഒപ്പുവച്ച ജർമ്മൻ രാജ്യതന്ത്രജ്ഞന്മാരിൽ പ്രമുഖനത്രേ മത്ത്യാസ് എർസ്ബെർജർ. അദ്ദേഹത്തിന്റെ രണ്ടു പുത്രിമാരിൽ മൂത്തവളായിരുന്നു മറിയ. 1901ലാണ് അവൾ ഭൂജാതയായതു്. അഗാധ മതഭക്തനും മാതൃകാകത്തോലിക്കനുമായിരുന്ന അവളുടെ പിതാവു വത്തിക്കാൻ കേന്ദ്രങ്ങളിൽ ബഹുമാനിതനും സ്വാധീനശക്തിയുള്ളവനുമായിരുന്നു. ഉന്നതതരനും, ബഹുജനപൂജിതനുമായ ഒരു രാജ്യതന്ത്രജ്ഞന്റെ മകളെന്നനിലയിൽ സർവ്വവിധ സുഖസൗകര്യങ്ങളോടും ആഡംബരപ്രൗഢിയോടും കൂടിയാണു മറിയ വളർന്നുവന്നതു്.

അങ്ങനെയിരിക്കെ നിർഭാഗ്യകരമായ ഒരു സംഭവം ഉണ്ടായി. പതിനഞ്ചാം ബനദിക്തോസു് മാർപ്പാപ്പാതിരുമനസ്സിലെ പരിവാരങ്ങളിൽ ഒരാളായ മോൺ. ഹെൽമത്തു് വോൺ ഗെർലാക്കു് എന്ന വൈദികൻ തലതിരിഞ്ഞു് കത്തോലിക്കസഭ വിട്ടുപോകുകയും, അനന്തരം സമ്പന്നയായ ഒരു ഡച്ചു പ്രോട്ടസ്റ്റന്റു വനിതയെ വിവാഹം കഴിക്കുകയും ചെയ്തു. മോൺ. ഗർലാക്കു്, മത്ത്യാസ് എർസ്ബെർജരുടെ ഒരു സുഹൃത്തും പലപ്പോഴും അദ്ദേഹത്തിന്റെ ഭവനത്തിൽ വന്നു സൽക്കാരം സ്വീകരിച്ചിട്ടുള്ളയാളുമായിരുന്നു. ഈ വൈദികന്റെ മതത്യാഗവാർത്ത കേട്ടക്ഷണം മറിയ ചെയ്തതെന്താണെന്നോ? അവൾ മുട്ടിന്മേൽ വീണു പ്രാർത്ഥനാനിരതയായി.

മതത്യാഗത്തെപ്പററി അവൾ ആദ്യമായിട്ടു കേൾക്കുകയായിരുന്നു. ഗുരുതരമായ പരിഹാരം അർഹിക്കുന്ന കർശനമായ ഒരു ദൈവദ്രോഹമാണു നടന്നിരിക്കുന്നതു്. ആത്മാവുകളുടെ രക്ഷയ്ക്കു പരിഹാരപ്രവൃത്തികൾ എത്രമാത്രം അത്യന്താപേക്ഷിതമായിരിക്കുന്നുവെന്നു അവൾക്കു മനസ്സിലായി. മോൺ. ഗർലാക്കിന്റെ പാപത്തിനു തന്നെത്തന്നെ ഒരു പരിഹാരബലിയായി സമർപ്പിക്കുന്നതാണെന്നു ആ ബാലിക ദൃഢനിശ്ചയം ചെയ്തു.

അധികം കഴിയുന്നതിനു മുൻപു് അവളുടെ ആരോഗ്യനില താറുമാറായി. ഉൽകണ്ഠാഭരിതരായ അവളുടെ മാതാപിതാക്കന്മാർ 1917-ലെ ശരൽക്കാലത്തിൽ അവളെ ബവേറിയായിലെ ഒരു കന്യകാമഠത്തിൽ, വിശ്രമാർത്ഥം കൊണ്ടുചെന്നാക്കി. അധികം കഴിയുന്നതിനുമുൻപു് മ്യൂനിച്ചിലെ പേപ്പൽ നൺഷിയോ ആയി ചാർജെടുത്ത ആർച്ചുബിഷപ്പു് എവുജേനിയോ പച്ചെല്ലിക്കു് മറിയയെ പിതാവു പരിചയപ്പെടുത്തിക്കൊടുത്തു. അവൾ താമസിക്കുന്ന കന്യകാമഠത്തിൽ വന്നു ഒരു പൊന്തിഫിക്കൽ കർബാന ചൊല്ലാമെന്നു നൺഷിയോ അവളോടു വാഗ്ദാനം ചെയ്തു.

മറിയയുടെ ആനന്ദത്തിനു് അതിരില്ലായിരുന്നു. എന്നാൽ വാഗ്ദാനം നിറവേറുന്നതിനായി ആർച്ചുബിഷപ്പു് പച്ചെല്ലി കന്യകാമഠത്തിൽ എത്തിയപ്പോൾ മറിയ ന്യൂമോണിയാ പിടിപെട്ടു കിടപ്പിലായിരുന്നു. വളരെ സാവധാനത്തിലാണു അവൾ സുഖം പ്രാപിച്ചതു്. 1918ലെ ഗ്രീഷ്മകാലത്തിന്റെ അവസാനത്തോടുകൂടി അവൾ ബർലിനിലുള്ള സ്വഭവനത്തിൽ തിരിച്ചെത്തി. ആ ഒക്ടോബർ മാസത്തിൽ അവളുടെ ഏകസഹോദരൻ ഇൻഫ്ളുവൻസാ പിടിപെട്ടു മരിച്ചു. അധികം കഴിയുന്നതിനുമുൻപു് അവളുടെ ആരോഗ്യം വീണ്ടും മോശമായി. മരണത്തിനു് അവൾ സ്വയം ഒരുങ്ങി.

സ്വിററ്സർലണ്ടിൽ കുറേ വിശ്രമമെടുക്കുന്നപക്ഷം രോഗവിമുക്തി നേടിയേക്കാമെന്നു ഡോക്ടർമാർ അഭിപ്രായപ്പെട്ടു. മാതാവിനോടും സഹോദരി ഗബ്രിയേലിനോടുംകൂടി അവൾ സ്വിററ്സർലൻഡിൽ സെൻറു മൗരീററ്സിൽ ചെന്നു താമസിച്ചു. എട്ടു മാസത്തെ വിശ്രമംകൊണ്ടു അവൾക്കു ആരോഗ്യം പൂർണ്ണമായി തിരിച്ചുകിട്ടി. അവിടത്തെ വിശ്രമവിനോദങ്ങളിൽ പലതിലും അവൾ പങ്കെടുത്തു. സെൻറു മൗരീററ്സിലെ ഈ താമസക്കാലത്തു വി. ശുദ്ധ കൊച്ചുത്രേസ്യായുടെ സ്വയംകൃത ജീവചരിത്രം വായിക്കുവാനുള്ള അവസരം അവൾക്കു ലഭിച്ചു അതോടുകൂടി കർമ്മലമഠത്തിൽ ചേരുവാനുള്ള ഒരു തീരുമാനത്തിൽ അവൾ എത്തിച്ചേർന്നു.


1921 ഏപ്രിൽ മാസത്തിൽ മത്ത്യാസ് എർസ്ബെർജർ ഭാര്യാപുത്രിമാരോടുകൂടി ഒരു ഡച്ചു നഗരമായ ചായ്ത്തിലേക്കു പോയി. അവിടെ ജർമ്മൻകാരാൽ സ്ഥാപിതമായിട്ടുള്ള ഒരു കർമ്മല മഠത്തിൽ മറിയ ഒരു പോസ്റ്റുലന്റായി ചേർന്നു. അവളുടെ പ്രഥമദിവ്യകാരുണ്യസ്വീകരണത്തിന്റെ വാർഷികദിനമായ ഏപ്രിൽ 14-ാംനു- ആ ആശ്രമമതിൽക്കെട്ടിനുള്ളിലേക്കു് അവൾ പ്രവേശിച്ചു. ആശ്രമത്തിന്റെ വാതിലുകൾ അടയ്ക്കപ്പെട്ടപ്പോൾ പുത്രീവത്സലനായ ആ പിതാവിന്റെ ഗണ്ഡങ്ങളിൽക്കൂടി അശ്രുക്കൾ ഒഴുകിക്കൊണ്ടിരുന്നു. എന്നാൽ മറിയ കരഞ്ഞില്ല. സങ്കടത്തിന്റെ യാതൊരു ലാഞ്ഛനപോലും അവളുടെ മുഖത്തു ദൃശ്യമായിരുന്നില്ല. പരിപൂർണ്ണസമ്മതത്തോടും സന്തോഷത്തോടുംകൂടെ തന്നെത്തന്നെ പരിഹാരബലിയായി സമർപ്പിക്കുവാനാണു് അവൾ ആഗ്രഹിച്ചതു്. സർവ്വവിധ സൗഭാഗ്യങ്ങളോടുംകൂടി ജീവിക്കാമായിരുന്ന ഒരു യുവതി തന്നെത്തന്നെ കഷ്ടതകൾക്കും ദുരിതങ്ങൾക്കും സമർപ്പിക്കുക; രോഗങ്ങളും ക്ലേശങ്ങളും ക്ഷമാപൂർവ്വം സഹിക്കുക; അതിൽ ആനന്ദം കണ്ടെത്തുക; ലൗകായതികമായ ഒരു തലമുറയ്ക്കു മനസ്സിലാക്കുവാൻ വിഷമമുള്ള കാര്യങ്ങളാണിവ; പക്ഷെ ഈ തലമുറയിൽതന്നെ, നമ്മുടെ കൺമുൻപിൽവെച്ചുതന്നെ, സംഭവിച്ചവയുമാണിവ.

മറിയയുടെ പരിഹാരബലി ഇടതടവില്ലാതെ അങ്ങനെ നിർവ്വഹിക്കപ്പെട്ടുവെന്നു തെററിദ്ധരിക്കരുതു്. പല പ്രതിബന്ധങ്ങളെയും അവൾക്കു തരണം ചെയ്യേണ്ടതുണ്ടായിരുന്നു. മഠത്തിൽ അഭിമുഖീകരിക്കേണ്ടിവന്ന ജീവിതരീതിതന്നെ ഒരുദാഹരണം. 17-ാം ശതകത്തിൽ കർമ്മലമഠത്തിൽ പ്രവേശിച്ച ഒരു യുവതിക്കു മഠത്തിനുള്ളിൽ അനുഭവപ്പെട്ട ജീവിതരീതി പുറത്തുണ്ടായിരുന്നതിൽ നിന്നു വളരെയധികം ഭിന്നമോ ക്ലേശകരമോ ആയിരുന്നില്ല. എന്നാൽ 20-ാംശതകത്തിലെ ഒരു യുവതിയുടെ സ്ഥിതി അങ്ങനെയല്ല. പുറമേയുള്ള ജീവിതരീതി അത്രയധികം മാറിമറിഞ്ഞു പോയിരിക്കുന്നു. ഉള്ളിലെ വ്യവസ്ഥിതിക്കാകട്ടെ വളരെയധികം മാററമൊന്നും വന്നിട്ടില്ല.

അവൾക്കു് ആദ്യം നേരിട്ട വിഷമം വസ്ത്രത്തിന്റെ കാര്യത്തിലാണു്. ഈറക്കം കുറഞ്ഞ പാവാട ധരിച്ചു ശീലിച്ചിരുന്ന അവൾക്കു കണങ്കാൽവരെ എത്തുന്ന അങ്കി ധരിക്കുക വിഷമകരമായിതോന്നി. ആ വസ്ത്രം ധരിച്ചുകൊണ്ടു്, തട്ടിത്തടഞ്ഞു വീഴാതെയും ഒച്ച ഉണ്ടാക്കാതെയും നടക്കുവാൻ അവൾക്കു എളുപ്പമായിരുന്നില്ല. വിസ്താരം കുറഞ്ഞ മുറിയും, പഴഞ്ചൻമട്ടിലുള്ള സ്നാനഏർപ്പാടുകളും ശ്വാസംമുട്ടലുണ്ടാക്കുന്നതായി അവൾക്കു തോന്നി. വലിയ കുളിമുറികളിൽ ചൂടുവെള്ളമോ തണുത്തവെള്ളമോ ഇഷ്ടംപോലെ പൈപ്പുകളിൽനിന്നെടുത്തു ഉപയോഗിച്ചു ശീലിച്ചിരുന്ന അവൾക്കു ഒരു ചെറിയ തൊട്ടിയിൽ അല്പം വെള്ളം അരോചകമായിട്ടാണു തോന്നിയതു്.

ക്ലേശമെന്തെന്നു് അറിയാതിരുന്ന അവളുടെ കൈകൾ വീട്ടു

For favours received



Mrs. Mary Sebastian
Trichur

ജോലികൾ ചെയ്തു കുമളയ്ക്കുകയും വേദനിക്കുകയും ചെയ്തു. നൊവീസ് മിസ്ട്രസിനോടു അരക്കൈ നോക്കിയാലെന്തെന്നുള്ള ചിന്ത തന്നെ ചിലപ്പോൾ ഉദിക്കാതിരുന്നിട്ടില്ല. മഠത്തിൽ പ്രവേശിച്ചു് 4 മാസം കഴിഞ്ഞപ്പോൾ ആഗസ്റ്റു് 26-ാംനു- വാത്സല്യപിതാവു് രാഷ്ട്രീയശത്രുക്കളാൽ ഗൂഢമായി വധിക്കപ്പെട്ട വിവരം അവളുടെ കാതുകളിലെത്തി. ഇതു് അവളെ എത്രമാത്രം വേദനിപ്പിച്ചുവെന്നു പറയേണ്ടതില്ലല്ലോ. നിരാധാരയായ മാതാവിന്റെയും 7 വയസ്സുമാത്രം പ്രായമുള്ള കുഞ്ഞനുജത്തിയുടെയും കാര്യം എരിതീയിൽ എണ്ണപോലെ അവളുടെ ദുഃഖത്തെ വർദ്ധിപ്പിച്ചു.

പിതാവിന്റെ മരണാനന്തരം ആറു ആഴ്ച കഴിഞ്ഞപ്പോൾ മറിയയുടെ സഭാവസ്ത്രധാരണം നടന്നു. അമ്മയും അനുജത്തിയും ആ ചടങ്ങിൽ സംബന്ധിച്ചിരുന്നു. ചുരുങ്ങിയ മണിക്കൂർ നേരത്തേക്കു് ഒരിക്കൽക്കൂടി ആ മഠത്തിന്റെ കവാടങ്ങൾ തുറക്കപ്പെട്ടു. ദുഃഖവിവശയായ മറിയ പൊട്ടിക്കരഞ്ഞുകൊണ്ടു് അമ്മയുടെ കരതലങ്ങളിൽ പതിച്ചു. ഈ ആറുമാസക്കാലം അവൾ അനുഭവിച്ച സങ്കടങ്ങളും വേദനകളും എത്ര ഭയങ്കരമായിരുന്നുവെന്നു് ആ അമ്മയ്ക്കു മനസ്സിലായി. തന്റെ ഓമനമകളുടെ ഈ സ്ഥിതി ആ അമ്മയിൽ എന്തു വികാരങ്ങളാണു് ഉളവാക്കിയതെന്നു നമുക്കറിഞ്ഞുകൂടാ. ഏതായാലും അതു സങ്കടകരമായ ഒരു സമ്മേളനമായിരുന്നു.

സഭാവസ്ത്രധാരണചടങ്ങുകൾ അവസാനിച്ചപ്പോൾ അമ്മയും അനുജത്തിയും തിരിച്ചുപോയി. താൻ ഒരു ഏകാന്തമായ ഗുഹയിൽ അകപ്പെട്ടിരിക്കുന്ന പ്രതീതിയാണു് അവൾക്കുണ്ടായതു്. സഭാവസ്ത്രധാരണവേളയിൽ തന്നെ അനുമോദിച്ചുകൊണ്ടു പതിനഞ്ചാം ബനദിക്തോസ് മാർപ്പാപ്പാ ഒരു കമ്പിസന്ദേശം അയച്ചിരുന്നു. അവളുടെദുഃഖത്തെ ലഘൂകരിക്കുന്നതിനു അതും പര്യാപ്തമായില്ല. മഠത്തിലെ മററു കന്യാസ്ത്രീകൾ അവളുടെ അമ്മയോ അമ്മൂമ്മയോ ആകുവാൻ പ്രായമുള്ളവരായിരുന്നു. സമവയസ്കരായി ആരുംതന്നെ അവിടെ ഉണ്ടായിരുന്നില്ല.

പ്രായം ചെന്ന ഒരു പെൺകുട്ടിയോടെന്നപോലെയാണു് പിതാവു് അവളോടു ചെറുപ്പംമുതലേ പെരുമാറിയിരുന്നതു്. കത്തോലിക്കസഭയുടെയും യൂറോപ്പിന്റെയും താല്പര്യങ്ങൾ, ഏതൽക്കാലാവശ്യങ്ങൾ മുതലായ ഗഹനവിഷയങ്ങളെപ്പററി പിതാവു അവളുമായി സംഭാഷണം ചെയ്തിരുന്നു. ശ്രദ്ധയും ശുഷ്കാന്തിയുമുള്ള ഒരു തുറന്ന മനസ്സാണു അവൾക്കുണ്ടായിരുന്നതു്. ഈ സംഭാഷണങ്ങൾ അതിനെ വികസിപ്പിക്കുകതന്നെ ചെയ്തു. അങ്ങനെ മാനസികവും ആദ്ധ്യാത്മികവുമായ ഭക്ഷണത്തിനുവേണ്ടി അതു ആർത്തിപൂണ്ടുകൊണ്ടിരുന്നു. എന്നാൽ ഇതു നൽകുന്നതിനുപ്രാപ്തതയുള്ള ഒരൊററ വ്യക്തിപോലും ആ മതിൽക്കെട്ടിനുള്ളിലുണ്ടായിരുന്നില്ല.

ഏകാന്തത അവൾക്കു ദുസ്സഹമായിത്തീർന്നു. വീടിനെപ്പററിയുള്ള ചിന്ത വല്ലാതെ അലട്ടിയിരുന്നു. ദൈവം തന്നെ പരിത്യജിച്ചുവോയെന്നുള്ള ബാലിശമായ വിചാരങ്ങൾപോലും അവളെ പിടികൂടാതിരുന്നിട്ടില്ല. കണങ്കാൽവരെയെത്തുന്ന അങ്കിയും ധരിച്ചുള്ള നടപ്പിൽ പല അപകടങ്ങളിലും അവൾ ചെന്നു ചാടി. ഊട്ടുമുറിയിൽ ഒരുടക്കുപാത്രം അവളുടെ കൈയിൽനിന്നു വീണു തകർന്നു. പല അവസരങ്ങളിലും നൊവീസ്മിസ്ട്രസിന്റെ താക്കീതുകൾക്കും പരാതികൾക്കും അവൾ പാത്രമാകേണ്ടിവന്നു.

1925 ഒക്ടോബറിൽ അവളുടെ നിത്യവ്രതവാഗ്ദാനം നടന്നു. അന്നു് അവൾക്കു 24 വയസ്സു പ്രായമായിരുന്നു. "ഇരുപതാം നൂററാണ്ടിന്റെ ഏകപ്രതിനിധി"യെന്നു് ആ മഠത്തിൽ സിസ്റ്റർ ജെർട്രൂഡിനു് അഭിമാനിക്കാമായിരുന്നു. അവൾക്കനുഭവപ്പെട്ട ഏകാന്തതയിൽ ഇതരകന്യാസ്ത്രീകളോടു ഒരു വിദ്വേഷബുദ്ധിപോലും ചിലപ്പോൾ അവൾക്കുണ്ടാകാതിരുന്നില്ല.

ഇങ്ങനെയൊക്കെയാണെങ്കിലും, ആന്തരികമായ ക്ഷോഭത്തെ കഠിനമായ പ്രയത്നംമൂലം പരാജയപ്പെടുത്തുവാൻ അവൾക്കു സാധിച്ചിരുന്നു. രോഗീപരിചരണമായിരുന്നു അവൾക്കു ലഭിച്ച

---

വാൻ വിദ്യാലയാധികൃതരെ പ്രേരിപ്പിച്ചിരുന്നു. എന്നാൽ ഇന്നുള്ളവരോ വേദോപദേശത്തിൽനിന്നു് തങ്ങളുടെ മക്കളെ ഒഴിവാക്കുവാൻ തത്രപ്പെടുന്നു. ഇതു് എത്ര കഷ്ടതരമായ ഒരു അവസ്ഥാന്തരമാണു്! ഈ അവസ്ഥാന്തരത്തിൽ പെടുവാൻ നാം സ്വയം അനുവദിക്കരുതു്. കാരണം വീടും വിദ്യാലയവും, രക്ഷാകർത്താവും അദ്ധ്യാപകനും ഒരുമിച്ചു പ്രവർത്തിച്ചെങ്കിൽ മാത്രമേ കുട്ടികളുടെ വിദ്യാഭ്യാസകാര്യം ഭദ്രമാകുകയുള്ളു. വീട്ടിൽ അടിസ്ഥാനമിടുന്ന സ്വഭാവസൗധം പള്ളിക്കൂടത്തിൽ പണിതുയർത്തണം. വീട്ടിൽവച്ചു് സ്ഥാപിതമായ അടിസ്ഥാനം പള്ളിക്കൂടത്തിൽ പൊളിക്കാതേയും, വിദ്യാലയത്തിൽ പണിതുയർത്തുന്നതു് ഭവനത്തിൽ വിഘാതപ്പെടുത്താതേയും, രക്ഷാകർത്താവും അദ്ധ്യാപകനും പരസ്പരസഹവർത്തിത്വം പുലർത്തിക്കൊണ്ടു്, തോളോടുതോൾചേർന്നു പ്രവർത്തിച്ചാൽ ഇന്നു കാണുന്ന കെടുതികൾ തീർന്നു പോകും.



ജോലി. വളരെയധികം വൃദ്ധകന്യാസ്ത്രീകളുണ്ടായിരുന്ന ആ മഠത്തിൽ നേഴ്സിങ്ങിനു ധാരാളം വകയുണ്ടായിരുന്നു. മററുള്ളവരെ സേവിച്ചുകൊണ്ട് അവൾ തന്നെത്തന്നെ മറന്നു.

1929 ആഗസ്റ്റിൽ അവൾക്കു ഗുരുതരമായ ഒരു രോഗം പിടിപെട്ടു. രോഗം എന്തെന്നു കണ്ടുപിടിക്കുവാൻ ഡോക്ടർമാർക്കു സാധിച്ചില്ല. രോഗം എന്തെന്നു കണ്ടുപിടിക്കുവാനായി ഒരു ആശുപത്രിയിൽ ചെന്നു പല മാസങ്ങൾ താമസിക്കേണ്ടിവന്നു. രോഗംമൂലം ക്ഷീണിച്ച ശരീരത്തോടുകൂടിയാണു അവൾ മടങ്ങിയെത്തിയതു്. സ്വതേ ഉല്ലാസചിത്തയായിരുന്ന അവളിൽ നിന്നു സകല സന്തോഷഭാവങ്ങളും മങ്ങിമറഞ്ഞു.

ഈ ആദ്ധ്യാത്മികപ്രലോഭനങ്ങൾ മൂന്നുകൊല്ലത്തേക്കു നീണ്ടുനിന്നു. ദുസ്സഹവും ദാരുണവുമായിരുന്നു ആ ഘട്ടം. പക്ഷെ അതിൽനിന്നുവിജയിനിയായി അവൾ പുറത്തു വന്നു. പ്രശാന്തയും, പ്രസന്നയും പ്രഗത്ഭയുമായി അവൾ കാണപ്പെട്ടു. മുൻപു അവളെപ്പററി പരാതിക്കാരായിരുന്ന പ്രായം ചെന്ന കന്യാസ്ത്രീകൾ ഇന്നു് അവളിൽ അഭിമാനം പൂണ്ടു. എല്ലാവരും മാതൃകയ്ക്കായി അവളിലേക്കു ദൃഷ്ടികളയത്തി. അവളിൽ വലിയ പ്രത്യാശകൾതന്നെ അവർ നിക്ഷേപിച്ചു.

അവളെ നോവീസ് മിസ്ട്രസാക്കുവാൻ അധികാരികൾ തീരുമാനിച്ചു. പക്ഷെ പെട്ടെന്നു, 1937 ആഗസ്റ്റു മാസത്തിൽ അവൾ രോഗഗ്രസ്തയായി. പനിയും രക്തംഛർദ്ദിയും. അവളുടെ നില ദിനേദിനേ മോശമായി വന്നു. മരണം അനിവാര്യമെന്നു ഡോക്ടർമാർ വിധിച്ചു. ആശുപത്രിയിൽ നിന്നു തന്നെ മഠത്തിലേക്കു കൊണ്ടുപോകണമെന്നു അവൾ അപേക്ഷിച്ചു. മഠത്തിൽ കൊണ്ടുവന്ന പ്പോഴേക്കും അവൾ മരിച്ചിരുന്നു. 1937 സെപ്ററംബർ 17-ാംനു-യാണു അവൾ ഈ ലോകവാസം വെടിഞ്ഞതു്.

* * *

വികാരതരളിതയും, ബുദ്ധിമതിയുമായ ഒരു യുവതിയായിരുന്നു അവൾ. സുഖാനന്ദങ്ങളെ അവൾ വെറുത്തിരുന്നില്ല. ആരുടേയും നിർബന്ധംകൊണ്ടല്ലാ അവൾ മഠത്തിൽ പോയതു്. ചെന്നശേഷവും വേണമെങ്കിൽ അവൾക്കു തിരിച്ചു പോരാമായിരുന്നു. ലൗകികദൃഷ്ട്യാ അല്പംപോലും ആനന്ദകരമായ ഒരു ജീവിതമായിരുന്നില്ലാ മഠത്തിനുള്ളിൽ അവൾക്കുണ്ടായിരുന്നതു്. പിന്നെ എന്തിനാണു് അവൾ മഠത്തിൽ പോയതും അവിടെ താമസിച്ചു ദുഃഖദുരിതങ്ങൾ അനുഭവിച്ചതും?

അവൾ തന്റെ ജീവിതം ഒരു പരിഹാരബലിയായി സമർപ്പിക്കുകയായിരുന്നുവെന്ന വസ്തുത അവൾക്കും ദൈവത്തിനുമല്ലാതെ അവൾ മരിക്കുന്നതുവരെ ആർക്കും—അവളുടെ മാതാപിതാക്കന്മാർക്കോ മഠത്തിലെ ഇതര കന്യാസ്ത്രീകൾക്കോ— അറിയാമായിരുന്നില്ല. ദൈവം അവളുടെ ബലി സ്വീകരിച്ചു. അവൾ മരിച്ചു 9 കൊല്ലം കഴിഞ്ഞപ്പോൾ മതത്യാഗിയായ ഹെൽമത്തു-വോൺ ഗെർലാക്ക— അപ്പോൾ ഇംഗ്ലണ്ടിലായിരുന്നു— കത്തോലിക്കാ സഭയിലേക്കു തിരിച്ചുവന്നു തന്റെ മഹാപാപങ്ങളെക്കുറിച്ചു് അദ്ദേഹം പശ്ചാത്തപിക്കുകയും, ദൈവത്തോടും സഭയോടും മാപ്പപേക്ഷിച്ചു രമ്യതയിലാകുകയും ചെയ്തു.

—o—

# വി. കൊച്ചുത്രേസ്യയും ശുദ്ധീകരണസ്ഥലവും

(By a Rev. Sister)

അനന്തനന്മയായ ദൈവം എല്ലാവർക്കും അവിടുത്തെ അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നുണ്ടെങ്കിലും എല്ലാവർക്കും ഒരേ അളവിലല്ല അവ നൽകുന്നതു്. വി. കൊച്ചുത്രേസ്യാ ഇതിനുള്ള ന്യായം വ്യക്തമാക്കുന്നുണ്ടു്. "ദൈവം എന്തുകൊണ്ടു പക്ഷപാതം കാണിക്കുന്നു എന്നും, എന്തുകൊണ്ടു് എല്ലാവർക്കും ഒരുപോലെ അനുഗ്രഹങ്ങൾ നൽകുന്നില്ലായെന്നും ഞാൻ പലപ്പോഴും ആലോചിക്കാറുണ്ടു്......ഈ പരമരഹസ്യത്തിന്റെ തത്വം ഗ്രഹിപ്പിക്കുവാൻ അവിടുന്നു പ്രകൃതിയാകുന്ന പുസ്തകം എനിക്കു കാണിച്ചുതന്നു. അവിടുന്നു സൃഷ്ടിച്ചിട്ടുള്ള എല്ലാ പുഷ്പങ്ങളും അഴകുള്ളവയാണെന്നും, റോസപുഷ്പത്തിന്റെ കാന്തിയും ലില്ലിപുഷ്പത്തിന്റെ ശുഭ്രവർണ്ണവും വയലററുപുഷ്പത്തിന്റെ സൗരഭ്യത്തേയോ ഡെയിസിപ്പൂവിന്റെ വൈമല്യത്തേയോ കുറയ്ക്കുന്നില്ലെന്നും എനിക്കു മനസ്സിലായി. എല്ലാ താണതരം പുഷ്പങ്ങളും റോസപ്പൂക്കളായി പരിണമിച്ചാൽ പ്രകൃതിക്കു അതിന്റെ വസന്തകാലഭംഗി നഷ്ടപ്പെട്ടുപോകുമെന്നും വയലുകൾ ഇപ്പോഴത്തേതുപോലെ നാനാവർണ്ണങ്ങൾകൊണ്ടു മോടിപിടിക്കയില്ലെന്നും ഞാൻ ധരിച്ചു." "ആത്മാക്കൾ എത്രയധികം സന്തോഷത്തോടെ ദൈവേഷ്ടം നിറവേററുന്നുവോ അത്രത്തോളം അവർ പുണ്യപൂർണ്ണത പ്രാപിക്കുന്നു" എന്നുകൂടി വിശുദ്ധ തുടർന്നു പറയുന്നു.

മാത്രമല്ല "ഉൽകൃഷ്ടദൈവവരങ്ങൾ ലഭിച്ചിട്ടുള്ള ആത്മാവിലെന്നപോലെതന്നെ ദൈവാനുഗ്രഹങ്ങൾക്കു വിപരീതമായി പ്രവർത്തിക്കാത്ത ഒരു എളിയ ആത്മാവിലും ദൈവത്തിന്റെ സ്നേഹം പ്രത്യക്ഷമായി കാണുന്നുണ്ടെ"ന്നും വിശുദ്ധ ഗ്രഹിച്ചു. ഇതുപോലെതന്നെ, തിരുസഭയെ പ്രകാശിപ്പിക്കുന്ന വിശുദ്ധനായ വേദപാരംഗതനിലും, ക്ഷീണസ്വരത്തിൽ കരയുവാൻ മാത്രം കഴിയുന്ന ശിശുവിലും, മാർഗ്ഗദർശനത്തിനു സ്വാഭാവികനിയമമല്ലാതെ മററു യാതൊന്നുമില്ലാത്ത സാധുക്കളായ കിരാതരിലും ദൈവം തന്റെ അനുഗ്രഹം ധാരാളമായി വർഷിക്കുന്നു. കാരണം ഇവരെല്ലാം അവിടുത്തെ തിരുമനസ്സു നിറവേററുകമാത്രമാണു ചെയ്യുന്നതു്.

ദൈവം അനന്തനന്മയും സ്നേഹവുമാകയാൽ, അവിടുത്തേക്കു് അനന്തമായ ഒരു സ്നേഹത്താൽ മാത്രമേ സ്നേഹിക്കുവാൻ സാധിക്കുകയുള്ളു. അവിടുന്നു അവിടുത്തെ തെരഞ്ഞെടുക്കപ്പെട്ടവരെയെല്ലാം ഒരുപോലെ സ്നേഹിക്കുന്നു. അപ്പോൾ അവിടുത്തേക്കു് പരിശുദ്ധ അമ്മയോടുണ്ടായിരുന്ന സ്നേഹംതന്നെയാണു് നമ്മോടുമുള്ളതെന്നു സിദ്ധിക്കുന്നു. ഈ സത്യമാണു് നമ്മുടെവിശ്വാസത്തിലെ സമാശ്വാസകരമായ ഒരടിസ്ഥാനസത്യം. തന്മൂലം നമ്മുടെ വിശ്വാസത്തിന്റെ മാനദണ്ഡം ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിലുള്ള ബോദ്ധ്യമാണെന്നു സിദ്ധിക്കുന്നു. നമ്മുടെ ഹൃദയാഗാധത്തിൽ രൂഢമൂലമായിരിക്കുന്ന ഈ വിശ്വാസമാണു്—അവിടുത്തെ സ്നേഹത്തിലുള്ള ആശ്രയബോധമാണു്—വിധിദിവസസംഭവങ്ങളെപ്പററിയുള്ള നമ്മുടെ മനോധൈര്യത്തിനു നിദാനം.

വിശുദ്ധ ഗ്രന്ഥത്തിലെ ഈ ആശയം വി. കൊച്ചുത്രേസ്യാ തന്റെ ആദ്ധ്യാത്മികശിശുത്വം വഴി കൂടുതൽ വ്യക്തമാക്കിക്കാണിക്കുന്നു. പരിപൂർണ്ണതാപ്രാപ്തിക്കുള്ള നമ്മുടെ ദൈവവിളി ഏതുതന്നെ ആയിരുന്നാലും, നാം ശുദ്ധീകരാഗ്നിയിൽ പീഡിപ്പിക്കപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ഒരു വത്സലതാതന്റെ പക്കലെന്നതുപോലെ അവിടുത്തെപക്കൽ അനുതാപത്തോടെ അണയുകയും, ആ കരങ്ങളിൽ ഉറങ്ങി വിശ്രമിച്ചശേഷം സ്വർഗ്ഗീയസൗഭാഗ്യത്തെ ദർശിച്ചു് അവിടുത്തെ കരുണനിറഞ്ഞ സ്നേഹാലിംഗനത്തിനു സ്വയം സമർപ്പിക്കുകയും ചെയ്യുന്ന ഒരു ശിശുവിനു തുല്യം നാമും ഈ ലോകത്തെ വിട്ടുപിരിയുവാൻ അവിടുന്നാഗ്രഹിക്കുന്നു. ധൂർത്തപുത്രന്റെ ഉപമ ഇതിന്റെ ഒരു വിശദീകരണമല്ലാതെ മറെറന്താണു്? ഇതേപ്പററി വിശുദ്ധ കൊച്ചുത്രേസ്യാ പ്രസ്താവിക്കുന്നതിപ്രകാരമാണു്. നാം ദൈവത്തെ വളരെയധികം ഭയപ്പെടുന്നു എന്നുള്ളതാണു് അവിടുത്തെ ഏററവുമധികം ദുഃഖിപ്പിക്കുന്നതു്. ശുദ്ധീകരണസ്ഥലത്തിലെ പീഡകളേപ്പററി നാം ഭയപ്പെടുകയല്ല, പ്രത്യുത ഇത്ര കഠിനമായ ശിക്ഷ നൽകേണ്ടിവരുന്ന ദൈവത്തെ പ്രീതിപ്പെടുത്തുവാൻ ശ്രമിക്കുകയാണു ചെയ്യേണ്ടതു്. "എല്ലാററിലും അവിടുത്തെ പ്രീതിപ്പെടുത്തണമെന്നുള്ള ആഗ്രഹവും അനുനിമിഷം അവിടുത്തെ സ്നേഹം നമ്മെ വിശുദ്ധീകരിക്കുന്നുവെന്നുള്ള ദൃഢമായ വിശ്വാസവും നാം ശുദ്ധീകരണാഗ്നിയിൽ നിപതിക്കുകയില്ലെന്നുള്ളതിനു പ്രത്യക്ഷലക്ഷ്യമല്ലയോ?" എന്നു വിശുദ്ധ വീണ്ടും ചോദിക്കുന്നു. ഈ വിശുദ്ധ തന്റെ അന്ത്യനാളുകളിൽ പറയുകയുണ്ടായി, താൻ ശുദ്ധീകരണസ്ഥലത്തിൽ വീഴാതിരിക്കുവാൻവേണ്ടി ഒരു നിസ്സാരകൃത്യംപോലും ചെയ്തിട്ടില്ലെന്നു്. അവൾ ചെയ്തിട്ടുള്ളതെല്ലാം ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും ആത്മാക്കളെ രക്ഷിക്കുന്നതിനും വേണ്ടി മാത്രമായിരുന്നു. കാരണം ശുദ്ധീകരണാഗ്നിയേക്കാൾ ശക്തിമത്താണു സ്നേഹാഗ്നിയെന്നു് വിശുദ്ധ അറിഞ്ഞിരുന്നു. നമ്മുടെ ബലഹീനതകളെ അവഗണിച്ചുകൊണ്ടു്, നാം നേരിട്ടു സ്വർഗ്ഗത്തിലേക്കു പ്രയാണം ചെയ്യമെന്നു് വിശ്വസിക്കുവാൻ അവളാഗ്രഹിക്കുന്നു. കാരണം നമ്മേക്കാളധികമായി ദൈവം അതാഗ്രഹിക്കുന്നുണ്ടു്.

ശുദ്ധീകരണസ്ഥലത്തിൽ നിരന്തരം പീഡിപ്പിക്കപ്പെടുന്ന ആത്മാക്കൾ കൂടുതലായ യോഗ്യത സമ്പാദിക്കുകയോ ദൈവസ്നേഹത്തിൽ അഭിവൃദ്ധിപ്പെടുകയോ ചെയ്യുന്നില്ലെന്നാണു് വേദപാരംഗതന്മാരുടെ അഭിപ്രായം. വി. കൊച്ചുത്രേസ്യയും ഇതു വിശ്വസിക്കുന്നു. അവർ വിധിക്കപ്പെട്ടിരിക്കുന്നു. ജീവിതാന്ത്യത്തിൽ അവർ സ്നേഹത്താൽ വിധിക്കപ്പെട്ടിരിക്കുകയാണു്. അവരനുഭവിക്കുന്ന ക്ലേശങ്ങൾ അവരുടെ പാപങ്ങളുടെ കടം ഇല്ലാതാക്കുന്നു. ഇഹലോകജീവിതത്തിൽ അവർ വേണ്ടവിധത്തിൽ പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുകയോ ദൈവികദർശനത്തിനായി ഒരുങ്ങുകയോ ചെയ്തില്ല. ദൈവികദർശനലബ്ധിക്കു് വിശുദ്ധി അത്യന്താപേക്ഷിതവുമാണു്.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

Excuse for delay

ചുള്ളി വർഗ്ഗീസ് ജോസഫ്, വല്ലം

---

വി കൊച്ചുത്രേസ്യാ അവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. അവൾ ഈ ആത്മാക്കളോടു് ആർദ്രതയുള്ളവളും തന്മൂലം പ്രതിദിനം അവർക്കുവേണ്ടി ഒരു പ്രത്യേക ഭക്തകൃത്യം നിർവ്വഹിക്കുന്നതിൽ ശ്രദ്ധയുള്ളവളുമായിരുന്നു. ഫ്രാൻസിനിക്കുവേണ്ടി ദിവ്യബലി അർപ്പിക്കപ്പെട്ടപ്പോൾ അവൾ പറഞ്ഞു അയാൾക്കു് അതുകൊണ്ടാവശ്യമുണ്ടെന്നു്.

എന്നാൽ ആദ്ധ്യാത്മികശിശുത്വത്തിന്റെ അദ്ധ്യാപികയായ അവൾ വീണ്ടും പറയുന്നതു് ശുദ്ധീകരണസ്ഥലം ദൈവത്തിന്റെ കരുണനിറഞ്ഞ സ്നേഹത്തെ നിരസിച്ചിട്ടുള്ളവർക്കു മാത്രമോ അഥവാ അവിടുത്തെ വിശുദ്ധീകരണശക്തിയെപ്പററി സംശയിച്ചിട്ടുള്ളവർക്കുവേണ്ടിയോ ഉള്ളതാണെന്നാണു്. ദൈവസ്നേഹാഗ്നിയിലെരിയുന്ന ഒരാത്മാവിനെ എപ്രകാരമാണു ഈ ശുദ്ധീകരണാഗ്നിയിലിട്ടു് ദഹിപ്പിക്കുവാൻ കഴിയുക എന്നവൾ ധൈര്യപൂർവ്വം ഉൽഘോഷിക്കുന്നു.

ആദ്ധ്യാത്മികശിശുത്വത്തിന്റെ ഈ മാർഗ്ഗം ഏതാനും വ്യക്തികൾക്കുവേണ്ടി മാററിവച്ചിട്ടുള്ളതൊന്നല്ല. ആഗ്രഹിക്കുന്ന ഏവനും അതു കൈവശപ്പെടുത്താം. വിശുദ്ധയുടെ വാക്കുകൾതന്നെ നമുക്കു ധൈര്യം നൽകുന്നവയാണു്. "ഒരുവൻ തെററിപ്പോകുകയും ദൈവാനുഗ്രഹങ്ങൾക്കു് വിശ്വസ്തതയററവനാകുകയും ചെയ്യാമെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ സർവ്വത്തിൽനിന്നും ഫലമെടുക്കാൻ കഴിയുന്ന സ്നേഹം ഈശോയ്ക്കു നിഷ്ടമാകുന്നവ സമസ്തവും നിമിഷത്തിൽ ദഹിപ്പിച്ചു് എളിമയുടെ ഒരഗാധസമാധാനം ഹൃദയത്തിൽ സ്ഥാപിക്കുന്നു." വിശുദ്ധ വീണ്ടും പറയുന്നു, "ഞാൻ ഗുരുതരമായ പാപത്തിൽനിന്നു രക്ഷിക്കപ്പെട്ടതുകൊണ്ടു മാത്രമല്ല ദൈവത്തിൽ വിശ്വസിക്കുന്ന ......വിചാരിക്കപ്പെടാവുന്ന എല്ലാവിധ കുററവും എന്റെ മനസ്സാക്ഷിയെ മലിനമാക്കിയിരുന്നാൽപോലും എന്റെ വിശ്വാസത്തിനു അല്പമെങ്കിലും ലോപം വരികയില്ല. അവയെല്ലാം അഗ്നികുണ്ഡത്തിലേക്കു വീഴുന്ന ഒരുതുള്ളി വെള്ളംപോലെ ഞാൻ കരുതും."

ഇതു വെറും ഔദ്ധത്യമാണോ? ഒരിക്കലുമല്ല. എന്തുകൊണ്ടെന്നാൽ "പാപം വർദ്ധിച്ചതു് എവിടെയോ അവിടെ കൃപയും വർദ്ധിച്ചു"വെന്നു് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. അതേ, വിനീതവും അനുതാപപൂർണ്ണവുമായ ഒരു ഹൃദയമാണാവശ്യമായിട്ടുള്ളതു്. പശ്ചാത്തപിച്ച ആ നല്ല കള്ളൻ അവന്റെ തെററുകൾ ഗ്രഹിച്ചുകൊണ്ടു് പറഞ്ഞു, "നാം ന്യായമായിട്ടും അർഹിച്ചതുപോലെ ശിക്ഷിക്കപ്പെട്ടിരിക്കുന്നു." ഇതുകേട്ടു് ദിവ്യനാഥൻ അവനോടു പറഞ്ഞു, "നീ ഇന്നു എന്നോടുകൂടി പറുദീസയിലായിരിക്കും" എന്നു്. നാം ഒരു തെററിലകപ്പെട്ടാൽ മാനസികമായ രണ്ടു പ്രവർത്തനങ്ങളാണു് നമ്മിൽ നടക്കേണ്ടതെന്നു വി കൊച്ചുത്രേസ്യാ നമ്മെ പഠിപ്പിക്കുന്നു. ഒന്നാമതായി, നാം നമ്മുടെ നല്ല ദൈവത്തെ ഉപദ്രവിച്ചല്ലോയെന്നതിൽ ദുഃഖിക്കണം. രണ്ടാമതായി, നമ്മുടെ ബലഹീനതയിലുള്ള അവബോധത്തിൽ സന്തോഷിക്കുക. "ഞാൻ എന്റെ ബലഹീനതയിൽ സന്തോഷിക്കുന്നു; എന്റെ അപൂർണ്ണതകളിൽ ആനന്ദിക്കുകയും ചെയ്യുന്നു"വെന്നാണു് വിശുദ്ധ പ്രസ്താവിക്കുന്നതു്. കാരണം നമ്മുടെ ശക്തി ബലഹീനതയെപ്പററിയുള്ള അവബോധത്തിലാണു പൂർണ്ണമാകുന്നതു്. അതിനാൽ നമ്മുടെ യോഗ്യതയോ പുണ്യമോ പരിഗണിക്കാതെ, ദൈവത്തിന്റെ അനന്തമായ കരുണയിൽ നിന്നും അനർഗ്ഗളം പ്രവഹിക്കുന്ന അനുഗ്രഹങ്ങളെപ്പററി ചിന്തിക്കണം. ആ പാവപ്പെട്ട ചുങ്കക്കാരനേയും പാപിനിയായ മഗ്ദലേനയേയും സ്മരിക്കണം.

വിശുദ്ധഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ, വി കൊച്ചുത്രേസ്യ സ്നേഹത്തിൽ നിമഗ്നയായി വിളിച്ചുപറഞ്ഞു. "ഓ! ഈശോ, എല്ലാ ആത്മാക്കളോടും നിന്റെ അവർണ്ണനീയമായ ദയാകാരുണ്യങ്ങളെപ്പററി പറയുവാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ! എന്നേക്കാൾ ബലഹീനമായ ഒരാത്മാവിനെ കണ്ടെത്തുവാൻ സാധിക്കുകയും, അതു നിന്റെ അനന്തകരുണയിലുള്ള പൂർണ്ണവിശ്വാസത്തോടെ സ്വയം പരിത്യജിക്കുകയും ചെയ്യുന്നതായാൽ ആ ആത്മാവിനു ഇതിലേറെ ദാനങ്ങൾ നീ നൽകുമായിരുന്നുവെന്നു് എനിക്കു തോന്നുന്നു" എന്നു.

വിശുദ്ധ ഒരിക്കൽ നവസന്യാസിനികളോടു പറയുകയുണ്ടായി, "ഞാൻ ഈ ചെറിയ വഴിയിൽകൂടി നിങ്ങളെ തെററായി നയിക്കുന്നുവെന്നു് ഭയപ്പെടേണ്ടതില്ലെ"ന്നു്. ഈ വഴി തെററായിട്ടുള്ളതെങ്കിൽ വിശുദ്ധതന്നെ മരണശേഷം തിരിച്ചുവന്നു് മറെറാരു വഴിയിൽകൂടി പ്രയാണംചെയ്യുവാൻ അവരെ സഹായിക്കാമെന്നുകൂടി ധൈര്യപൂർവ്വം പ്രസ്താവിക്കുകയുണ്ടായി.

പരിശുദ്ധ പിതാക്കന്മാരായ ബനഡിക്ട് XV, പീയൂസ് XI, പീയൂസ് XII ഇവരെല്ലാം ഈ നവീനമാർഗ്ഗത്തെ അനുകൂലിക്കുകയും വിശ്വസിക്കുകയും ഈ പുണ്യവതിയെ അനുകരിക്കുവാൻ ആവശ്യപ്പെടുകയുമാണു ചെയ്തിട്ടുള്ളതു്. പരിശുദ്ധ പിതാവു് പന്ത്രണ്ടാംപീയൂസ്, കർദ്ദിനാൾ പച്ചെല്ലിയായിരുന്ന അവസര

ഫോൺ നമ്പ്ര്

കണിയാമ്പുറം ബ്രദേഴ്സ്

വാച്ചുകമ്പനി
ബ്രോഡ്വേ,
എറണാകുളം
501

ടിംബർഡിപ്പോ
70 ഫീററ്,
എറണാകുളം
501 A

ത്തിൽ ലിസ്യൂ സന്ദർശിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞതു്, ഈ വിശുദ്ധയുടെ സ്വയംകൃതചരിതം ലോകത്തിലുള്ള അനേകലക്ഷം ജനങ്ങളുടെ ആഭ്യന്തരജീവിതത്തിനു് ഒരുത്തമസഹായമായിരിക്കുമെന്നാണു്. ഇങ്ങനെ വിശുദ്ധ കൊച്ചുത്രേസ്യ വിശുദ്ധഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന ശിശുത്വത്തെ മററുള്ളവരെ പഠിപ്പിക്കുവാനും പിതാവായ ദൈവത്തെ ഒരു ക്രൂരനായ യജമാനനെന്നതിനേക്കാൾ, വാത്സല്യംനിറഞ്ഞ ഒരു പിതാവെന്ന നിലയിൽ സമീപിക്കുവാനും പഠിപ്പിച്ചു.

ദൈവം നമ്മുടെ പിതാവും ക്രിസ്തു നമ്മുടെ സഹോദരനുമാണു്. തിരുസഭ ഒരു കുടുംബവും അതിന്റെ ജീവനായ പരിശുദ്ധാത്മാവു സ്നേഹവുമാണു്. സർവ്വശക്തൻ തന്നിൽ വലിയ കാര്യങ്ങൾ പ്രവർത്തിച്ചു എന്നു പാടിയ പരിശുദ്ധ കന്യക നമ്മുടെ മാതാവും മദ്ധ്യസ്ഥയും മാതൃകയുമാണു്. മറിയം ഒരു രാജ്ഞി എന്നതിനേക്കാൾ ഒരമ്മയാണു്; നാമാകട്ടെ നിസ്സഹായരായ ശിശുക്കളും. അതിനാൽ ശിശുസഹജമായ നിഷ്കളങ്കതയുംവിശ്വാസവുമാണു് നമുക്കുണ്ടായിരിക്കേണ്ടതു്. ഇങ്ങനെയുള്ളവക്കാണു് സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്തിരിക്കുന്നതും.

ക്രിസ്തുവിന്റെ പീഡാനുഭവം വഴി കൈവന്ന ഫലംതന്നെയാണു് പരിശുദ്ധ കുർബാന ലോകത്തിനു ലബ്ധമാകുന്നതു്. വിശുദ്ധകുർബാന ഒരു ബലിയും അതേസമയം ഒരു കൂദാശയുമാണു്.

ബലിയെന്ന വിധത്തിൽ പരിശുദ്ധകുർബാന പാപത്തിനുള്ള ശിക്ഷയെ കുറയ്ക്കുന്നു. ഇതുവഴി ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ മാംസരക്തങ്ങൾതന്നെയാണു് സമർപ്പിക്കുന്നതു്. ഈ സമർപ്പണത്തിലുള്ള തീക്ഷ്ണതയുടേയും വിശ്വാസസ്നേഹങ്ങളുടെയും തോതനുസരിച്ചു് ഒരുവനു് പാപപ്പൊറുതിയും നിത്യാശ്വാസവും കൈവരുന്നു. ക്രിസ്തുവിന്റെ മാംസരക്തങ്ങൾക്കു് അനന്തമായ വിലയുണ്ടെങ്കിലും അതു സമർപ്പിക്കുന്ന വ്യക്തിയുടെ തീക്ഷ്ണത കൂടുതൽ പരിഗണിക്കപ്പെടുന്നു. അതുകൊണ്ടാണല്ലോ രണ്ടു ചെമ്പുകാശുകൾമാത്രം ഭണ്ഡാഗാരത്തിൽ നിക്ഷേപിച്ച ആ സാധുവിധവയെപ്പററി "ഇവൾ എല്ലാവരെക്കാളധികം നൽകി"യെന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തതു്.

വിശുദ്ധകുർബാന നമ്മുടെ ആത്മീയമായ ഭോജനപാനീയങ്ങളാകയാൽ അതു മറെറല്ലാ കൂദാശകളിലുംവച്ചു് ശ്രേഷ്ഠമാണു്. എല്ലാ കൂദാശകളും നമ്മെ ക്രിസ്തുവിന്റെ മൗതികശരീരത്തോടു്, പ്രസാദവരവും സ്നേഹവുംവഴി ബന്ധിപ്പിക്കുകയും ഈ സ്നേഹം നമ്മുടെ പാപക്കുമ്പാരത്തെ നീക്കിക്കളയുകയും ചെയ്യുന്നു. ഇങ്ങനെ വിശുദ്ധബലി നമ്മുടെ സ്നേഹത്തെ വർദ്ധമാനമാക്കുന്നു; നമ്മുടെ തെററുകൾ മാത്രമല്ല, അവയ്ക്കുള്ള ശിക്ഷകൂടി ഇല്ലാതാക്കുകയും ചെയ്യുന്നു. അതിനാൽ തീക്ഷ്ണതാപൂർവ്വമുള്ള വിശുദ്ധകുർബാനസ്വീകരണം, ശുദ്ധീകരണസ്ഥലത്തിലെ അഗ്നിയെക്കാൾ വിശുദ്ധീകരണശക്തിയുള്ള ദൈവസ്നേഹാഗ്നി നമ്മിൽ ഉൽഭൂതമാക്കുന്നു.

ജ്ഞാനസ്നാനം ഒരുവന്റെ പാപങ്ങളുടെ കടത്തെ നിർമ്മൂലനം ചെയ്യുന്നുവെന്നു് നാമറിയുന്നു. ഇതിനു കാരണം തിരുസ്സഭാഭണ്ഡാഗാരത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന പ്രായശ്ചിത്തപ്രവൃത്തികളുടെ വില ബന്ധവിമോചനംവഴി നാം പ്രാപിക്കുന്നു എന്നതാണു്. തിരുപ്പാഥേയംവഴി നമുക്കു കൈവരുന്ന വിലയേറിയ അനുഗ്രഹത്തെപ്പററിയും നമുക്കറിവുണ്ടു്.

പക്ഷേ, ഇവയെല്ലാം നാം അവഗണിക്കുന്നു എന്നുള്ളതാണു് പരിതാപകരം. അന്ത്യലേപനത്തിന്റെ ഉദ്ദേശംതന്നെ ഒരുവനെ ദൈവികദർശനത്തിനു പ്രാപ്തനാക്കുക എന്നതാണു്. "അന്ത്യലേപനം ഒരുവനെ സ്വർഗ്ഗീയമഹിമ പ്രാപ്തിക്കു തയാറാക്കുന്നു" എന്നാണു് വി. തോമസ് അക്വിനാസ് പറഞ്ഞിട്ടുള്ളതു്.

വി. കൊച്ചുത്രേസ്യക്കു വിശുദ്ധകുർബാനയോടുണ്ടായിരുന്ന ഭക്തി നിസ്സീമമായിരുന്നു. അന്ത്യലേപനം സ്വീകരിക്കുന്നതിനും അവൾ അതിവതാല്പര്യം പ്രദർശിപ്പിച്ചിരുന്നു. വിശ്വാസം ശരണം ഉപവി എന്നീദൈവികപുണ്യങ്ങളുടെ പ്രാധാന്യവും അവൾ നല്ലതുപോലെ ഗ്രഹിച്ചിരുന്നു.

പരിശുദ്ധ കന്യകമറിയത്തിന്റേയും വിശുദ്ധ പത്താംപീയൂസ് മാർപ്പാപ്പായുടേയും സഹായത്താൽ വളരെ അസാധ്യമായ എന്റെ പശുക്കുട്ടിയുടെ സുഖക്കേടു് സുഖമായതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

Mrs. M. S. Kochuvareed, MALA

വിശുദ്ധ പ്രഖ്യാപിക്കുന്നു, പാപക്കുമ്പാരത്തെ മൂടുവാൻ പര്യാപ്തമായ ഉപവിയാണു്. ഏവക്കും നിഷ്പ്രയാസം കൈവശപ്പെടുത്തുവാൻ കഴിയുന്ന ബന്ധവിമോചനം എന്നു്. "ഒരു ദിവസം പ്രഭാതത്തിൽ ഞാൻ മരിച്ചുകിടക്കുന്നുവെന്നുകാണുന്നപക്ഷം നിങ്ങൾ അതേപ്പററി ഖേദിക്കരുതു്. കാരണം എന്റെ വത്സലപിതാവു് എന്നെ കൊണ്ടുപോകുവാൻ വന്നു എന്നതിന്റെ അടയാളം മാത്രമാണതു്" എന്നാണു് ആ പുണ്യചരിത തന്റെ സഹോദരികളോടു പറഞ്ഞിരുന്നതു്. അന്ത്യകൂദാശകൾ സ്വീകരിക്കുക അനുഗ്രഹപ്രദമെങ്കിലും ദൈവം അതിനനുവദിക്കുന്നില്ലെങ്കിൽ അതും അവിടത്തെ ഇഷ്ടം എന്നാണവൾ വീണ്ടും പറയുന്നതു്. "ദൈവത്തെ സ്നേഹിക്കുന്നവക്കു് സകലതും അവിടുന്നു നന്മയ്ക്കായി ചെയ്യുന്നു" എന്നാണല്ലോ വേദവാക്യം. എല്ലാററിനും അടിസ്ഥാനം സ്നേഹമാണെന്നാണു് വിശുദ്ധ കൊച്ചുത്രേസ്യാ ഘോഷിച്ചിട്ടുള്ളതു്. സ്നേഹാഗ്നിക്കു ശുദ്ധീകരണസ്ഥലത്തിലെ അഗ്നിയേക്കാൾ കൂടുതൽ പരിഹാരശക്തിയുണ്ടു്. അതുകൊണ്ടു ശുദ്ധീകരണാഗ്നിയെ ഒഴിവാക്കാനുള്ള സുഗമമായ മാർഗ്ഗം സ്നേഹാഗ്നിയെ നമ്മിൽ ഉജ്ജ്വലിപ്പിക്കുകയാണെന്നു വിശുദ്ധ കൊച്ചുത്രേസ്യാ അവളുടെ ആത്മീയശിശുത്വത്തിന്റെ പഠനത്താൽ ലോകത്തെ പ്രബോധിപ്പിക്കുകയാണു്.

# നവീകരണസഭയും പൂർവ്വികവിശ്വാസങ്ങളും

[തോമസ് ഇഞ്ചയ്ക്കലോടി]


II

പരിഷ്കരിച്ച തക്സാ നവീകരണസഭയുടേതായി സ്വീകരിക്കുന്നപക്ഷവും യാഥാസ്ഥിതികകക്ഷികളെ തങ്ങളുടെ വിശ്വാസാനുസരണം ജീവിച്ചുകൊള്ളുന്നതിനു അനുവദിക്കുമായിരുന്നെങ്കിലും പരസ്പരവിപരീതങ്ങളായ വിശ്വാസങ്ങളോടുകൂടിയ ഇരുകക്ഷികൾ ഒരു സഭയിൽ ഉൾപ്പെട്ടുനിൽക്കുന്നതു് ആ സഭയുടെ അഭിവൃദ്ധിക്കു അശേഷം ആശാസ്യമല്ലെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടിയാണു് ശക്തിമത്തായ പ്രക്ഷോഭണങ്ങൾ യാഥാസ്ഥിതികന്മാർ നടത്തിക്കൊണ്ടിരുന്നതു്. ഏതായാലും തക്സാ പരിഷ്കരണവിഷയം നവീകരണക്കാരുടെ സൂനഹദോസായ സമുദായകൗൺസിലിൽ ആലോചനയ്ക്കെടുത്ത ദിവസം യാഥാസ്ഥിതികകക്ഷികൾ കൂട്ടത്തോടെ ഹാജരാകുകയും പരിഷ്കരിച്ച തക്സാ സ്വീകരിക്കുന്നതിനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങിയപ്പോൾ ഭയങ്കരമായ ലഹള ഉണ്ടാക്കുന്നതിനു ആരംഭിക്കുകയും ചെയ്തു. ഇതിങ്കൽ ഭയവിഹ്വലരായ സമുദായമേധാവികൾ പ്രസ്തുത വിഷയം അടുത്ത ദിവസത്തേക്കു് മാററിവയ്ക്കുയും പിറേറദിവസം സമാധാനപാലകന്മാരായ പോലീസുഭടന്മാരുടെ അകമ്പടിയോടുകൂടി തക്സാപരിഷ്കരണവിഷയം ആലോചനയ്ക്കെടുക്കുകയും ചെയ്തു. പക്ഷെ പരിഷ്കരിച്ച തക്സാ സ്വീകരിക്കുന്നപക്ഷം നവീകരണസഭ അടുത്ത ദിവസം രണ്ടായി പിളരുമെന്നു മനസ്സിലാക്കിയിരുന്ന ചില പ്രധാനികളുടെ ചതുരുപായങ്ങളാൽ പരിഷ്കരിച്ച തക്സാ തള്ളുകയും അബ്രാഹം മല്പാൻ ' തക്സാ കണ്ടുപിടിച്ചു് ഹാജരാക്കുന്നതിനു് ഒരു പുതിയ കമ്മററിയെ തിരഞ്ഞെടുക്കുകയും ചെയ്തു. ഇതിനുശേഷം പല വർഷങ്ങൾ ഇപ്പോൾ കഴിഞ്ഞിരിക്കുന്നുവെങ്കിലും പ്രസ്തുത വിഷയം ഇതേവരെ സമുദായകൗൺസിലിൽ വീണ്ടും ആലോചനയ്ക്കു എടുക്കാതെ രഹസ്യമായി വച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണം ഏവക്കും നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണല്ലോ. ഏതായാലും തക്സാ പരിഷ്കരണമായ പാറമേൽ വീണു് നവീകരണസഭ അന്നു് ഉടഞ്ഞില്ലെങ്കിലും വിവിധവിശ്വാസങ്ങളോടുകൂടിയ രണ്ടു കക്ഷികൾ ഉൾപ്പെട്ടിരിക്കുന്ന ഈ സഭ അധികകാലതാമസമെന്യേ രണ്ടായി പിളരുമെന്നു പ്രവചിക്കുന്നതിനു പ്രവചനവരം ആവശ്യമില്ലെന്നു തോന്നുന്നു.

പരിശുദ്ധന്മാരോടുള്ള അപേക്ഷ, മരിച്ചവക്കുവേണ്ടിയുള്ള പ്രാർത്ഥന ഇവ രണ്ടും വേദവിപരീതങ്ങളും ഭയങ്കരമായ ഇടത്തൂടുകളും ആണെന്നു് അബ്രാഹം മല്പാൻ പഠിപ്പിക്കയും പ്രസംഗിക്കുകയും അതിനനുസരിച്ചു് യാക്കോബായ പ്രാർത്ഥനാക്രമങ്ങൾ വെട്ടിത്തിരുത്തി തന്റെ സഭയുടെ സ്വന്തമാക്കിത്തീർക്കുകയും ചെയ്തുവെന്നു മുൻലേഖനത്തിൽ പറഞ്ഞിരുന്നല്ലോ. മല്പാൻ ചെയ്ത ഈ രണ്ടു തിരുത്തലുകളും ശരിയാണെന്നും, പ്രസ്തുത പ്രാർത്ഥനകൾ രണ്ടും നവീകരണസഭ സ്വീകരിച്ചുകൂടെന്നും തക്സാ പരിഷ്കരണത്തിനു് കൂടിയ സമുദായകൗൺസിലിൽ ഐകകണ്ഠ്യേന തീർച്ചചെയ്കയുമുണ്ടായി. ഈ അടുത്ത കാലംവരെ ഈ പ്രാർത്ഥനകൾ രണ്ടും വേദവിപരീതങ്ങളല്ലെന്നോ പൂർവ്വികവിശ്വാസങ്ങളാണെന്നോ പരസ്യമായി പറയത്തക്ക ധൈര്യം നവീകരണസഭാംഗങ്ങളിൽ ആക്കുംതന്നെ ഉണ്ടായിട്ടില്ല. എന്നാൽ പ്രസ്തുത സഭയുടെ നാവായ "സഭാതാരക"യിൽ നവീകരണസഭയിലെ ഒരു പ്രധാനിയും ആലുവാ യൂണിയൻ കോളെജു് പ്രൊഫസറുമായ മി. സി. പി. മാത്യു എം. എ. ഈ രണ്ടു പ്രാർത്ഥനകളേയുംപററി എഴുതിയിരിക്കുന്ന ഒരു ലേഖനം വായിച്ചപ്പോൾ (ഒരു നവീകരണമതാനുസാരി ആയിരുന്ന ഈ ലേഖകനുൾപ്പെടെ) അസ്മാദൃശന്മാരിൽ ആശ്ചര്യവും സന്തോഷവും ഉളവാകുകയുണ്ടായി. സുവിശേഷവിഹിതോപദേശ സഭയെന്നു കെ. എൻ. ദാനിയേൽ പ്രഭൃതികൾ പ്രതിദിനം പ്രഘോഷിച്ചുകൊണ്ടിരിക്കുന്ന തങ്ങളുടെ സഭ പരിശുദ്ധന്മാരോടുള്ള അപേക്ഷയും മരിച്ചവക്കുവേണ്ടിയുള്ള പ്രാർത്ഥനകളും വേദവിപരീതങ്ങളും ഇടത്തൂടുകളുമാണെന്നു് പഠിപ്പിച്ചുവരുന്നതു ശരിയല്ലെന്നും, യാക്കോബായസഭയിൽനിന്നും വേർപെട്ടതു് നന്നായില്ലെന്നും, പ്രസ്തുത സഭയുമായി യോജിക്കേണ്ടതു് അവശ്യം ആവശ്യമാണെന്നും മററും വിവരിച്ചുള്ള മി. മാത്യുവിന്റെ ലേഖനം നവീകരണസഭയിലെ ഉല്പതിഷ്ണുകക്ഷിക്കളെ ഏതെല്ലാം വിധത്തിൽ ഇളക്കുമെന്നുള്ളതു് കണ്ടറിയേണ്ടിയിരിക്കുന്നു. നവീകരണസഭയെ യാക്കോബായ സഭയുമായി യോജിപ്പിക്കണമെന്നുള്ളതാണു് മി. മാത്യു തന്റെ ലേഖനംകൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതെങ്കിലും നവീകരണപട്ടംപോലും അംഗീകരിച്ചുകൊടുക്കാത്ത യാക്കോബ്യർ നവീകരണക്കാരുമായി യോജിക്കുന്നതിനോ, വേദവിപരീതങ്ങളും, മൂഢോപദേശങ്ങളും, ഇടത്തൂടുകളുംകൊണ്ടു് നിറഞ്ഞ സഭയായി ദാനിയേൽ പ്രഭൃതികൾ കരുതിപ്പോരുന്ന യാക്കോബായസഭയിലേക്കു ചേരുന്നതിനോ തക്ക മനഃസ്ഥിതി ഇരുഭാഗത്തുമുണ്ടാകുമെന്നു വിചാരിക്കുന്നതു് പ്രയാസംതന്നെ. തന്നെയുമല്ല, യാതൊരു സമാധാനവുമില്ലാതെ അന്യോന്യം തൊഴുത്തിൽകുത്തിവാശിയിലും മത്സരത്തിലും വ്യവഹാരത്തിലുംകൂടി മാത്രം മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്ന യാക്കോബായസഭയ്ക്കു് അതിഥികളെ സ്വീകരിക്കുന്നതിനു് ഇതു പററിയ അവസരവുമല്ലല്ലോ. ഏതായാലും യാക്കോബായസഭയുമായി പെട്ടെന്നുള്ള ഒരു യോജിപ്പിനു് നവീകരണസഭാംഗങ്ങൾ ആഗ്രഹിക്കുന്നതിന്റെ പ്രഥമവും പ്രധാനവുമായ കാരണം യാക്കോബായസഭയിൽനിന്നും കത്തോലിക്കാസഭയിലേക്കു ശക്തിമത്തായ ഒരൊഴുക്കുണ്ടാകാൻ തുടങ്ങുന്നതിന്റെ പ്രാരംഭലക്ഷണങ്ങൾ കണ്ടുതുടങ്ങിയതുകൊണ്ടാണെന്നുള്ളതിനു് സംശയമില്ല. തങ്ങൾ യാക്കോബായസഭയിൽനിന്നും നവീകരിച്ചു വേർപെട്ടതു് നന്നായില്ലെന്നും, പൂർവ്വികവിശ്വാസങ്ങൾ സ്വീകരിപ്പാൻ തങ്ങൾ സന്നദ്ധരാണെന്നും സമ്മതിച്ചു് ഏററുപറയത്തക്ക മനസ്ഥിതി നവീകരണസഭാംഗങ്ങളിൽ പലക്കുമുണ്ടായിട്ടുള്ളതു് യാക്കോബായസഭയുമായി യോജിച്ചു് പ്രസ്തുത സഭയുടെ കുത്തഴിവിനെ പരിഹരിച്ചു് ഒരു നല്ല ഭരണഘടനയിൽ വരുത്തി കത്തോലിക്കാസഭയിലേക്കു പ്രസ്തുത സഭയിൽനിന്നുണ്ടാകാൻ തുടങ്ങുന്ന ഒഴുക്കിന്റെ ശക്തിയെ അല്പമെങ്കിലും കുറയ്ക്കുന്നതിനാണെന്നുള്ളതു് തക്കമററ സംഗതിയാണു്.


"നവീകരണ"മെന്നുള്ള പേരോടുകൂടി ലൂഥർപ്രഭൃതികളാൽ പാശ്ചാത്യദേശത്തു് ആരംഭിക്കപ്പെട്ട പ്രൊട്ടസ്റ്റൻറുമതം പാറപ്പുറത്തുവീണ സ്ഫടികംകണക്കെ അനേകായിരങ്ങളായി പൊട്ടി ചരിന്നഭിന്നമായി അക്രൈസ്തവരുടെ മുമ്പിൽ അപഹാസപാത്രങ്ങളായിത്തീന്നിരിക്കുന്ന ഈ ഇരുപതാംനൂററാണ്ടിൽ "നവീകരണ"മെന്ന വ്യാജപ്പേരോടുകൂടി രംഗത്തുവരുന്ന നശീകരണകത്താക്കൾ തങ്ങളുടെ മുൻഗാമികളുടെ മതങ്ങൾക്കുപററിയ അപകടങ്ങ

For Favours Received



Excuse delay

Mr. A. O. A., Irinjalakuda



വാരാന്ത്യവീക്ഷണം

# ജനീവാസമ്മേളനത്തിൽ മൊളോട്ടോവിൻെറ പുതിയ നിർദ്ദേശം

[സി. ഐ. ജോൺ, തലയോലപ്പറമ്പു]

ജനീവായിൽ നടന്ന ഉന്നതതലസംഭാഷണങ്ങൾ രാഷ്ട്രീയമായ വസ്തുതകളോടുള്ള സമീപനരീതിയിൽ വിജയകരമായിരുന്നു എന്നു പറയുവാൻ നിവൃത്തിയില്ലെങ്കിലും ചതുശ്ശക്തികൾക്ക് ഏതാണ്ട് ഒരു ധാരണയിൽ എത്തിച്ചേരുവാൻ കഴിഞ്ഞിരുന്നു. യുദ്ധപരിതസ്ഥിതികളെ ഉദ്ദീപിപ്പിക്കുന്ന സംഭവവികാസങ്ങളിൽനിന്നും ലോകരാഷ്ട്രങ്ങൾ അകന്നുനില്ക്കണമെന്നും അങ്ങനെ ലോകസമാധാനം കൈവരുത്തണമെന്നുമായിരുന്നു അവരുടെ ഏകപക്ഷമായ ഉദ്ദേശമെന്നു വിചാരിക്കാവുന്ന തരത്തിൽ സംഭവങ്ങൾ അന്നു പുരോഗമിച്ചുകൊണ്ടിരുന്നു. (കോൺഫറൻസിലെ) ജർമ്മൻപ്രശ്നം, യൂറോപ്യൻ സുരക്ഷിതത്വം മുതലായി പല സംഗതികളും ചർച്ചചെയ്യുവാനും അവയ്ക്കു പരിഹാരം കാണുവാനും മററുമായി ചതുശ്ശക്തിവിദേശകാര്യമന്ത്രിമാരുടെ സമ്മേളനം വിളിച്ചുകൂട്ടേണ്ടതാണെന്നു ചതുശ്ശക്തിസമ്മേളനത്തിൽവച്ചു തീരുമാനിക്കുകയും അതനുസരിച്ചു ചതുശ്ശക്തി വിദേശകാര്യമന്ത്രിമാരുടെ സമ്മേളനം ഇന്നു ജനീവായിൽനടന്നുകൊണ്ടിരിക്കുകയുമാണ്.

സമ്മേളനത്തിൻെറ ആരംഭംമുതൽ ഇന്നുവരെ ഒരു നിശ്ചലാവസ്ഥയാണ് കണ്ടുവരുന്നതു്. കാരണം, ഇന്നു യൂറോപ്പിലെ ഏററവും വലിയ പ്രശ്നമായിത്തീർന്നിട്ടുള്ള ജർമ്മനിയെ സംബന്ധിച്ചുള്ള ചർച്ചകൾക്കു മുട്ടപിടിച്ചതുകൊണ്ടുതന്നെ. പ്രസ്തുത പ്രശ്നം സംബന്ധിച്ചു മുൻപു റഷ്യക്കു ഉണ്ടായിരുന്ന നിലപാടിൽനിന്നു സാരമായ മാററങ്ങൾ ഒന്നുംതന്നെ ഇതുവരെയും ഉണ്ടായിട്ടില്ല. പാശ്ചാത്യശക്തികളെ സംബന്ധിച്ചും ഏതാണ്ട് അങ്ങനെതന്നെയാണ്. ജർമ്മനിയെ ഏകീകരിച്ചാൽ പ്രസ്തുതരാജ്യത്തിൽ തങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന ശക്തി അലസിപ്പോകുമെന്നുള്ള ഭയംകൊണ്ടാണ് സോവിയററുയൂണിയൻ ജർമ്മൻ ഏകീകരണകാര്യത്തിൽ ഒരു "സന്ധിയില്ലാസമരം" ആരംഭിച്ചിരിക്കുന്നതു്. ഈ നവംബർ 1-ാംനു- അമേരിക്കകൂടി ഉൾപ്പെടെ 16 രാജ്യങ്ങളടങ്ങിയ ഒരു യൂറോപ്യൻ രക്ഷാഉടമ്പടി മി. മൊളോട്ടോവ് ചതുശ്ശക്തിവിദേശകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായി. ഈ പദ്ധതി അനുസരിച്ചു വിഭക്തജർമ്മനിയുടെ ഇരുഭാഗങ്ങളും സമീപത്തുള്ള ചില സ്റേററുകളും അസൈനികൃത മേഖലയായിരിക്കേണ്ടതാണ്. ഈ മേഖലയിലെ രാജ്യങ്ങളിൽ സൈന്യങ്ങളുള്ള വൻശക്തികൾ അവരുടെ ആ രാജ്യങ്ങളിലെ സൈനികബലം നിയന്ത്രിക്കേണ്ടതാണ്. വടക്കേഅററ്ലാൻറിക്ക് സഖ്യവും പൂർവ്വയൂറോപ്യൻ ഏകീകൃതകമാൻഡും രണ്ടുമൂന്നു വർഷങ്ങൾക്കകം പിരിച്ചുവിടണമെന്നുള്ള പഴയനിർദ്ദേശം മൊളോട്ടോവ് ആവർത്തിച്ചിട്ടില്ല.

താത്വികമായി യാതൊരു സാമ്യവുമില്ലെന്നു മാത്രമല്ല, ഒരുതരത്തിൽ പറഞ്ഞാൽ ഇതിനു നേരേ വിപരീതവുമായിരുന്നു, ഉന്നതതലസംഭാഷണത്തിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ഈഡൻ അവതരിപ്പിച്ച പദ്ധതി. പക്ഷെ ഈ പദ്ധതിക്കു ഈഡൻെറ നിർദ്ദേശത്തോടു ബന്ധമുണ്ടെന്നു വരുത്തിക്കൂട്ടുവാൻ പ്രസ്തുത പദ്ധതിയിൽ ചില ശ്രമങ്ങൾ ചെയ്തിട്ടുള്ളതായി കാണാം. ഡള്ളസ്സും, മാക്മില്ലനും, ഈ പദ്ധതിയെപ്പററി പാടിക്കുന്നതാണെന്നു പ്രസ്താവിച്ചിട്ടുണ്ട്.

x x x

## ഡള്ളസ് സ്പെയിനിൽ

ഐക്യരാഷ്ട്രസംഘടനയിൽ സ്പെയിനിനെ പ്രവേശിപ്പിക്കുന്നതിനു എതിരായിരുന്ന ചില ശക്തികൾ ഇപ്പോഴത്തെ സ്പെയിനിൻെറ ശ്രമങ്ങളെപ്പററി മൗനം ഭീക്ഷിക്കുകയാണ് ചെയ്യുന്നതു്. സ്പെയിനിനെപ്പോലെയുള്ള ചില രാജ്യങ്ങളെ പ്രസ്തുത സമിതിയിൽ പ്രവേശിപ്പിക്കുന്നതു് യു. എൻ. ഒ. ഒരു ലീഗ് ഓഫ് നേഷൻസ് ആയിത്തീരുന്നതിനാണെന്നു് ലൂഷാവേചാചി എന്ന ചൈനീസ് എഴുത്തുകാരൻ ഒരിക്കൽ പറയുകയുണ്ടായി. ഈ അഭിപ്രായംതന്നെ അഫ്ഗാനിസ്ഥാനിലേയും, ചെക്കോസ്ലോവാക്കിയായിലേയും രണ്ടു പത്രങ്ങളും പ്രകടിപ്പിച്ചിരുന്നു. എന്നാൽ യു. എൻ. ഒ. യിലേക്കുള്ള സ്പെയിനിൻെറ അംഗത്വശ്രമങ്ങൾക്കു ബ്രിട്ടൻ സർവ്വവിധ പിൻതുണയും നൽകുന്നതാണെന്നു് ബ്രിട്ടീഷ് ഗവമ്മെൻറിൻെറ ഒരു ഔദ്യോഗികവക്താവു് ഈയിടെ പ്രസ്താവിക്കുകയുണ്ടായി. ഏതായാലും വളരെ രാഷ്ട്രീയപ്രാധാന്യമുള്ള ഒരു സന്ദർശനത്തിനായി ഈ നവമ്പർ 1-ാംനു- അമേരിക്കൻ സ്റേറററ് സെക്രട്ടറി മി. ജോൺ ഫോസ്റ്റർ ഡള്ളസ് ജനീവായിൽനിന്നു് വിമാനമാർഗ്ഗം മാഡ്രിഡിലേക്കു പോയിരിക്കുകയാണ്. ഡള്ളസിൻെറ ഈ സന്ദർശനത്തിൽ, സ്പെയിനിൻെറ യു. എൻ. അംഗത്വപ്രശ്നത്തിൽ. യു. എസ്. നുള്ള നിലപാടു് വ്യക്തമാക്കുമെന്നതിൽ സംശയമില്ല. മാത്രമല്ല ഒരുപക്ഷെ പൂർവ്വയൂറോപ്യൻചേരിയിൽനിന്നും പ്രസ്തുത പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നതിനുവേണ്ടി ചെയ്തുവരുന്ന ശ്രമങ്ങളെ എങ്ങനെ നേരിടണമെന്നും മററും ജനറൽ ഫ്രാങ്കോയുമായി നേരിട്ടു കൂടിയാലോചനകൾ നടത്തുവാൻ പ്രസ്തുത സന്ദർശനം പ്രയോജനപ്പെടുന്നതാണ്.

x x x

## അഫ്ഗാനിസ്ഥാൻെറ നില

ഈജിപ്റ്റ്, സിറിയ മുതലായ അറബിരാജ്യങ്ങൾക്കു സോവ്യററുയൂണിയൻ ആയുധംകൊടുത്തു് യുദ്ധത്തിനു് ഒരുക്കിനിറുത്തിയിരിക്കുന്ന ഈ അവസരത്തിൽ, ഈ ആയുധ"സപ്ലൈ" അവിടം കൊണ്ടൊന്നും അവസാനിക്കാനുള്ള ലക്ഷണം കാണുന്നില്ല. ഇന്ത്യയോടു് ഏററവും അടുത്തുകിടക്കുന്ന ചില രാജ്യങ്ങളുടെ ചുമലിൽ റഷ്യനായുധങ്ങൾ കെട്ടിയേല്പിക്കുന്നതു കാണാൻ അധികകാലതാമസം വേണ്ടിവരുകയില്ലെന്നു ഇന്നത്തെ ലോകസംഭവവികാസങ്ങൾ നല്ലവണ്ണം പഠിച്ചിട്ടുള്ളവർ ഇതിനുമുൻപു പറഞ്ഞിരുന്നതാണ്. പാക്കിസ്ഥാനു അമേരിക്ക സൈനികസഹായം കൊടുത്തപ്പോൾമുതൽ പ്രസ്തുത രാജ്യത്തിൻെറ ഏതെങ്കിലും അതിർത്തിപ്രദേശത്തെ ആയുധമണിയിക്കണമെന്നു് റഷ്യക്കും മോഹമുണ്ടായിത്തുടങ്ങിയതാണ്. ഏതായാലും അതു സഫലമാകുവാൻ ഇനി അധികകാലതാമസം വേണ്ടിവരുകയില്ല. അഫ്ഗാനിസ്ഥാനു ഇപ്പോൾ എന്തെങ്കിലും അടിയന്തിരഘട്ടം നേരിടേണ്ടതായിട്ടുണ്ടെന്നു തോന്നുന്നില്ല. അങ്ങനെയിരിക്കെ ചില വൻശക്തികളോടു് പ്രസ്തുത രാജ്യം ആയുധം ചോദിച്ചിരിക്കുകയാണ്. അതെന്തിനാണെന്നു മനസ്സിലാകുന്നില്ല. "പാശ്ചാത്യശക്തികൾ ആയുധം കൊടുക്കാതിരിക്കുന്നപക്ഷം അഫ്ഗാനിസ്ഥാൻ റഷ്യയുടെ പക്കൽനിന്നും ആയുധങ്ങൾ വാങ്ങിക്കുന്നതാണെന്നു്" കെയ്റോയിലെ അഫ്ഗാൻസ്ഥാനപതി മി. സലാഹുദ്ദീൻ സലജൂരി പ്രസ്താവിക്കയുണ്ടായി. റഷ്യയുമായി ഏർപ്പെട്ടിട്ടുള്ള ചില കരാറുകളുടെ വെളിച്ചത്തിലാണ് പാശ്ചാത്യശക്തികളെ ഇടയ്ക്കു നിറുത്തിക്കൊണ്ടു് അദ്ദേഹം ചെയ്ത ഈ പ്രസ്താവനയെന്നു തോന്നുന്നു.

ളെ കണ്ടിരുന്നുവെങ്കിൽ നന്നായിരുന്നു. ഏതായാലും ഈ മലങ്കരയിൽ അബ്രാഹംമല്പാനാൽ ആരംഭിക്കപ്പെട്ട "നവീകരണസഭ" അധികകാലതാമസമെന്യേ പൂർവ്വികവിശ്വാസങ്ങൾ സ്വീകരിച്ചു് യാക്കോബായസഭയുമായി യോജിച്ചു് അവസാനത്തിൽ യാക്കോബായ സഭയോടൊന്നിച്ചു കത്തോലിക്കാ സഭാമാതാവിനെ ആശ്ലേഷിക്കുന്നതിനും അങ്ങനെ "ഒരു തൊഴുത്തും ഒരിടയനുമാകു"ന്നതിനും സഭാസ്ഥാപകനായ ഈശോമിശിഹാതന്നെ അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

## മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനിയെ മെത്രാൻസ്ഥാനത്തേക്കു ഉയർത്തി

എറണാകുളം, നവ. 7- തലശ്ശേരി രൂപതയുടെ അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്ക് റൈററ് റവ. മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനിയെ പരിശുദ്ധസിംഹാസനത്തിൽനിന്നു മെത്രാൻസ്ഥാനത്തേക്കു ഉയർത്തിയതായുള്ള കമ്പിസന്ദേശം സീറോ-മലബാർ ഹയരാർക്കിയുടെ അധിപനായ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിക്കു ഇൻറർനൺഷിയോ തിരുമേനിയിൽനിന്നും ലഭിച്ചിരിക്കുന്നു.



AD MULTOS ANNOS !

## ഏജൻസി അറിയിപ്പ്

ശ്രീ എ. ലക്ഷ്മണൻ, M/s ചാണ്ടി സൺസ്, 5/106-D, ജയിൽ റോഡ്, കോയമ്പത്തൂർ-നെ സത്യദീപത്തിൻെറ കോയമ്പത്തൂർ ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

## പ്രഥമ ചരമവാർഷികം



റവ. ബ്രദർ ജോൺ നടുച്ചിറ

| | |
|---|---|
| ജനനം | 23-1-1930 |
| ആലുവാ സെമ്മി നാരിപ്രവേശനം | 31-5-1951 |
| മരണം | 9-11-1954 |

"ജീവിതത്തിൽ നാം അയാളെ സ്നേഹിച്ചു; മരണത്തിൽ നമുക്കയാളെ വിസ്മരിക്കാതിരിക്കാം."

(അംബ്രോസ്)

R. I. P.

By his beloved class-mates

## കോൺഗ്രസിൻെറ കോട്ടയം പ്രമേയം

ഐക്യകേരളരൂപീകരണം സംബന്ധിച്ചു് ഇക്കഴിഞ്ഞ ഒക്ടോബർ 30-ാംനു- കോട്ടയം മുൻസിപ്പൽ മന്ദിരത്തിൽവച്ചു് തിരുകൊച്ചി പി. സി. സി. അംഗങ്ങളുടേയും സംസ്ഥാന എം. എൽ. എ. മാരുടേയും എം. പി. മാരുടേയും സംയുക്തസമ്മേളനത്തിൽ പാസാക്കിയ പ്രമേയം ദേവികുളം പീരുമേടു് മുതലായ സ്ഥലങ്ങളെപ്പററിയുള്ള മദ്രാസ് തമിഴരുടേയും തിരുക്കൊച്ചി തമിഴരുടേയും വാദഗതിക്കു് ഒരു മറുപടിയാണ്.

## നിര്യാതനായി



ശ്രീ പാറയ്ക്കൽ ചെറിയതു ഔസേപ്പ്

ഞാറയ്ക്കൽ ഇടവകാംഗവും കല്ലൂർക്കാട്ടുപള്ളി വികാരി റവ. ഫാദർ ചെറിയാൻ പാറയ്ക്കൽ അവർകളുടെ പിതാവുമായ ശ്രീ പാറയ്ക്കൽ ചെറിയതു ഔസേപ്പ് അവർകൾ 76-ാമത്തെ വയസ്സിൽ നവംബർ 2-ാംനു- വെളുപ്പിനു രണ്ടരമണിക്കു നിര്യാതനായി. ശവസംസ്കാരചടങ്ങുകൾ പിറേറദിവസം കാലത്തു് 8-30 നു് റവ. ഫാദർ ചെറിയാൻ പാറയ്ക്കലിൻെറ പ്രധാനകാർമ്മികത്വത്തിലും പല വൈദികരുടെ സഹകാർമ്മികത്വത്തിലും വലിയൊരു ജനക്കൂട്ടത്തിൻെറ സാന്നിദ്ധ്യത്തിലും ആരംഭിച്ചു. പള്ളിയിൽവച്ചു റാസക്കുശേഷം റവ. ഫാദർ മാത്യു മങ്കുഴിക്കരി അച്ചർകൾ ചരമപ്രഭാഷണം നടത്തി. അനന്തരം എറണാകുളം സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ ഒപ്പീസിനുശേഷം മൃതശരീരം സിമിത്തേരി കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

R. I. P.



സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 | ERNAKULAM, NOVEMBER 9 | No. 14

# മതസ്വാതന്ത്ര്യധ്വംസകമായ ബിൽ

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തേയും മതപ്രചാരണസ്വാതന്ത്ര്യത്തേയും നിഹനിക്കുന്നതിനു പര്യാപ്തമായ, അത്യന്തം വിപല്ക്കരമായ ഒരു ബിൽ ഇന്ത്യൻ പാർലമെൻറിൻെറ പരിഗണനയ്ക്കു വിഷയീഭവിച്ചിരിക്കുകയാണ്. പാർലമെൻറിൻെറ കഴിഞ്ഞ സമ്മേളനത്തിൽ അവതരിപ്പിച്ചിട്ടും പൂർത്തിയാകാതെ ചർച്ച അടുത്ത സമ്മേളനത്തിലേക്കു നീട്ടിവച്ചിട്ടുള്ളതുമായ ഈ ബിൽ നിയമമായിത്തീർന്നാൽ ഉണ്ടാകാവുന്ന ഗുരുതരങ്ങളായ ഭവിഷ്യത്തുകളെപ്പററി നമ്മുടെ ആളുകൾ വേണ്ടവിധം മനസ്സിലാക്കിയിട്ടുണ്ടോ എന്നു സംശയമാണ്. "ഇന്ത്യൻ കൺവേർട്ട്സ് (റഗുലേഷൻ ആൻറ് രജിസ്ട്രേഷൻ) ബിൽ 1954" എന്ന അഭിധാനത്തിൽ ഒരു കോൺഗ്രസ് മെമ്പറായ ശ്രീ ജേഠാലാൽ ഹരികൃഷ്ണ ജോഷി അവതരിപ്പിച്ചിട്ടുള്ള, ഒരു സ്വകാര്യമെമ്പറുടെ ബില്ലാണിതു്. മതപരിവർത്തനം, മനസ്സാക്ഷിസ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമായുള്ള മനുഷ്യൻെറ സ്വാഭാവികമായ അവകാശങ്ങളിൽ ഒന്നാണ്. ഈ അവകാശങ്ങളെ ഗവൺമെൻറു് നിയമിക്കുന്നതും ഗവൺമെൻറു് നിയന്ത്രിക്കുന്നതുമായ ഒരു ലൈസൻസിങ്ങ് അതോറിട്ടിയുടെ ഹിതാഹിതങ്ങൾക്കു വിധേയമാക്കുവാനാണ് ബിൽകൊണ്ടുദ്ദേശിക്കുന്നതു്. മതപരിവർത്തനം ചെയ്യുവാനാഗ്രഹിക്കുന്ന വ്യക്തി, മതപരിവർത്തനം ചെയ്യുവാനുദ്ദേശിക്കുന്നുവെന്ന വിവരം കാണിച്ചു് നിശ്ചിതരൂപത്തിൽ ഒരു ഡിക്ലറേഷൻ നടത്തുകയും, ലൈസൻസിങ്ങ് അതോറിട്ടി നൽകിയിട്ടുള്ള ലൈസൻസുള്ള ആളുകളുടെ സഹായത്തോടുകൂടി മതപരമായ കർമ്മങ്ങളോ ചടങ്ങുകളോ നിർവ്വഹിക്കുകയും ചെയ്യാതെ ആ വ്യക്തിക്കു മതപരിവർത്തനം ചെയ്യാവുന്നതല്ല എന്നു് ബില്ലിലെ ഒരു വ്യവസ്ഥ അനുശാസിക്കുന്നു. മതപരിവർത്തനം ചെയ്യുവാൻ ആഗ്രഹിക്കുന്ന ആൾ ബില്ലിൻെറ മൂന്നാംവകുപ്പിൽ വിവരിച്ചിരിക്കുന്നപ്രകാരം, നിശ്ചിത ഫോറത്തിൽ ലൈസൻസിങ്ങ് അതോറിട്ടിക്കു നോട്ടീസ് നൽകണം. ലൈസൻസിങ്ങ് അതോറിട്ടി പ്രസ്തുത നോട്ടീസ് ഉടനെ ഒരു പ്രധാന സ്ഥാനത്തു പതിക്കുകയും മററു നിശ്ചിതരൂപത്തിൽ പ്രസിദ്ധീകരിക്കുകയും വേണം. അങ്ങനെ നോട്ടീസ് പ്രസിദ്ധപ്പെടുത്തി മുപ്പതുദിവസം കഴിഞ്ഞുമാത്രമേ പ്രസ്തുത മതപരിവർത്തനം നടപ്പിൽ വരുത്താവൂ. അങ്ങനെ മതപരിവർത്തനം ചെയ്യുന്ന ഏതൊരാളും ലൈസൻസിഡം, മതപരിവർത്തനത്തിനുശേഷം മൂന്നുമാസത്തിനുള്ളിൽ, മതപരിവർത്തനം ചെയ്യുന്നവരെക്കുറിച്ചു് സൂക്ഷിക്കുവാനുദ്ദേശിക്കുന്ന രജിസ്റ്ററിൽ പേരു് രജിസ്റ്റർചെയ്യുവാൻ ലൈസൻസിങ്ങ് അതോറിട്ടിക്കു സൗകര്യം പ്രദാനം ചെയ്യത്തക്കവിധം, നിശ്ചിതവിവരങ്ങൾ ലൈസൻസിങ്ങ് അതോറിട്ടിയെ അറിയിക്കേണ്ടതാകുന്നു. ലൈസൻസിങ്ങ് അതോറിട്ടിയുടെ പക്കൽനിന്നും രേഖാമൂലം ഒരു ലൈസൻസ് ലഭിക്കാതെ ഏതെങ്കിലും ഒരു മെനറിനെയോ മററാരെയെങ്കിലുമോ മതപരിവർത്തനം സംബന്ധിച്ച എന്തെങ്കിലും കർമ്മമോ, ചടങ്ങോ മററേതെങ്കിലും നടപടിയോ ചെയ്യുകൂടാത്തതാകുന്നു. രേഖാമൂലം റിക്കാർഡുചെയ്യപ്പെടുന്ന കാരണങ്ങളെ ആസ്പദമാക്കി ആർക്കെങ്കിലും ലൈസൻസ് നൽകാതിരിക്കുവാൻ ലൈസൻസിങ്ങ് അതോറിട്ടിക്കു സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാകുന്നു. ലൈസൻസിലെ വ്യവസ്ഥകൾ ശരിയായി പാലിക്കപ്പെട്ടിട്ടില്ലെന്നു് ബോദ്ധ്യമായാൽ ലൈസൻസ് സസ്പെൻറു് ചെയ്യുവാനും ലൈസൻസിങ്ങ് അതോറിട്ടിക്കു അധികാരമുണ്ടായിരിക്കും. ലൈസൻസിങ്ങ് അതോറിട്ടിയുടെ തീർപ്പിന്മേൽ ആക്ഷേപമുണ്ടെങ്കിൽ ഗവൺമെൻറിൽ മാത്രം അപ്പീൽ ബോധിപ്പിക്കാം. ഗവൺമെൻറിൻെറ തീരുമാനം അവസാനത്തേതായിരിക്കുന്നതുമാണ്. മേല്പറഞ്ഞ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചാൽ 100 ക. മുതൽ 300 ക. വരെ പിഴ ശിക്ഷനൽകാം. കൂടാതെ ഈ വ്യവസ്ഥാലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും കൂടുതൽ പിഴ ശിക്ഷയും ബില്ലിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ബില്ലിൻെറ ഉദ്ദേശ്യവിവരണം പ്രത്യേകിച്ചും കൗതുകാവഹമാണ്. "അവിഹിതങ്ങളായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിലേക്കായി മതപരിവർത്തനം പലപ്പോഴും ആലംബമാക്കപ്പെടുന്നു. ഈ വിഷയത്തെ സംബന്ധിച്ചു് ശരിയായ സ്ഥിതിവിവരങ്ങൾ നൽകുവാൻ ഇപ്പോൾ യാതൊരുപാധിയുമില്ല. യഥാർത്ഥ മതാനുഷ്ഠാനവുമായി യാതൊരു കാര്യവുമില്ലാത്ത ആളുകൾ മതപരിവർത്തനം ആലംബമാക്കുന്നു. അത്തരം പ്രവർത്തനങ്ങൾ ഒട്ടേറെയാളുകളുടെ സാമൂഹ്യവും സാമ്പത്തികവുമായ നാശത്തിനും കുടുംബങ്ങളുടെ ശിഥിലീകരണത്തിനും വഴിതെളിക്കുകയും ചെയ്യുന്നു."

മതസ്വാതന്ത്ര്യത്തേയും മനസ്സാക്ഷിസ്വാതന്ത്ര്യത്തേയും ഹനിക്കുകയെന്ന പ്രത്യക്ഷലാക്കോടുകൂടി പാർലമെൻറു് മുമ്പാകെ കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിലെ വ്യവസ്ഥകളും ബില്ലിൻെറ ഉദ്ദേശ്യവും, മതസഹിഷ്ണുതയ്ക്കും മതസ്വാതന്ത്ര്യത്തിനും പ്രശസ്തിയാർജ്ജിച്ച നമ്മുടെ ഭാരതത്തിനു് ഒട്ടും അഭിമാനാവഹമായിരിക്കുന്നില്ല. നമ്മുടെ മഹത്തായ പാരമ്പര്യത്തിനു അനനുയോജ്യവും വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള സൗഹാർദ്ദത്തെ ഭഞ്ജിക്കുന്നതും രാജ്യപുരോഗതിയെ പ്രതിബന്ധപ്പെടുത്തുന്നതുമാണ് ഈ നിയമനിർമ്മാണസംരംഭം. ബില്ലിലെ ഉദ്ദേശവിവരണത്തിൽ ഉന്നയിച്ചിരിക്കുന്ന കാരണങ്ങൾ അയഥാർത്ഥങ്ങളും തെററിദ്ധരിപ്പിക്കുന്നവയുമാണ്. സോവ്യററ് റഷ്യയിലും മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്ന ഒരു ഭരണഘടനയുണ്ടെന്നാണല്ലോ പറയപ്പെടുന്നതു്. എന്നാൽ ഏട്ടിൽ എഴുതിപ്പിടിപ്പിച്ചിരിക്കുന്ന അവകാശസ്വാതന്ത്ര്യങ്ങൾ അവിടെ പ്രായോഗികമാക്കപ്പെടുന്നില്ലെന്നു മാത്രമല്ല, അവയെ പാടെ ലംഘിച്ചുകൊണ്ടു്, മതത്തെ ഉന്മൂലനം ചെയ്യുന്നതിനുള്ള നടപടികളാണ് അവിടെ ഗവൺമെൻറും കമ്മ്യൂണിസ്റ്റുപാർട്ടിയും സ്വീകരിച്ചുപോരുന്നതു്. ഇന്ത്യയിൽ ഒരു ഭരണഘടനയുണ്ടാക്കിയിരിക്കുന്നതു് അലങ്കാരത്തിനുവേണ്ടിയല്ല, അവ പ്രായോഗികമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് അതിൻെറ വിധാതാക്കൾ അതു് കരുപ്പിടിപ്പിച്ചിട്ടുള്ളതു്. സോവ്യററ് റഷ്യയെപ്പോലെയുള്ള ടോട്ടലിടേറിയൻ രാഷ്ട്രങ്ങളിലല്ലാതെ ഭരണഘടനയിൽ ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളെ ധ്വംസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയില്ല.

ഇങ്ങനെയൊരു ബിൽ ഇവിടെ ആവശ്യമാക്കിത്തീർക്കത്തക്ക എന്തു പ്രത്യേക പരിതസ്ഥിതിയാണ് ആവിർഭവിച്ചിരിക്കുന്നതു്? മനസ്സാക്ഷിപ്രചോദനമനുസരിച്ചു് സ്വമേധയാ ഉണ്ടാകുന്ന മതപരിവർത്തനം വ്യക്തികളുടെ സാമ്പത്തികനാശത്തിനും കുടുംബങ്ങളുടെ ശിഥിലീകരണത്തിനും വഴിതെളിക്കുന്നതെങ്ങനെയാണ്? അന്തഃകരണപ്രചോദനമനുസരിച്ചു് പ്രവർത്തിക്കുവാൻ ഒരു വ്യക്തിക്കുള്ള സ്വാതന്ത്ര്യത്തിന്മേൽ കൈവയ്ക്കുവാനുദ്ദേശിക്കുന്ന ഒരു ഗവൺമെൻറു് വ്യക്തിസ്വാതന്ത്ര്യത്തെ മാനിക്കുകയാണു ചെയ്യുന്നതെന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളതു്? മതപരിവർത്തനം സാമ്പത്തികവും സാമൂഹ്യവുമായ നില ഉയർത്തുവാൻ പ്രകാരാന്തരേണ സഹായിക്കുകയാണെന്നും, അതാണ് മതപരിവർത്തനത്തിനു പ്രചോദകമായ പ്രധാന സാഹചര്യമെന്നും ആക്ഷേപവർഷം ചൊരിഞ്ഞുപോരുന്നവർതന്നെയാണ്, മതപരിവർത്തനംകൊണ്ടു് വ്യക്തികൾക്കു സാമ്പത്തികനാശവും കുടുംബങ്ങൾക്കു ശൈഥില്യവും സംഭവിക്കുന്നുവെന്നു പറയുന്നതു്! സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു വ്യവസ്ഥ ഏർപ്പെടുത്തുന്നതെന്ന വാദം നിരർത്ഥകമാണ്. സെൻസസ് അതിനു മതിയായ ഉപാധിയാണ്. ബലപ്രയോഗംമൂലമോ ചതിപ്രയോഗംമൂലമോ നടത്തുന്ന മതപരിവർത്തനങ്ങൾ വ്യക്തിയുടേയും രാജ്യത്തിൻെറയും താല്പര്യങ്ങൾക്കു ദോഷകരമാണെന്നു സമ്മതിക്കപ്പെടേണ്ടതുതന്നെയാണ്. അങ്ങനെയുണ്ടാകാവുന്ന മതപരിവർത്തനസംരംഭങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനു വേണ്ടുവോളം വ്യവസ്ഥകൾ ഇന്ത്യൻ പീനൽകോഡിലുണ്ട്. അന്തഃകരണപ്രചോദനമനുസരിച്ചു് സ്വമേധയാ ഉണ്ടാകുന്ന മതപരിവർത്തനത്തെമാത്രമേ ക്രിസ്ത്യാനികൾ, വിശിഷ്യ കത്തോലിക്കർ അംഗീകരിക്കുകയുള്ളുവെന്നുള്ളതു സുവിദിതമാണ്. മതപരിവർത്തനം തികച്ചും ആദ്ധ്യാത്മികമായ ഒരു കാര്യമാണ്. അതിൽ രാഷ്ട്രീയമോ വിഭാഗീയമോ സാമ്പത്തികമോ ആയ യാതൊരു പരിഗണനകൾക്കും സ്ഥാനമില്ലെന്നുള്ളതാണ് ക്രൈസ്തവരെ, വിശിഷ്യ കത്തോലിക്കരെ സംബന്ധിച്ചു് ഇന്നും എന്നുമുള്ള നില. മതപരിവർത്തനപരമായ തങ്ങളുടെ പ്രവർത്തനങ്ങളിൽ ക്രൈസ്തവർക്കു് രാഷ്ട്രീയമായ എന്തെങ്കിലും ഉദ്ദേശമുണ്ടായിരുന്നുവെങ്കിൽ, പരേതനായ പണ്ഡിററു് ലക്ഷ്മീകാന്തമൈത്ര ഇന്ത്യൻ കോൺസ്റ്റിട്യുവൻറു് അസംബ്ലിയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, അവർ ഇപ്പോൾ വിദ്യാലയങ്ങൾക്കും ആസ്പത്രികൾക്കും അനാഥശാലകൾക്കും മററുമായി വർഷംതോറും ചെലവാക്കിക്കൊണ്ടിരിക്കുന്ന രണ്ടുകോടിയിൽപരം ഉറുപ്പിക മതപരിവർത്തനപരമായ സംരംഭങ്ങൾക്കായി അവർ വിനിയോഗിക്കുമായിരുന്നു. ക്രൈസ്തവരുടെ സംഖ്യാബലം തന്മൂലം ഇന്നത്തേക്കാൾ എത്രയോ ഇരട്ടി വർദ്ധിപ്പിക്കുവാൻ സാധിക്കുകയും ചെയ്യുമായിരുന്നു. ക്രൈസ്തവരുടെ ഈ വിദ്യാസ്ഥാപനങ്ങളും ആതുരാലയങ്ങളും നിർവ്വഹിച്ചുപോരുന്ന വിശിഷ്ടവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾ ഇന്ത്യയുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തിനു് എത്രമാത്രം സഹായകമായിരുന്നിട്ടുണ്ടെന്നു് നിർമ്മത്സരബുദ്ധികളേവരും അംഗീകരിച്ചിട്ടുള്ളതാണ്.

ഒരു മതാത്മകരാഷ്ട്ര (Theocratic State) മായി വിഭാവനം ചെയ്യപ്പെടുന്ന പാക്കിസ്ഥാനിൽപോലും ഇങ്ങനെ ഒരു നിയമനിർമ്മാണത്തിനു സാഹസപ്പെട്ടുകാണുന്നില്ല. ഒരു മതേതരരാഷ്ട്ര (Secular State)മാണ് ഇന്ത്യയെന്നാണല്ലോ കരുതപ്പെടുന്നതു്. ഇന്ത്യയുടെ മതേതരസ്വഭാവവും ഇത്തരം വിനാശകരങ്ങളും പ്രതിലോമപരങ്ങളുമായ നിയമനിർമ്മാണസംരംഭങ്ങളും തമ്മിൽ എങ്ങനെ പൊരുത്തപ്പെട്ടുപോകും? തങ്ങളുടെ ഹിതാനുസാരം ഏതൊരു മതവിശ്വാസവും സ്വീകരിക്കുന്നതിനും അനുഷ്ഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വ്യക്തികൾക്കു സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നുള്ളതാണ് ഇന്ത്യയുടെ പ്രഖ്യാപിതനയം. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളിൽ ഒന്നുമാണതു്. ഇന്ത്യൻ ഭരണഘടന രണ്ടാം പാർട്ടു് 25-ാംവകുപ്പു് എന്താണു പ്രഖ്യാപിക്കുന്നതു്? പ്രസ്തുത വകുപ്പു താഴെച്ചേർക്കുന്നു: "പൊതുക്രമത്തിനും, ധാർമ്മികത്വത്തിനും, പൊതുജനാരോഗ്യത്തിനും, ഈ പാർട്ടിൻെറ മററു വ്യവസ്ഥകൾക്കും വിധേയമായി എല്ലാവർക്കും മനസ്സാക്ഷിസ്വാതന്ത്ര്യത്തിനും മതവിശ്വാസം പാലിക്കുവാനും അനുഷ്ഠിക്കുവാനും പ്രചരിപ്പിക്കുവാനും തുല്യാവകാശമുണ്ടായിരിക്കുന്നതാകുന്നു." മതപ്രചാരണം (Propagation of Religion) എന്ന പദസംഹിത കോൺസ്റ്റിററ്യുവൻറു് അസംബ്ലി സുവിശദമായ ചർച്ചയ്ക്കുശേഷമാണ് പ്രസ്തുത വകുപ്പിൽ ചേർത്തിട്ടുള്ളതെന്നതു് ഈ ഘട്ടത്തിൽ സ്മരണീയമാണ്. ഏതെങ്കിലും ജനവിഭാഗത്തിനു് ഈ അവകാശം നിഷേധിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയല്ല പ്രസ്തുത വകുപ്പിൽ ഈ അവകാശം ഖണ്ഡിതമായി ഉറപ്പുനൽകിയിരിക്കുന്നതെന്നുള്ളതു് വ്യക്തമാണല്ലോ. ഇപ്പോൾ പാർലമെൻറു മുൻപാകെയുള്ള ബില്ലിൻെറ രൂപത്തിൽ ഒരു പരിതിരിപ്പൻനിയമനിർമ്മാണത്തിനു ഇവിടെ യാതൊരു പ്രസക്തിയുമില്ലെന്നും, അതു് ദുരുദ്ദേശപരമാണെന്നും ഇതിൽനിന്നെല്ലാം അവിതർക്കിതമായി തെളിയുന്നുണ്ട്. എന്നാൽ ചില സങ്കുചിതബുദ്ധികൾ ഈ മൗലികസ്വാതന്ത്ര്യാവകാശങ്ങളെ ചില വിഭാഗക്കാരിൽനിന്നും അപഹരിച്ചെടുക്കുവാൻ കിണഞ്ഞുപരിശ്രമിക്കുകയാണെന്നും കോൺഗ്രസുകാരെന്നുപറയപ്പെടുന്ന ചില വർഗ്ഗീയബുദ്ധികൾതന്നെയാണ് ഇതിൻെറ പിന്നിലുള്ളതെന്നും നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഈ ബില്ലിനെതിരായി യഥാർത്ഥ മതസഹിഷ്ണുതാബോധമുള്ള ഏവരും സ്വരമുയർത്തേണ്ടതാണ്. കേന്ദ്രഗവർമ്മെൻറിൻെറയും പാർലമെൻറിൻെറയും മുൻപാകെ അവർ തങ്ങളുടെ തീവ്രമായ വികാരങ്ങൾ സമർപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ജനനേതാക്കന്മാരുടെയും പൊതുസംഘടനകളുടെയും അടിയന്തിരശ്രദ്ധയെ ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. (മ. ഒ.)

—o—

## പ്രസാധകക്കുറിപ്പുകൾ

### ക്രിസ്തുമതം പൗരസ്ത്യരീതിയിൽ വീക്ഷിക്കപ്പെടണം

ഷേർഹാമിൽ കൂടിയ ആറാമത്തെ മിഷൻ സിക്രട്ടേരിയേററ് വാർഷികത്തിൽ പ്രസംഗിക്കുകയിൽ വേദപ്രചാരസംഘത്തിൻെറ നാഷനൽ ഡയറക്ടറായ ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ ക്രിസ്തുമതത്തെ സംബന്ധിച്ചുള്ള പാശ്ചാത്യവും പൗരസ്ത്യവുമായ വീക്ഷണവ്യത്യാസങ്ങളെ പരാമർശിക്കുകയുണ്ടായി. "നാം പൗരസ്ത്യരുടെ വീക്ഷണഗതിയെ മനസ്സിലാക്കുകയും പരിശോധം പുതിയ ഒരു തത്വപ്രതിപാദനരീതി കെട്ടിപ്പടുക്കുകയും വേണം. അപ്പോൾ പൗരസ്ത്യർ ക്രിസ്തുമതം പാശ്ചാത്യമാണെന്നും കിഴക്കിൻെറതല്ലെന്നുമുള്ള ധാരണയിൽനിന്നു പ്രതിനിവർത്തിക്കുന്നതാണ്. ക്രിസ്തുവിൻെറ രക്ഷാകരമായ ദൗത്യം പൗരസ്ത്യദേശങ്ങളിലെന്നതിനേക്കാൾ പാശ്ചാത്യരാജ്യങ്ങളിലേക്കാണ് കൂടുതൽ സംക്രമിച്ചതു്. എല്ലാ പാതകളും റോമിലേക്കു തിരിക്കപ്പെട്ടു. അന്നു ഗ്രീക്കുസംസ്കാരം ഔന്നത്യം പ്രാപിച്ചിരുന്നു. അരിസ്റ്റോട്ടലിൻെറ അക്കാലത്താണ് മനുഷ്യബുദ്ധി പാരമ്യത്തിലെത്തിയതു്. വിശ്വാസപ്രചാരണത്തിനു അതു വഴിതെളിച്ചു. എന്നാൽ ഇപ്പോൾ ക്രിസ്തുമതത്തിനു പൂർവ്വദിക്കുകളിലേക്കു പ്രചരിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് സുവിശദമായി തെളിഞ്ഞിരിക്കുന്നതു്. ക്രിസ്തുമതം പാശ്ചാത്യമാണെന്നുള്ള ധാരണയെ ദൂരീകരിക്കുന്നതിനു നാം ശ്രമിക്കണം. ക്രിസ്തുമതം രാജ്യസീമകളാൽ ബന്ധിക്കപ്പെടുന്ന ഒന്നല്ല.

"പാശ്ചാത്യരുടെ മനസ്സു ന്യായങ്ങളെ ആരായുന്നു. നമ്മുടെ ആ രീതിയല്ല പൗരസ്ത്യരുടേതു്. അതു ചിന്താത്മകമാണ്. പൗരസ്ത്യവീക്ഷണത്തിൽ സത്യം എന്നതു് വികാരങ്ങളും പ്രവണതകളും മനസ്സും അഭിലാഷങ്ങളും എല്ലാം സമ്മേളിക്കുന്നതും മനുഷ്യൻെറ വ്യക്തിത്വത്തെ മുഴുവൻ സ്പർശിക്കുന്നതുമായ ഒന്നാണ്. പാശ്ചാത്യമനസ്സു ശിരസ്സിലാണെങ്കിൽ പൗരസ്ത്യമനസ്സു ഹൃദയത്തിലാണ്. അതു മാനുഷികമായതെല്ലാം സംഘടിപ്പിക്കുന്നതുകൊണ്ടു അതു കൂടുതൽ സമൃദ്ധമാണെന്നു പറയേണ്ടിയിരിക്കുന്നു." എന്നിങ്ങനെയാണ് അദ്ദേഹം വ്യക്തമായും വിശദമായും പാശ്ചാത്യപൗരസ്ത്യവീക്ഷണഗതികളെ വിശകലനം ചെയ്തതു്. അതുകൊണ്ടു് പാശ്ചാത്യരാജ്യങ്ങൾ ശാസ്ത്രീയമായ പരിഷ്കാരത്തിലും പൗരസ്ത്യരാജ്യങ്ങൾ ചിന്താത്മകമായ വികാസത്തിലും പുരോഗമിച്ചു എന്നദ്ദേഹം സമർത്ഥിക്കുകയും പൗരസ്ത്യജനതയെ സുവിശേഷതത്വങ്ങൾ ഗ്രഹിപ്പിക്കുന്നതിനു അഭിലഷിക്കുന്ന ക്രിസ്തീയമിഷനറിമാർ തദനുഗുണമായ ഒരു സമീപനരീതി സ്വീകരിക്കുന്നതിനു സന്നദ്ധരാകണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. "പ്രസ്തുതമിഷനറിമാർ യുക്തിവഴി വിശ്വസിക്കുന്ന പാശ്ചാത്യരുടെ തത്വപഠനരീതിയിൽമാത്രം പ്രാവീണ്യം സമ്പാദിച്ചാൽ പോരാ. പൗരസ്ത്യരെ സമാകർഷിക്കണമെങ്കിൽ അവരുടെ മഹാചിന്തകന്മാരെ പഠിക്കുകയും സ്വാഭാവികനിയമങ്ങൾക്കനുസരിച്ചു അവരുടെ തത്വസംഹിതയിൽ നന്മയായിട്ടുള്ളതെല്ലാം സ്വീകരിക്കുന്നതിനു സന്നദ്ധരാവുകയും വേ

ണം.” ക്രിസ്തുമതത്തെ പാശ്ചാത്യമെന്നു തെററിദ്ധരിച്ചിട്ടുള്ളവൎക്കു ഈ വിശദീകരണം അവരുടെ അബദ്ധത്തെ തെളിയിച്ചുകൊടുക്കുന്നു. പൗരസ്ത്യരെ സമീപിക്കുന്നതിനുള്ള സ്വീകാര്യമായ മാർഗ്ഗം അതു നിർദ്ദേശിക്കുന്നു. മിഷൻപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന എല്ലാവർക്കും ഇതു വിലതീരാത്ത ഒരു മാർഗ്ഗനിർദ്ദേശമാണു്. ക്രിസ്തുവിന്റെ രക്ഷാകരദൗത്യം പൗരസ്ത്യലക്ഷങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ പണ്ഡിതനും പരിചയസമ്പന്നനുമായ ബിഷപ്പിന്റെ ഈ വിശദീകരണം ഏവരുടേയും പ്രത്യേകശ്രദ്ധയെ ആകർഷിക്കേണ്ടതാണെന്നു നിസ്തർക്കമത്രേ. ക്രിസ്തു പൗരസ്ത്യഹൃദയങ്ങളിൽ പ്രകാശിക്കുന്നതിനു ഇതു വെളിച്ചം നൽകട്ടെ.

* * *

## വർണ്ണവിവേചനം കത്തോലിക്കർ എതിർക്കണം

അമേരിക്കയിൽ ലാഫയേററു് രൂപതയിലെ അദ്ധ്യാപകസമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ടു് ഷ്റെവെ പോർട്ടിലെ റവ. ജോസഫ് ബി. ഗ്രെമില്ലിയോൺ നിർവ്വഹിച്ച ഒരു പ്രസംഗത്തിൽ അവിടത്തെ ജനങ്ങളുടെ ഇടയിലുള്ള വർണ്ണവിവേചനമനഃസ്ഥിതി കത്തോലിക്കാ ആദർശത്തിനു വിരുദ്ധമാണെന്നു പ്രസ്താവിക്കുകയും അതിനെതിരായി അദ്ധ്യാപകവൃന്ദം നിരന്തരമായി പോരാടണമെന്നുൽബോധിപ്പിക്കുകയും ചെയ്തു. വൈദികരും അവൈദികരും, സന്യാസികളും സന്യാസിനികളും ആയി 500ൽപരം അദ്ധ്യാപകർ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. കത്തോലിക്കാ അദ്ധ്യാപകന്മാർ ദീപവാഹകരാണെന്നും എല്ലാ ജാതികളേയും എല്ലാ സൃഷ്ടിജാലങ്ങളേയും പഠിപ്പിക്കുന്നതിനുള്ള ക്രിസ്തുവിന്റെ ആജ്ഞ പ്രത്യേകതരത്തിൽ അവരെ സംബന്ധിക്കുന്നതാണെന്നും അദ്ദേഹം വിശദീകരിച്ചു. അദ്ദേഹം പറഞ്ഞു:-“ചരിത്രം നമ്മെപ്പററി വിധിയെഴുതും; ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കുവാനുള്ള ദിവ്യന്യായാധിപനും നമ്മെ വിധിക്കാതിരിക്കയില്ല. സാമൂഹികമായ എല്ലാ രംഗങ്ങളിലും നീഗ്രോകളെ നാം സഹോദരങ്ങളെപ്പോലെ സ്വാഗതം ചെയ്യണം. അതു സുപ്രീംകോടതിയുടെ വിധിയെ മാനിക്കുന്നതിനു മാത്രമോ, നമ്മുടെ സംഘടനയുടെ ആദർശത്തെ പുലർത്തുന്നതിനു മാത്രമോ ആയിരിക്കരുതു്; പ്രത്യുത ക്രിസ്തുവിനെപ്രതിയായിരിക്കണം നാം അങ്ങിനെ പ്രവർത്തിക്കുന്നതു്.

“ഒന്നാമതായി, ക്രിസ്തുവിന്റെ ദൗത്യം ലോകം മുഴുവനും വേണ്ടിയുള്ളതാണു്. അതുകൊണ്ടു് നമ്മുടെ എല്ലാ ദേവാലയങ്ങളിലും, വിദ്യാലയങ്ങളിലും, സാമൂഹികസംഘടനകളിലും നമ്മുടെ നീഗ്രോസഹോദരരേയും സ്വീകരിക്കണം. ഈ മാതൃക ലോകം മുഴുവനും ഒരു പാഠമായിരിക്കും. രണ്ടാമതായി, ഒരു നീഗ്രോസഹോദരനോടു മാന്യമായ ഈ പരിഗണന കാണിക്കുന്നതിനു അകാരണമായ അമാന്തം പ്രദർശിപ്പിക്കുന്നവർ വർണ്ണവിവേചനത്തിന്റെ ഒരിടത്തട്ടിൽ ഉൾപ്പെടുകയാണു്. ഒരു നീഗ്രോസമുദായത്തിൽ അധഃകൃതനായി സൃഷ്ടിക്കപ്പെട്ടവനെന്നോ, അല്ലെങ്കിൽ അയാളുടെ നിറത്തെ അടിസ്ഥാനമാക്കി ദൈവം അയാളെ ശപിച്ചിരിക്കുന്നുവെന്നോ ആരെങ്കിലും വിശ്വസിക്കുന്നുവെങ്കിൽ അതൊരിടത്തട്ടുതന്നെയാണു്. മൂന്നാമതായി, നാമെല്ലാവരും ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളായതുകൊണ്ടു് ദേവാലയത്തിലും സമുദായത്തിലും നീഗ്രോയ്ക്കും പരിപൂർണ്ണമായ സ്വാതന്ത്ര്യവും സ്വാഗതവും നൽകപ്പെടണം. അയാളെ നാം വിവേചിക്കുകയാണെങ്കിൽ ക്രിസ്തുവിനെത്തന്നെയാണു് നാം പുറംതള്ളുന്നതു്. നാലാമത്തെ ന്യായം, ഇതിലാണു് ക്രിസ്തീയപൂർണ്ണത അടങ്ങിയിരിക്കുന്നതു് എന്നതാണു്. ക്രിസ്തുതന്നെ ഈ ലക്ഷ്യം പ്രഖ്യാപിച്ചിട്ടുണ്ടു്. അതുകൊണ്ടു വർണ്ണവിവേചനയിൽ നമുക്കു ലോകത്തിന്റെ രീതികളെ അംഗീകരിക്കാൻ നിവൃത്തിയില്ല; ക്രിസ്തുവിന്റെ നേതൃത്വം നമ്മുടെ മാർഗ്ഗമായിരിക്കണം.” അമേരിക്കയിലെ നീഗ്രോകളെപ്പററിയാണു് അദ്ദേഹം പ്രതിപാദിക്കുന്നതെങ്കിലും ലോകത്തെവിടെയുമുള്ള മനുഷ്യരെ ഇതു അതേവിധത്തിൽ ബാധിക്കുന്നതാണു്. വർഗ്ഗ, വർണ്ണ, ജാതി, മതവ്യത്യാസങ്ങൾ എണ്ണമില്ലാത്തവണ്ണം വർദ്ധിച്ചിരിക്കുന്ന നമ്മുടെ മാതൃരാജ്യത്തെ സംബന്ധിച്ച ഈ വിശദീകരണം എത്രമേൽ അർത്ഥവത്താണെന്നു പ്രത്യേകം പറയേണ്ടതില്ല. ക്രിസ്തുവിന്റെ ആജ്ഞയും ആദർശവും അക്ഷരശഃ പ്രായോഗികമാക്കുന്നതിനു ഓരോ ക്രിസ്ത്യാനിയും ശ്രമിക്കണം. ഈ പ്രബോധനത്തിലടങ്ങിയിരിക്കുന്ന മഹനീയാദർശം ഏതൊരു മനുഷ്യനും സ്വീകരിക്കേണ്ടതു സ്വാഭാവികവും മനുഷ്യോചിതവുമാണു്.

# ഭരണഘടനയെ വിഗണിച്ചു ക്രിസ്ത്യാനികൾക്കെതിരായുള്ള ആക്രമണങ്ങൾ

## ഇന്ത്യൻ കാത്തലിക്ക് ബിഷപ്പ്സ് കോൺഫറൻസിന്റെ പ്രസ്താവന

ഇന്ത്യയിലെ കത്തോലിക്കാ ബിഷപ്പ്സ് കോൺഫറൻസിന്റെ സ്റ്റാൻഡിംഗ് കമ്മിററിയുടെ പത്താമത്തു സമ്മേളനം ഒക്ടോബർ 22 മുതൽ 30 വരെ തീയതികളിൽ അലഹബാദിൽവച്ചു നടന്നിരിക്കുന്നു. സ്റ്റാൻഡിംഗ് കമ്മിററി അംഗങ്ങളായ കൽക്കട്ട, വരാപ്പുഴ, മധുര, ഡൽഹി-സിംലാ, ബാങ്ക്ളൂർ, ഹൈദ്രബാദ്, നാഗ്പൂർ ആർച്ചുബിഷപ്പുതിരുമേനിമാരും, പോണ്ടിച്ചേരി കോഡ്യൂത്തോർ ആർച്ചുബിഷപ്പുതിരുമേനിയും, അലഹബാദ്, നെല്ലൂർ, ചങ്ങനാശേരി ബിഷപ്പുതിരുമേനിമാരും യോഗത്തിൽ സംബന്ധിച്ചിരുന്നു.

യോഗത്തിന്റെ അവസാനത്തിൽ സ്റ്റാൻഡിംഗ് കമ്മിററി താഴെക്കാണുന്ന പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

1955 ഫെബ്രുവരിമാസത്തിൽ, ബാങ്ക്ളൂരിൽ കൂടിയ ഞങ്ങളുടെ കഴിഞ്ഞ സമ്മേളനത്തിൽ, സമരോദ്യുക്തമായ ചില വിഭാഗീയ സംഘടനകളുടെ അക്രമപരമായ മനോഭാവംമൂലം ഉളവായിക്കൊണ്ടിരിക്കുന്ന വിഷമതകളുടെ ഫലമായി ഇന്ത്യയുടെ ചില ഭാഗങ്ങളിലുള്ള ക്രിസ്ത്യൻസമുദായത്തിനും അവരുടെ വൈദികർക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭയാശങ്കകളെ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു.

സ്വന്തം കാൽ ഉറപ്പിക്കുവാനുള്ള ശ്രമത്തിൽ, നവഭാരതത്തിനു്, ന്യൂനപക്ഷങ്ങൾക്കുവേണ്ടി ചെയ്യാവുന്നതെല്ലാം ഉടനടി ചെയ്യുവാൻ സാധിച്ചെന്നുവരികയില്ലെന്നു ഞങ്ങൾ നല്ലപോലെ മനസ്സിലാക്കുന്നു. സഹിഷ്ണുത ഒരു ഗുണമെന്ന നിലയിൽ, വളരെ സാവധാനത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഗ്രാമപ്രദേശങ്ങളിലെ പ്രതികൂലസംഭവങ്ങൾക്കു വേണ്ട വക തള്ളുവാനും ഞങ്ങൾ തീർത്തും സന്നദ്ധരാണു്. ഈ വടംവലികൾക്കു ഒരു പരിഹാരമുണ്ടാകുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കപ്പെടുമെന്നുള്ള പ്രത്യാശ ഞങ്ങൾ പ്രകടിപ്പിച്ചിരുന്നു.

എന്നാൽ ഞങ്ങൾക്കു അത്യധികം നിരാശയാണുണ്ടായിട്ടുള്ളതു്. വിഷമതകൾ ഉണ്ടായിരിക്കുന്നതു വ്യക്തികളിൽനിന്നല്ല, സംഘടിതസമൂഹങ്ങളിൽ നിന്നാകുന്നു; ഗവർമ്മെണ്ടിൽനിന്നും യാതൊന്നും ഭയപ്പെടുവാനില്ലായെന്ന മട്ടിലാണു് ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. അവ കേവലം ഒരു മാററത്തിന്റെ ഫലമല്ല. ഭരണഘടനയെ അവഗണിക്കുന്നതിനും, ക്രിസ്തീയവിശ്വാസം സ്വീകരിക്കുന്നവരുടെ ഇടയിൽ ഭയവും ആശങ്കയും പ്രചരിപ്പിക്കുന്നതിനുമുള്ള മനഃപൂർവ്വമായ യത്നത്തിന്റെ അടയാളങ്ങളാകുന്നു അവ. ഈ സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതു ഒരു സ്റ്റേററിൽ മാത്രമല്ലതാനും.

ഈ സംഗതികളെ ശ്രദ്ധയിൽ പെടുത്തുകയോ ശിക്ഷിക്കുകയോ ചെയ്യാതെ പോകുവാൻ അനുവദിക്കുന്നതുകൊണ്ടും കേന്ദ്രഗവർമ്മേണ്ടിനോടു് ഇതേവരെ ചെയ്തിട്ടുള്ള അഭ്യർത്ഥനകളെല്ലാം നിഷ്ഫലമായിത്തീർന്നിട്ടുള്ളതുകൊണ്ടും രാജ്യത്തിലെ തീവ്രവാദഘടകങ്ങൾ സുശക്തങ്ങളായിത്തീർന്നിരിക്കുന്നു. നിയമവും ക്രമവും പാലിക്കപ്പെടുകയില്ലെന്നും ക്രിസ്ത്യാനികളെ ശിക്ഷയെ ഭയപ്പെടാതെയും അധികാരികളുടെ സഹായത്തോടുകൂടിത്തന്നെയും, ആക്രമിക്കാമെന്നും അവർക്കു ബോദ്ധ്യമുള്ളതുപോലെ കാണപ്പെടുകയും ചെയ്യുന്നു.

“ക്രിസ്തുമതം ഇന്ത്യയിലെ അതിപ്രാചീനമായ മതങ്ങളിലൊന്നാണെന്നും, ക്രൈസ്തവവിരുദ്ധമായിത്തീരാവുന്ന ഏതൊരു പ്രക്ഷോഭണവും രാജ്യത്തിന്റെ മതേതരനയത്തിനു പൂർണ്ണമായും എതിരായിട്ടുള്ളതും ആകയാൽ തടയപ്പെടേണ്ടതുമാണെന്നും,” പ്രധാനമന്ത്രി 1955 മേയ് 31-ാം തീയതി ഇന്ത്യൻജനതയെ അനുസ്മരിപ്പിക്കുകയുണ്ടായി. ഈ പ്രസ്താവന വകവച്ചിട്ടില്ലെന്നാണു്, അതിനുശേഷം ഉണ്ടായിരിക്കുന്ന പല സംഭവങ്ങളും തെളിയിക്കുന്നതു്. അവയിൽ ചിലതു ചൂണ്ടിക്കാണിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

കുട്ടികളേയും അദ്ധ്യാപകന്മാരേയും സംബന്ധിച്ചിടത്തോളം മര്യാദരഹിതമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ടു്, ക്രൈസ്തവവിദ്യാലയങ്ങളുടെ അസ്തിത്വം തന്നെ ഇല്ലാതാക്കുവാൻ ചില സ്ഥലങ്ങളിൽ ശ്രമങ്ങൾ നടക്കുകയുണ്ടായിട്ടുണ്ടു്. റായ്ഗാറിലെ സ്കൂളുകളുടെ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ പോലീസിന്റെ സഹായത്തോടുകൂടി 1955 ജൂൺ മാസത്തിൽ മൂന്നു സ്കൂളുകളിൽ ഒരു ആക്രമണം നടത്തി റിക്കാർഡുകൾ എടുത്തുകൊണ്ടുപോയി; അവ ഇതേവരെ മടക്കിക്കൊടുത്തിട്ടില്ല.

മതപരിവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും, മാനസാന്തരപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവരെ സഹായിക്കുന്നവർ രജിസ്റ്റർ ചെയ്യുകയും ലൈസൻസ് എടുക്കുകയും വേണമെന്നു വ്യവസ്ഥപ്പെടുത്തുന്നതിനുമായി സെപ്തംബർ 30-ാംതീയതി ലോകസഭയിൽ ഒരു അനൗദ്യോഗിക ബിൽ അവതരിപ്പിക്കപ്പെടുകയുണ്ടായി. ക്രിസ്തീയപ്രവർത്തനങ്ങളോടു സ്പഷ്ടമായ എതിർപ്പു കാണിക്കുന്ന അനേകം പ്രസംഗങ്ങൾക്കു അതൊരു അവസരമാക്കിത്തീർത്തു.

ഒക്ടോബർ 5-ാംതീയതി ഗയാ ഡിസ്ട്രിക്ടിൽ പക്കിറി ബാർവനിലെ വർദ്ധമാൻ നഗറിൽ, ഒരു ഇന്ത്യൻ കത്തോലിക്കാവൈദികനെയും അദ്ദേഹത്തിന്റെ ഇടവകക്കാരെയും, കത്തോലിക്കാ ആരാധനയുടെ കേന്ദ്രമായ വിശുദ്ധകുർബാന സമർപ്പിച്ചുകൊണ്ടിരുന്ന അവസരത്തിൽ ആര്യസമാജക്കാർ നികൃഷ്ടവും, ആക്ഷേപകരവുമായ രീതിയിൽ ആക്രമിക്കുകയുണ്ടായി. ലാത്തികളും കുന്തങ്ങളും ധരിച്ചു ഒരു ജനക്കൂട്ടം ദേവാലയത്തിൽ പ്രവേശിച്ചു ജനങ്ങളെ കൈയ്യേററം ചെയ്തശേഷം അൾത്താരയിങ്കൽ നിന്നിരുന്ന വൈദികനെ മർദ്ദിക്കുവാൻ തുടങ്ങി. അദ്ദേഹത്തിൽനിന്നു താക്കോലുകൾ കൈവശപ്പെടുത്തി ദേവാലയവും അദ്ദേഹത്തിന്റെ വസതിയും അവർ കൊള്ളചെയ്തു. വിശുദ്ധ കുർബാനയോടു കാണിച്ചു ദൈവദൂഷണാപരമായ അവഹേളനമാണു ഞങ്ങളെ ഏററവുമധികം പരിഭ്രാന്തരാക്കിയിരിക്കുന്നതു്. പൂജാപാത്രങ്ങൾ എടുത്തുകൊണ്ടു പോകുന്നതിനുമുൻപു കൂദാശ ചെയ്യപ്പെട്ട ഓസ്തികൾ അവർ തറയിൽ വലിച്ചെറിയുകയുണ്ടായി.

ചില സ്റ്റേററുകളിൽ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർ വൈദികരോടു ചോദിക്കുന്ന ഏററം പ്രകോപനപരമായ ചോദ്യങ്ങളുടെ കാര്യങ്ങളിലേക്കും ശ്രദ്ധയെ ക്ഷണിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ചില നിർദ്ദിഷ്ടപ്രദേശങ്ങളിൽ എത്ര മാനസാന്തരങ്ങൾ നടത്തിയിട്ടുണ്ടു്, ഇവരിൽ എത്ര പേർ ഗോത്രവർഗ്ഗക്കാരാണു്, എത്ര പേർ പട്ടികജാതികളിൽപെട്ടവരാണു്, ഇടവകയിൽ ഇപ്പോഴുള്ള ജനങ്ങളിൽ എത്രപേർ ജന്മനാക്രിസ്ത്യാനികളായിട്ടുള്ളവരാണു്, 1947നു ശേഷം അക്ഷരാഭ്യാസം സിദ്ധിച്ച എത്രപേർ മാനസാന്തരപ്പെട്ടിട്ടുണ്ടു്, എന്നെല്ലാം വൈദികരോടു ചോദിക്കുന്നു. ഇന്ത്യയുടെ താല്പര്യങ്ങളോടു കൂറില്ലാത്തവരും അതിനെ ഒററിക്കൊടുക്കുന്നവരുമായ ഒരു വിദേശീയ സമൂഹമായിരുന്നാലെന്നപോലെ ക്രിസ്ത്യൻസമുദായത്തോടു മാത്രമേ ഈ ചോദ്യങ്ങൾ ചോദിക്കപ്പെടുന്നുള്ളു. ഈ രാജ്യത്തിലുള്ള മിഷ്യനറിമാർ യാതൊരു വിധത്തിലും ഉപദ്രവിക്കപ്പെടുന്നതല്ലായെന്നു ആഭ്യന്തരമന്ത്രി ഉറപ്പു നൽകിയതിനുശേഷമാണു ഇങ്ങനെ സംഭവിക്കുന്നതു്.

വിവിധസമുദായങ്ങളുടെ ഇടയിൽ ഐക്യവും സമാധാനവും യോജിപ്പും നിലനിർത്തുന്നതിനു വേണ്ടി അക്രമപരവും പക്ഷപാതപരവുമായ ഇത്തരം പ്രകടനങ്ങളെ തടയുവാൻ ഗവർമ്മെണ്ടു ഉടനടി നടപടികളെടുക്കേണ്ടതാണെന്നു ഞങ്ങൾക്കു തോന്നുന്നു. എന്തെങ്കിലും പ്രത്യേകാനുകൂല്യങ്ങൾ വേണമെന്നല്ലാ ഞങ്ങൾ ആവശ്യപ്പെടുന്നതു്. ന്യൂനപക്ഷങ്ങൾക്കു ഭരണഘടന ഉറപ്പു നൽകിയിരിക്കുന്നതും, നമ്മുടെ ഗവർമ്മെൻറുകൂടി സമ്മതിച്ചിട്ടുള്ള ഐക്യരാഷ്ട്രചാർട്ടറിലെ മനുഷ്യാവകാശപ്രഖ്യാപനത്തിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ളതുമായ പാവനവും അനന്യഹാര്യവുമായ അവകാശങ്ങളെ അംഗീകരിക്കണമെന്നു മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളു.

നൂററാണ്ടുകളായി കത്തോലിക്കർ മററു മതവിശ്വാസികളോടു സ്നേഹത്തിലും സൗഹാർദ്ദത്തിലും ജീവിച്ചുപോരുന്നതാണു്. ഞങ്ങളുടെ മതവിശ്വാസവും ആചാരങ്ങളും മററു യാതൊരു സമുദായത്തിനും ഉപദ്രവത്തിനോ, പ്രകോപനത്തിനോ കാരണമായിത്തന്നിട്ടില്ല; കാരണമാകുന്നതുമല്ല. വിഭിന്നമതവിശ്വാസങ്ങളുടെയും മൂല്യങ്ങളുടെയും, സമാധാനപരമായ സഹവർത്തിത്വത്തിനു വേണ്ടിയാണു് ഇന്ത്യൻ സംസ്കാരം നിലകൊള്ളുന്നതെന്നു വൈസ്

**For favours received by the help of blessed Martin De Pores.**



By P. J. George, Ernakulam

## അടുത്തയാഴ്ചയിൽ

നവംബർ
10 വ്യാ: വി. അന്ത്രയോസ് അവെല്ലീനോസ്
11 വെ: വി. മത്തീദനാസ്
12 ശ: വി. മത്തീദനാസ് പാപ്പാ
13 ഞാ: പന്തക്കുസ്ത 24-ാം ഞാ. കന്യകമറിയത്തിന്റെ മാദ്ധ്യസ്ഥം
14 തി: വി. ഇഗ്നേഷ്യസ് ചയോള
15 ചൊ: വി. ജർത്രൂദ്
16 ബു: വി. ദൊനാത്തോസ്


## ആശംസ

പാലാ ലിററിൽ ഫ്ളവർ കാൻഡിൽ വർക്ക്സ് ഉടമസ്ഥൻ മി. ജെ. തോമ്മസ് ചാവറയാൽ ഉണ്ടാക്കപ്പെടുന്നതും പള്ളി അൾത്താരകളിൽ ഉപയോഗിക്കാൻ കൊള്ളാവുന്നതുമായ മെഴുകുതിരികളും എണ്ണത്തിരികളും പരീക്ഷണാർത്ഥം ഉപയോഗിച്ചതിൽ വളരെ ഫലപ്രദമാണെന്നു സാക്ഷ്യംവഹിക്കുന്നതിൽ എനിക്കു സന്തോഷമുണ്ടു്. മി. തോമ്മസിന്റെ പ്രയത്നങ്ങളിൽ സകല വിജയങ്ങളും ഭാസുരമായ ഭാവിയും ആശംസിക്കുകയും, പൈതൃക ആശീർവ്വാദം നൽകുകയും ചെയ്യുന്നു.

കാഞ്ഞിരപ്പള്ളി 10-4-1951 — എന്നു്, മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ (ഒപ്പ്)

# ക്രിസ്തുരാജതിരുനാളാഘോഷങ്ങൾ

**മാള:** മാള, കുരുവിലശ്ശേരി ആശ്രമം, താണിശ്ശേരി മുതലായ പള്ളികൾ ഏകോപിച്ച് ക്രിസ്തുരാജന്റെ തിരുനാൾ സാഘോഷം കൊണ്ടാടിയിരിക്കുന്നു. കുരുവിലശ്ശേരി ആർ. വി. സ്കൂൾമൈതാനിയിൽ സജ്ജമാക്കിയിരുന്ന പൂപ്പന്തലിൽ നാലുമണിയോടുകൂടി ഘോഷയാത്രകൾ എത്തിച്ചേർന്നു. അവിടെവച്ചു റവ. ഫാദർ പാറനിലത്തിന്റേയും ശ്രീ കെ. കെ. തോമസ് ബി. എ. ബി. ടി. അവർകളുടേയും പ്രസംഗങ്ങൾ നടന്നു. പ. കർബാനയുടെ വാഴ്വോടുകൂടി ചടങ്ങുകൾ അവസാനിച്ചു.

**കോന്നി:** വകയാർ, കോന്നി, കീഴവള്ളൂർ, പൂങ്കാവ്, ളാക്കൂർ, കോട്ടയം, അതിരുങ്കൽ, മുറിഞ്ഞകല്ല്, കൂടൽ, നെടുവങ്കാവ് മുതലായ ഇടവകകളുടെ ആഭിമുഖ്യത്തിൽ ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ഏററവും ആഡംബരപൂർവ്വം നടത്തപ്പെടുകയുണ്ടായി. ഒരു വമ്പിച്ച റാലിയെ തുടർന്ന് നടത്തപ്പെട്ട പൊതുയോഗത്തിൽ റവ. ഫാദർ സി. മാത്യു ഏഴാനിക്കാട്ട് ബി. എസ്.സി. ബി. ടി. അവർകൾ ആദ്ധ്യക്ഷം വഹിച്ചു. ശ്രീ തോമസ് കണയംപ്ലാക്കൽ മുതലായവരുടെ പ്രസംഗങ്ങളും, കുട്ടികളുടെ കലാപരിപാടികളുമുണ്ടായിരുന്നു. "സഹപാഠി" എന്ന പ്രഹസനവും അഭിനയിക്കപ്പെട്ടു. ചടങ്ങുകളിൽ ധാരാളം അക്രൈസ്തവർ സംബന്ധിച്ചിരുന്നു.

**കറാനം:** ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ പ്രമാണിച്ച് കറാനത്തും അയൽഇടവകകളിലുമുള്ള കത്തോലിക്കരുടെ ഒരു പൊതുയോഗം സ്ഥലം പോപ്പ് പീയൂസ് XI ഹൈസ്കൂളിൽവച്ച് റവ. ഫാദർ സക്കറിയാസ് ചങ്ങങ്കരി ബി. എ. എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 30-ാംനു ഞായറാഴ്ച വൈകിട്ട് കൂടുകയുണ്ടായി. റവ. ഫാദർ എ. ആൽബർട്ട്, മെ: എം. കെ. മാത്തുണ്ണി, പി. ജി. എം. ദാസ് മുതലായവർ പ്രസംഗിച്ചു. ബീഹാറിൽനടന്ന ദാരുണമായ കൈയേറത്തേയും വിശുദ്ധ വസ്തുക്കളോടുള്ള അവഹേളനത്തേയും ശക്തിയായി പ്രതിഷേധിക്കുന്നതും, മാതൃകാപരമായ നടപടികൾ അക്രമികളുടെനേർക്കു സ്വീകരിക്കണമെന്നു ബീഹാർ ഗവണ്മെൻറിനേയും കേന്ദ്രഗവണ്മെൻറിനേയും ഉൽബോധിപ്പിക്കുന്നതുമായ പ്രമേയം റവ. ബ്രദർ അമ്പോഷ്യസ് ഒ. ഐ. സി., ബി. എ. ബി. എൽ. അവതരിപ്പിച്ചതു സദസ്യർ എഴുന്നേററുനിന്നു പാസാക്കുകയുണ്ടായി. അദ്ധ്യക്ഷൻ ഉപസംഹാരത്തിൽ പ്രമേയത്തെ പരാമർശിച്ച് ദീർഘമായി പ്രതിപാദിച്ചു.

**ചെങ്ങമനാട:** ക്രിസ്തുനാഥന്റെ രാജത്വത്തിരുനാൾ സംബന്ധിച്ച്, അകപ്പറമ്പ്, മേക്കാട്, കപ്രശ്ശേരി എന്നി സ്ഥലങ്ങളിൽനിന്നും ജാഥകൾ വൈകുന്നേരം നാലുമണിക്ക് ചെങ്ങമനാട് സെൻറ് ആൻറണീസ് കപ്പേളാങ്കണത്തിൽ വന്നുചേരുകയും അവിടെ വികാരി റവ. ഫാദർ ജോൺ കുന്നപ്പിള്ളി അവർകളുടെ ആദ്ധ്യക്ഷത്തിൽ പൊതുയോഗം ചേരുകയുംചെയ്തു. മി. ടി. ടി. പോൾ എം. എ. ബി. ടി., റവ. ഉമ്മൻ അയ്യനേത്തു് എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധകലാപ്രകടനങ്ങളും ഉണ്ടായിരുന്നു.

**നടവയൽ:** ക്രിസ്തുരാജന്റെ തിരുനാൾ പ്രമാണിച്ച് രാവിലെ തിരുക്കർമ്മങ്ങളും പൊതുദിവ്യകാരുണ്യസ്വീകരണവും നടന്നു. വൈകിട്ട നാലരമണിക്ക് വെരി റവ. ഫാദർ വർഗീസ് തൈയ്യിൽ ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ മീററിംഗിൽ റവ. ലൂക്ക് മനയത്തറയും മി. എൻ. വി. ജോർജും പ്രസംഗിച്ചു. മീററിംഗിനുശേഷം ബാലികമാർ "ദുഷ്ടന്റെ മാനസാന്തര"വും, ബാലന്മാർ "ത്യാഗബലി"യും പ്രഹസനങ്ങൾ അഭിനയിച്ചു.

**ചെങ്കൽ:** അ. കേ. ചെ. മിഷൻലീഗ് ചെങ്കൽശാഖയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ആഘോഷമായി കൊണ്ടാടിയിരിക്കുന്നു. ഉച്ചകഴിഞ്ഞ് പരിശുദ്ധ കർബാനയുടെ വാഴ്വ്, കുട്ടികളുടെ റാലി എന്നിവയ്ക്കുശേഷം കൂടിയ പൊതുസമ്മേളനത്തിൽ റവ. ഫാദർ മാത്യു വാക്കശ്ശേരി എം. എ. ബി. എൽ. അദ്ധ്യക്ഷതവഹിച്ചു. ഫാദർ ജേക്കബ് ഏത്തയിൽ സ്വാഗതമാശംസിച്ചു. ശ്രീ സി. കെ. ജോൺ ബി. എ. ബി കോം., ബ്രദർ പി. സി. ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

ഷെവ: കുയ്യൂ കുഞ്ഞിത്തൊമ്മന്റെ നിര്യാണത്തിൽ അനുശോചിച്ചും ബീഹാറിലെ മതവിരുദ്ധമായ കൈയേററത്തെ പ്രതിഷേധിച്ചും പ്രമേയങ്ങൾ പാസാക്കപ്പെട്ടു. യോഗാനന്തരം മിഷൻലീഗംഗങ്ങൾ "ഇങ്കിലാബ് ജോൺ" എന്ന പ്രഹസനം അഭിനയിച്ചു.

**കീഴ്വായ്പൂർ:** സ്ഥലം പള്ളിയിൽ ക്രിസ്തുരാജന്റെ തിരുനാൾ പൂർവ്വാധികം ഭക്തിപൂർവ്വം ആഘോഷിക്കപ്പെട്ടു. രാവിലെ ആഘോഷമായ തിരുക്കർമ്മങ്ങളും പൊതുദിവ്യകാരുണ്യസ്വീകരണവും ഉണ്ടായിരുന്നു. ഫാദർ മാത്യു വെള്ളാപ്പള്ളാടൻ പ്രസംഗംനടത്തി.

ഷെവ: തയ്യൂ കുഞ്ഞിത്തൊമ്മന്റെ നിര്യാണത്തിൽ അനുശോചിക്കുവാൻ ശ്രീ വർഗീസ് തോമസ് ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം നടത്തപ്പെട്ടു. അനുശോചനപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ പി. എം. ജോസ് ബി. എ. പ്രസംഗിച്ചു. സഭ എഴുന്നേററുനിന്നു പ്രമേയം പാസാക്കി.

**നരിവേലി:** രാജത്വത്തിരുനാൾ പ്രമാണിച്ച് 30-ാംനു 4 മണിക്ക് മണ്ണൂർ, നീറിക്കാട്, അമയന്നൂർ, നരിവേലി എന്നി പള്ളിക്കാർ യോജിച്ച് ഘോഷയാത്ര നടത്തുകയും നരിവേലി സൺഡേസ്കൂൾഹാളിൽ റവ. ഫാദർ തോമസ് തൊട്ടിൽ അവർകളുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുംചെയ്തു. യോഗത്തിൽ റവ. ഫാദർ ജോർജ് ചുണ്ടേവാലേൽ, ബ്രദർ ഫിലിപ്പ് കുമ്പളംതാനം എന്നിവർ പ്രസംഗിച്ചു. ബ്രദർ ടി. ഈ. മാത്യു തായിൽ, ബീഹാർമതമർദ്ദനത്തെ പ്രതിഷേധിച്ചു ഒരു പ്രമേയം അവതരിപ്പിച്ചു.

**മുട്ടുചിറ:** ക്രിസ്തുരാജത്തിരുനാൾ പല പള്ളിക്കാർകൂടി വമ്പിച്ച റാലിയോടും പൊതുസമ്മേളനത്തോടുംകൂടി കൊണ്ടാടുകയുണ്ടായി. റവ. ഫാദർ ജെ. ചേഴമ്പാത്തോട്ടം, ശ്രീ ജോസഫ് വെട്ടിക്കാടൻ എന്നിവർ പ്രസംഗിച്ചു. ബീഹാർസംഭവത്തെ പ്രതിഷേധിച്ച് ശ്രീ ജോസഫ് വെട്ടിക്കാടൻ പ്രമേയം അവതരിപ്പിക്കുകയും സമ്മേളനം ഏകയോഗമായി അതംഗീകരിക്കുകയുംചെയ്തു.

**അരുവിത്തുറ:** നെററിപ്പട്ടം കെട്ടിയ മൂന്നു ഗജവീരന്മാർ, മിഷൻലീഗ്, സ്കൗട്ട് എന്നീ സംഘടനകളിലെ അണിനിരന്ന അംഗങ്ങൾ, താളമേളങ്ങൾ എന്നിവയോടുകൂടിയ ഘോഷയാത്ര പത്തുമണിക്ക് പെരുന്നിലം സെന്തോമസ് ചാപ്പലിൽ എത്തി. തിരുക്കർമ്മങ്ങൾക്കുശേഷം റവ. ഫാദർ ഹെൻറി ഒ. എഫ്. എം. അവർകൾ പ്രസംഗിച്ചു.

**നിർമ്മലപുരം:** രാജത്വത്തിരുനാൾ പ്രമാണിച്ച് ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ റവ. ഫാദർ ജോസഫ ഒളശയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയുണ്ടായി. ശ്രീ ജോൺ ജെ. കണയംപ്ലാവൻ, ശ്രീ മാത്തുക്കുട്ടി ജെ. മുണ്ടാട്ടുചുണ്ട എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ കലാപ്രകടനങ്ങൾ യോഗത്തെ ആദ്യന്തം മോടിപിടിപ്പിച്ചു. ബീഹാറിലെ ആര്യസമാജക്കാരുടെ മതമർദ്ദനനയത്തിൽ പ്രതിഷേധിക്കുന്നതും കുററക്കാരെ മാതൃകാപരമായി ശിക്ഷിച്ചു നീതിപുലർത്തുവാൻ ബീഹാർഗവണ്മെൻറിനോടും കേന്ദ്രഗവണ്മെൻറിനോടും അഭ്യർത്ഥിക്കുന്നതുമായ പ്രമേയം പാസാക്കുകയുമുണ്ടായി.

---

പ്രസിഡണ്ടു് ഒക്ടോബർ 24-ാം തീയതി ഡെറാഡൂണിൽവച്ചു പ്രസ്താവിക്കുകയുണ്ടായി.

ദേശീയവും മതപരവുമായ കാരണങ്ങളെ ആധാരമാക്കി, അക്രമപരമായ ചില സംഘടനകൾ, ജനങ്ങളിൽ ഭൂരിപക്ഷത്തിന്റെ മതവും ദേശീയത്വവുമൊന്നാണെന്നു ഗണിക്കുകയും, ദേശീയവിരുദ്ധമായ ഒരു മതവും വിദേശസ്വാധീനതയുടെ ഒരു ഉപകരണവുമായി ക്രിസ്തുമതത്തെ വീക്ഷിക്കുകയും ചെയ്യുന്നില്ലേയെന്നു ഞങ്ങൾ ഭയപ്പെടുന്നു. കത്തോലിക്കാസഭ സാർവ്വത്രികവുംദേശീയാതീതവുമായ ഒരു സ്ഥാപനമാണെന്നു ഞങ്ങൾ ചൂണ്ടിക്കാണിക്കേണ്ട ആവശ്യമില്ലതന്നെ. ബലം പ്രയോഗിച്ചോ, ചതിമൂലമോ ഭൗതികമായ പ്രലോഭനങ്ങൾ നൽകിയോ ആണ് മാനസാന്തരങ്ങൾ സാധിക്കുന്നതെന്നുള്ള ആരോപണം ഞങ്ങളുടെ മിഷ്യനറിമാർക്കെതിരായി ഉന്നയിക്കുക സാദ്ധ്യമല്ല. ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുന്നതുകൊണ്ടു് വ്യക്തിപരമായ യാതൊരു പ്രയോജനവും അവർക്കു സിദ്ധിക്കാനില്ല. ദൈവത്തേയും തന്റെ സഹപൗരന്മാരുമായുള്ള മനുഷ്യന്റെ ബന്ധത്തെയും, ഭാവിജീവിതത്തെയും പററിയുള്ള ക്രൈസ്തവപഠനം പ്രചരിപ്പിക്കുകയെന്നുള്ളതു മാത്രമാണ് അവരുടെ ലക്ഷ്യം.

സംഭവങ്ങളുടെ വേദനാജനകമായ ഗതിയെയും സ്ഥിതിഗതികളുടെ ഭയാവഹമായ വർദ്ധനവിനെയും മുൻനിറുത്തി, കഴിഞ്ഞ രണ്ടര കൊല്ലത്തിനുള്ളിൽ സംഭവിച്ചുവരുന്ന, ക്രിസ്ത്യൻസമുദായം സംഘാതമായിത്തീർന്നിരിക്കുകയാകുന്നു.

---


E. C. & Co. JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം & മൂവാററുപുഴ
ശരിതൂക്കം, ശരി മാററ്, അന്നന്നത്തെ നിലവാരം
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)


## ചരമവാർത്തകൾ

**പേരാവൂർ:** ഈ പള്ളി ഇടവക ചെല്ലംകോട്ട ചാണ്ടി മറിയം 85-ാമത്തെ വയസ്സിൽ ഒക്ടോബർ 26-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. റവ. ഫാദർ മാത്യു മേക്കുന്നേൽ B. A. അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ, പിറേറദിവസം ശവസംസ്കാരം പള്ളിസിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു.

**ഇരിഞ്ഞാലക്കുട:** ടെക്നിക്കൽ ബിൽഡിംഗ്സിന്റെ ഇറയത്തുവച്ചു ആലപ്പുഴക്കാരനായ ഒരു ക്രിസ്ത്യാനി പെട്ടെന്നു മരിച്ചു. ശവസംസ്കാരകർമ്മം സ്ഥലത്തെ യുവാക്കന്മാരുടെ പരിശ്രമഫലമായി ആഘോഷപൂർവ്വം നടന്നിരിക്കുന്നു.

**എലിക്കുളം:** പാലാ വലിയപള്ളി ഇടവക ഉള്ളാട്ടുതറയിലായ വാണിയടത്ത് ഔസേപ്പ് മത്തായി (പെരുമനങ്ങാട്ട്) വാർദ്ധക്യസഹജമായ അസുഖങ്ങൾ നിമിത്തം ഒക്ടോ: 21-ാംനു നിര്യാതനായി. സംസ്കാരകർമ്മം പിറേറദിവസം പരേതന്റെ സഹോദരപുത്രനായ റവ. ഫാദർ ജയിക്കബ് മാളേക്കൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ എലിക്കുളംപള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു. റവ. ഫാദർ ജെ. വട്ടക്കാട്ട് അവർകൾ ചരമപ്രസംഗം നടത്തി. സംസ്കാരാനന്തരം സാധുക്കൾക്കു മൃഷ്ടാന്നഭോജനവും നൽകപ്പെട്ടു.


R. I. P.


## ഇടവകവാർത്തകൾ

**മൂന്നുമുറി:** ഈ പള്ളിയിൽ കൊന്തഭക്തിയുടെ അവസാനദിവസമായ 30-ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞു കുരിശു പിടിച്ചുകൊണ്ടുള്ള പരിഹാരപ്രദക്ഷിണം പുറപ്പെടുകയും ഏതാണ്ട 4 മണിയോടുകൂടി കോടാലിയിൽ എത്തുകയും ചെയ്തു. അവിടെ കപ്പേളയുടെ സമീപം കമനീയമായി കെട്ടിയുണ്ടാക്കിയ പന്തലിൽവച്ച് പരിശുദ്ധകുർബാനയുടെ വാഴ്വും തുടർന്ന് ശ്രീ പോൾ മാൻവട്ടം B. A; B. L. അവർകളുടെ പ്രസംഗവും ഉണ്ടായിരുന്നു.

**വലിയ പെരുമ്പുഴ:** സ്ഥലത്തു നവമായി പണിയിച്ച ഫാത്തിമാനാഥയുടെ കുരിശടിയുടെ വെഞ്ചരിപ്പുകർമ്മം ഒക്ടോബർ 23-ാംനു രാവിലെ നി. വ. ദിവ്യശ്രീ കൊല്ലം മെത്രാൻ തിരുമനസ്സുകൊണ്ടു് നിർവ്വഹിക്കയുണ്ടായി. അന്നു വൈകിട്ട് "വേദപ്രചാരണോയർ അഖിലപ്രതാ സമ്മേളനം" അഭിവന്ദ്യതിരുമേനിയുടെ അദ്ധ്യക്ഷതയിൽ വലിയ പെരുമ്പുഴ "ഫാത്തിമാനഗറിൽ"വച്ചു നടത്തപ്പെട്ടു. ശ്രീ ക്ലമന്റ് ഡിക്രൂസ് M. A. ശ്രീ C. P. ദേവസി M. Sc. മുതലായവർ പ്രസംഗിക്കുകയുണ്ടായി.

**പൊൻകുന്നം:** ബീഹാർ സംഭവത്തെ സംബന്ധിച്ചുള്ള ഒരു പ്രതിഷേധയോഗം ഒക്ടോ: 30-ാംനു ഞായറാഴ്ച സ്ഥലം തിരുക്കുടുംബദേവാലയമൈതാനത്തുവച്ചു കൂട്ടുകയും പ്രമേയങ്ങൾ പാസ്സാക്കി ഔദ്യോഗികസ്ഥാനങ്ങളിൽ അയച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു.



പ്രസിദ്ധ എല്ലായിനം വാച്ചുകൾക്കും ഞങ്ങളെ സമീപിക്കുക.
കണിയാമ്പറ ബ്രദേഴ്സ്, ബ്രോഡ്വെ
ഫോൺ 501 എറണാകുളം

(തുടർച്ച)

## ഉപസംഹാരം

### അഭ്യർത്ഥന

ഇപ്രകാരം നിരവധി അകത്തോലിക്കാ മഹാന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിരിക്കുന്ന ഈ സഭ, കേവലം മനുഷ്യനിർമ്മിതമായ ഒരു സ്ഥാപനമാണെന്നു ശത്രുക്കൾക്കുകൂടി വിധിക്കാൻ തോന്നുമോ? 20-ാം നൂറ്റാണ്ടോടുകൂടി ഭൂലോകത്തിലെ രാജവാഴ്ചകളെല്ലാം അവസാനിച്ചിട്ടും കത്തോലിക്കാസഭയുടെ മഹത്വവും ശക്തിയും വാഴ്ചയും ഉപര്യുപരി വർദ്ധിച്ചുവരികയല്ലേ ചെയ്യുന്നതു്? രാജവാഴ്ചകളുടെയെല്ലാം ഉത്ഭവവും അവസാനവും അവൾ കണ്ടുകൊണ്ടിരുന്നതുപോലെതന്നെ, ആധുനികജനാധിപത്യങ്ങളുടെ രൂപീകരണവും വളർച്ചയും പരിവർത്തനങ്ങളും അവൾ ദർശിച്ചുകൊണ്ടിരിക്കുന്നു. മദ്ധ്യഅമേരിക്കയിൽ മെക്സിക്കോയിലെ ജനാധിപത്യത്തിന്റെ ഉത്ഭവം അവൾ കണ്ടു; മർദ്ദനം അവൾ ഏറ്റു; പരിവർത്തനം അവൾ ദർശിച്ചു. ഇററലിയിൽ മുസ്സോളിനിയുടെ ഫാസിസ്റ്റ്ഭരണത്തിന്റെ ഭീകരതയും അന്ത്യവും അവൾ കണ്ടു. ജർമ്മനിയിൽ ഹിററ്ലരുടെ കരാളഖഡ്ഗനിപാതവും അവസാനവും പരിവർത്തനങ്ങളും അവൾ കണ്ടുകൊണ്ടിരുന്നു. റഷ്യയിൽ ബോൾഷെവിക്ക് ഭരണത്തിന്റെ നാരകീയശക്തിയെ അവൾ എതിരിട്ടുകൊണ്ടിരിക്കുന്നു. ചൈനയിലെ കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ വിളയാട്ടം അവൾ വീക്ഷിച്ചുകൊണ്ടിരിക്കുന്നു തെക്കെ അമേരിക്കയിൽ അർജൻറീനായിലെ പെറോൻറെ ഇളകിയാട്ടത്തെ മിന്നൽവേഗത്തിൽ അവൾ നിലംപതിപ്പിച്ചിരിക്കുന്നു. ലോകമെങ്ങുമുള്ള കമ്മ്യൂണിസ്റ്റുകളുടേയും നിരീശ്വരപ്രസ്ഥാനങ്ങളുടേയും നിശിതമായ വെല്ലുവിളിയെ അവൾ ധീരതയോടുകൂടി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. തീയിൽമുളച്ച ആ സഭ വെയിലത്തു വാടുമോ? പാതാളശക്തികൾക്കു അവൾ കീഴ്പ്പെട്ടുമെങ്കിൽ അവൾ ക്രിസ്തുവിന്റെ സഭയല്ല; മണവാട്ടിയുമല്ല.

കത്തോലിക്കാസഭയിൽനിന്നു ഭേദിക്കപ്പെട്ട സഭകളുടെയെല്ലാം സ്ഥിതിയെന്തു്? ഒന്നെങ്കിലും ഏകത്വത്തെ പാലിച്ചു വളരുന്നുണ്ടോ? സ്ഥിതിചെയ്യുന്നുണ്ടോ? യൂറോപ്പിനെ വിറയൽകൊള്ളിച്ച ജർമ്മനിയിലെ മാർട്ടിൻ ലൂഥറിന്റേയും ഇംഗ്ലണ്ടിലെ ഹെൻറി 8-ാമന്റേയും പ്രോട്ടസ്റ്റന്റുപ്രസ്ഥാനം ഛിന്നഭിന്നമായില്ലേ? അറിയൂസിന്റെ ആര്യൻപ്രസ്ഥാനം എത്രകാലം നിലനിന്നു? മെക്കദോസിയോസിന്റെ പ്രബോധനം അന്തരീക്ഷത്തിൽ ലയിച്ചുപോയില്ലേ? നെസ്തോറിയൂസിന്റെ അജയ്യശക്തി ഇപ്പോൾ എവിടെ? എവുത്തിക്കോസിന്റേയും ദീയസ്കോറോസിന്റേയും സംരംഭങ്ങളുടെ അവശിഷ്ടം എങ്ങനെയിരിക്കുന്നു? ഈ ശീശ്മയിൽനിന്നു 5-ാംനൂററാണ്ടിൽ ജന്മമെടുത്തതും 6-ാംനൂററാണ്ടിൽ യാക്കോബുബുർദ്ദാനാൽ ഉദ്ധരിക്കപ്പെട്ടതും 17-ാം നൂററാണ്ടിലെ കൂനൻകുരിശിന്റെ പ്രത്യാഘാതഫലമായി മലങ്കരയിൽ ക്ഷണിച്ചുവരുത്തപ്പെട്ടതുമായ യാക്കോബായസഭയുടെ ദയനീയാവസ്ഥ, ശരൽക്കാലനക്ഷത്രംപോലെ നമ്മുടെ കൺമുമ്പാകെ തെളിഞ്ഞുകാണുന്നില്ലേ? സഹോദരങ്ങളേ! ഇതു കാണാൻ കണ്ണും, ചിന്തിക്കാൻ ഹൃദയവും, വിവേചിക്കാൻ തലച്ചോറും, തിരഞ്ഞെടുക്കാൻ മനസ്സാക്ഷിയും ദൈവം തന്നിട്ടില്ലേ? ഒരുകാലത്തു ശീമയിൽ 15 ലക്ഷത്തോളം ജനങ്ങളുണ്ടായിരുന്ന ആ സഭയുടെ പരദേശത്തേയും ഇവിടത്തേയും ഇപ്പോഴത്തെ നില ഒന്നു ചിന്തിച്ചുനോക്കുക! ഇതാണോ കടുകുമണിയുടെ സാദൃശ്യത്തിൽ വളരേണ്ട ദൈവത്തിന്റെ സഭ? കത്തോലിക്കാസഭമാത്രം ഈവക മാററങ്ങൾക്കൊന്നും വിധേയമാകാതെ എല്ലാററിനും സാക്ഷ്യംവഹിച്ചുകൊണ്ടു വളർന്നു അക്ഷയഭാസ്സായി നിലകൊള്ളുന്നതു എന്തു ശക്തികൊണ്ടാണെന്നു ഭിന്നിച്ചുനില്ക്കുന്ന ക്രൈസ്തവസഹോദരങ്ങൾ സത്യത്തെ മുൻനിറുത്തി ശാന്തമായി ചിന്തിക്കട്ടെ.

ഈ ചിന്തയുടെ പരിണതഫലം സത്യത്തോടുള്ള സംയോജിപ്പായിരിക്കും. ധൂർത്തപുത്രനെപ്പോലെ പിതൃഭവനത്തിലേക്കുള്ള പ്രത്യാഗമനമായിരിക്കും. ആ ഭവനം ഉൽകൃഷ്ടകുലജാതന്മാരെന്നഭിമാനിക്കുന്ന സുറിയാനിക്കാർക്കുവേണ്ടി മാത്രമുള്ളതല്ല. അതു ലോകമൊട്ടുക്കുള്ള ഉൽകൃഷ്ടനും അധഃകൃതനും പണ്ഡിതനും പാമരനും മുതലാളിക്കും തൊഴിലാളിക്കും യജമാനനും ഭൃത്യനും രാജാവിനും പ്രജയ്ക്കും എല്ലാവർക്കും ഒരുപോലെ അവകാശമുള്ളതാണ് ആ അവകാശം ഇഹത്തിൽവച്ചുതന്നെ സമ്പാദിക്കണം. മനുഷ്യജീവിതത്തിന്റെ ഉദ്ദേശം അതാണ്. നിത്യതയുടെ ഭവനത്തിൽ ചെന്നുചേർന്നു്, പിതാവിനെ അഭിമുഖമായി ദർശിച്ചു് ജീവിതസൗഭാഗ്യം അനുഭവിക്കണമെന്നുള്ളവർ, ദൈവസ്ഥാപിതമായ ഏകതൊഴുത്തിൽ പ്രവേശിച്ചു് ഏക ഇടയൻവഴി ഒരു കർത്താവിനു കീഴ്പ്പെട്ടു് ഒരു വിശ്വാസവും ഒരു മാമ്മോദീസായും സംരക്ഷിച്ചു് ജീവിതസാഫല്യം പ്രാപിക്കേണ്ടതാണ്. രക്ഷയുടെ ആ മാർഗ്ഗം കടുകുമണിയുടെ സാദൃശ്യത്തിൽ എളിമയുടെ കിരീടമായ നസറേത്തിലെ പാവപ്പെട്ട കന്യകയിൽനിന്നും ബേതലഹേമിലെ തൊഴുത്തിൽ ഉത്ഭവിച്ചു്, കാൽവരിമലമുകളിലെ മഹാ യജ്ഞത്തിൽനിന്നും ഉയർന്നു്, ലോകത്തിനു ഉന്നതദീപസ്തംഭമായി പ്രകാശിച്ചു്, ധ്രുവപര്യന്തമുള്ള എല്ലാ രാജ്യക്കാരേയും ഭാഷക്കാരേയും വർഗ്ഗക്കാരേയും സഹർഷം സ്വാഗതംചെയ്തുകൊണ്ടിരിക്കുന്നു ഈ സ്വാഗതത്തെ മനപ്പൂർവ്വം അവഗണിക്കുന്നവർ, നിത്യനാശത്തെ ക്ഷണിച്ചുവരുത്തുകയാണു ചെയ്യുന്നതു്. ലോകത്തിനു പ്രകാശം നൽകിക്കൊണ്ടിരിക്കുന്ന ഈ "സത്യദീപ"ത്തെ അകലെനിന്നു നോക്കിക്കണ്ടു് അസൂയപ്പെട്ടതുകൊണ്ടു് ഫലമില്ല. ബുദ്ധിജീവിയായ മനുഷ്യൻ ജിജ്ഞാസാപ്രേരിതനായി അതിനോടു സമീപിക്കണം. അതിലെ പ്രകാശധോരണികൾ അന്തരാത്മാവിൽക്കൂടി പ്രസരിപ്പിക്കണം. അപ്പോൾ ക്രിസ്തുരാജന്റെ വാഴ്ചയിൽ ക്രിസ്തുവിന്റെ സമാധാനം ആസ്വദിക്കാനിടയാകും. പുനരൈക്യജൂബിലിസ്മരണ, മലങ്കരയിലെ ഭിന്നക്രൈസ്തവസഹോദരങ്ങളെ അതിനുത്തേജിപ്പിക്കട്ടെ.

ഭിന്നിച്ചുനില്ക്കുന്ന നമ്മുടെ സഹോദരങ്ങളെ മേല്പട്ടക്കാരോടുകൂടി മാതൃസഭയിലേക്കു തിരിച്ചുവരുത്തുന്നതിനു 17-ാം നൂററാണ്ടുമുതൽ വിതച്ചുകൊണ്ടിരുന്ന വിത്തു മുളയെടുത്തു കാണുന്നതിനു എത്രയോ കണ്ണുകൾ കൊതിച്ചുകാത്തിരുന്നു. ആരെല്ലാം, ഏതെല്ലാം വിധത്തിൽ ഉററുശ്രമിക്കയും ത്യാഗങ്ങൾ സഹിക്കയുംചെയ്തു. അവരുടെ മാനുഷികനയനങ്ങൾക്കു ദർശിക്കാൻ ഭാഗ്യം ലഭിക്കാതിരുന്ന കാഴ്ചയാണ് ഇന്നു നമ്മുടെ കണ്ണുകൾ കണ്ടാനന്ദിക്കുന്നതു്. ഈ ആനന്ദാനുഭവത്തിനു നമുക്കു ഭാഗധേയം സിദ്ധിച്ചതു ആ ത്യാഗസമ്പന്നന്മാരുടെ സേവനവും തുടർന്നുള്ള പ്രാർത്ഥനാസഹായവുമാണ്.

---

തിരുക്കുടുംബത്തിന്റെയും വി. തോമ്മാശ്ലീഹായുടേയും ആവിലായിലെ വി. ത്രേസ്യാപുണ്യവതിയുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

കെ. ജെ. ത്രേസ്യാമ്മ

---

# പുനരൈക്യപ്രത്യവലോകനം

## 1930-ാമാണ്ടിനു മുമ്പ്

[കെ എം ഈശോ, ഓമല്ലൂർ]

275 കൊല്ലംകൊണ്ടു വളർന്നുവന്ന കാടും പടപ്പുമെല്ലാം വെട്ടിനീക്കി രക്ഷാമാർഗ്ഗമായ ഏകതൊഴുത്തിലേക്കുള്ള പാതതെളിച്ചതു് മാർ ഈവാനിയോസു തിരുമേനിയായിരുന്നു. കാലത്തിന്റെ തികവിൽ ദൈവം അദ്ദേഹത്തെ എഴുന്നേല്പിച്ചു. പറഞ്ഞാലൊടുങ്ങാത്ത ത്യാഗങ്ങളേയും ചിന്തയിലൊതുങ്ങാത്ത ക്ലേശങ്ങളേയും മാനുഷികശക്തിക്കു താങ്ങാവതല്ലാത്ത ദുരനുഭവങ്ങളേയും പിന്നിട്ടുകൊണ്ടാണ് തിരുമേനി പുനരൈക്യവേദിയിൽ കാലുകുത്തിയതും, പുനരൈക്യപ്രസ്ഥാനത്തെ— സീറോ മലങ്കരഹയരാർക്കിയെ—പിള്ളത്തൊട്ടിലിൽനിന്നും താരുണ്യത്തിലേക്കു നയിച്ചതും. ജൂബിലിമഹം, തിരുമേനിയോടു ചേർന്നു ആഘോഷിച്ചു ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും നമ്മുടെ നന്ദിപൂരിതമായ ഹൃദയം അഭിമുഖമായി ദർശിച്ചുകൊണ്ടു തിരുമേനിക്കു അർപ്പിക്കുന്നതിനും നമുക്കു ഭാഗധേയം സിദ്ധിച്ചില്ല. എങ്കിലും സ്വർഗ്ഗത്തിൽ മാലാഖമാരോടും പുനരൈക്യത്തിനുവേണ്ടി പ്രയത്നിച്ചു വീരചരമമടഞ്ഞിരിക്കുന്ന പൂർവ്വഗാമികളോടും ചേർന്നു തിരുമേനി സ്വർഗ്ഗീയപറുദീസായിലിരുന്നു ജൂബിലിയാഘോഷിച്ചു പരമപിതാവിനെ മഹത്വപ്പെടുത്തുകയും നമ്മെ അനുഗ്രഹിക്കുകയും പുനരൈക്യത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി പ്രവർത്തിക്കയുമാണ്. ജൂബിലിവർഷത്തിൽ തിരുമേനിയോടൊത്തു ആ പാവനചരിതന്മാരെ സ്മരിക്കേണ്ടതും പുനരൈക്യപ്പെട്ടവരുടെ പ്രധാന കടമയായിരുന്നു. പുനരൈക്യപ്രശ്രുതമായ അവരുടെ നാമസ്മരണയും അവരോടുള്ള പ്രാർത്ഥനയും അതിന്റെ പൂർത്തീകരണത്തിനു അവശ്യം ആവശ്യവുമാണ്.

പുനരൈക്യത്തിനുവേണ്ടി ജീവാർപ്പണംചെയ്തു പ്രവർത്തിച്ച "പുനരൈക്യത്തിന്റെ സഹദാ"യായിത്തീർന്ന കരിയാററിൽ മെത്രാപ്പോലീത്താ പ്രഥമവും പ്രധാനവുമായ സ്മരണയ്ക്കു സർവ്വഥാ അർഹനായിരിക്കുന്നു. അദ്ദേഹം വഹിച്ചിരുന്ന പുനരൈക്യദൌത്യത്തിന്റെ പൂർത്തീകരണത്തിനുള്ള നമ്മുടെ സന്ദേശം ആ വീരസേനാനിവശം പരമപിതാവിൻപക്കൽ നമുക്കു സമർപ്പിക്കാം. നിരാശയിലാണ്ടു്, ഒരു നൂററാണ്ടോളം വെട്ടും കിളയുമില്ലാതെ. കല്ലും മുള്ളും വിതറി കാടും പടർപ്പുംപിടിച്ചുകിടന്നിരുന്ന സ്ഥലം ഒരുക്കി വിതച്ചാൽ നല്ല വിളവെടുക്കാമെന്നു ദിവ്യദൃഷ്ടികൊണ്ടു ദർശിച്ചു്, പുനരൈക്യത്തിനു കളമൊരുക്കി, വിത്തു വിതച്ചു്, അവിടവിടെ മുളപ്പിച്ച ആധുനികപുനരൈക്യത്തിന്റെ ജനയിതാവായ ബെൻസിഗർ തിരുമേനി സുറിയാനിസമുദായത്തിന്റെ നിത്യസ്മരണയ്ക്കു പാത്രവാനാണ്. സമ്പൽസമൃദ്ധവും സുഖവാസകേന്ദ്രവുമായ സ്വിററ്സർലണ്ടിലെ മനോജ്ഞമണിമന്ദിരം വെടിഞ്ഞു് "കോടീശ്വരന്മാരിലും മുമുക്ഷുക്കളുണ്ടെന്നു ആധുനികലോകത്തെ പഠിപ്പിക്കുന്നതിനു്" ദിവ്യരക്ഷകനെപ്രതി ത്യാഗസ്വപ്നമേറെറടുത്തുകൊണ്ടു കേരളത്തിൽവന്നു്, ദീർഘകാലം ധാർമ്മികസേവനം നിർവ്വഹിച്ചു് കൊല്ലംരൂപതയെ "കുടിലിൽനിന്നു കൊട്ടാരത്തിലേക്കുയർത്തി"—മലങ്കരയിലെ പുനരൈക്യത്തെ മുന്നോററി അതിനു മകുടംചാർത്തിയിട്ടു് — കർമ്മലഗിരിയിലെ പർണ്ണാശ്രമപഞ്ജരത്തിൽ മറഞ്ഞിരുന്ന ആ മാടപ്രാവു്, നിത്യസമ്മാനം വാങ്ങിക്കുന്നതിനായി, സ്വർഗ്ഗീയപറുദീസായിലെ ജീവവൃക്ഷത്തിലേക്കു പറന്നിരിക്കുന്നു. അദ്ദേഹത്തോടു നമുക്കുള്ള കടപ്പാടു തങ്കലിപികളിൽ ആലേഖനം ചെയ്യുന്നതോടൊപ്പം പുനരൈക്യത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി തിരുമേനിയുടെ മാദ്ധ്യസ്ഥം ശക്തിയായി അപേക്ഷിക്കാം.

"യഥാഗുരു: തഥാശിഷ്യ:" ന്യായേന ബെൻസിഗർ തിരുമേനിയുടെ വലംകൈയായിരുന്നുകൊണ്ടു സ്ഥലവും കാലവുംനോക്കി നിലമൊരുക്കി പുനരൈക്യബീജം പാകി മുളപ്പിച്ചു പരിചരിച്ചുവളർത്തി. ഇഹത്തിൽവച്ചുതന്നെ സമ്മാനിതനായി, മെത്രാസനസിംഹാസനത്തിൽ ആരോപിതനായി, വീരചരമമടഞ്ഞ ലോറൻസു പെരേരാ തിരുമേനി, സുറിയാനിക്കാരുടെ നിസ്സീമമായ സ്മരണയെ അർഹിച്ചുകൊണ്ടു യശോഗാത്രനായി അവശേഷിച്ചിരിക്കുന്നു. പുനരൈക്യവയലിൽ തീക്ഷ്ണതയോടെ ജോലിചെയ്തു തന്റെ അജഗണങ്ങളിൽ അനേകംപേരെ ആ മലർവാടിയിലേക്കാനയിച്ച ചൂളപ്പറമ്പിൽ തിരുമേനിയും നമ്മുടെ സ്മരണാരഥത്തിൽ അധിരൂഢനായി സ്ഥിതിചെയ്യുന്നു. പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ, അഡ്മിനിസ്റ്റ്രേറററായ പാറേമ്മാക്കൽ തോമ്മാകത്തനാർ, ധനനഷ്ടം സഹിച്ചും പുനരൈക്യം സാധിക്കുന്നതിനു ഉററുശ്രമിച്ച തച്ചിൽ മാത്തുതരകൻ മുതലായി നിരവധി മഹത്തുക്കളുടെ പരിപാവനമായ പുനരൈക്യസേവനം, നമ്മുടെ നന്ദിനിറഞ്ഞ ഹൃദയസ്മരണയ്ക്കു സ്വാഗതമരുളിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ, പുനരൈക്യപ്പെട്ടവരുടെ നിത്യസ്മരണയ്ക്കർഹരായി വിജയമകുടം ചൂടി—പരമപിതാവിനെ അഭിമുഖമായി ദർശിച്ചു്—പറുദീസായിലെ പരമാനന്ദലഹരിയിൽ മുഴുകിയിരിക്കുന്ന എല്ലാവരുടേയും ഹാർദ്ദമായ പ്രാർത്ഥന, മലങ്കരയിലെ പുനരൈക്യത്തെ ത്വരിതപ്പെടുത്തി ഏകതൊഴുത്തിൽ— ഏകഇടയന്റെ കീഴിൽ—നിത്യസമാധാനത്തിനു എല്ലാവരും ഓഹരിക്കാരായിത്തീരുന്നതിന് ജൂബിലിവർഷം ഇടയാക്കട്ടെ. 1957-ലെ മലങ്കരഹയരാർക്കി സ്ഥാപനത്തിന്റെ അതിമഹത്തായ രജതജൂബിലി, ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങൾ നമ്മോടുകൂടി ചേർന്നു ആഘോഷിച്ചു ദൈവത്തെ മഹത്വപ്പെടുത്തുന്നതിനു നമുക്കു ശക്തിയായി പ്രാർത്ഥിക്കയും പ്രവർത്തിക്കയും ചെയ്യാം. അങ്ങനെ ക്രിസ്തുരാജന്റെ വാഴ്ചയിൽ, ക്രിസ്തുവിന്റെ യഥാർത്ഥ സമാധാനം മലങ്കരസഭ ഒന്നാകെ ആസ്വദിക്കുന്ന സുദിനം എത്രയും വേഗത്തിൽ വരട്ടെ! ശീശ്മ നശിക്കട്ടെ!! പുനരൈക്യം വിജയിക്കട്ടെ!! ക്രിസ്തുരാജൻ വാഴട്ടെ!!!

# പുസ്തകാഭിപ്രായം

## ബലിസമർപ്പണം

(ഗ്രന്ഥകർത്താ: ഫാദർ മാത്യു നടയ്ക്കൽ. പക്ഷം 141. സെൻറു മേരീസ് ബുക്കുഡിപ്പോ, ചങ്ങനാശ്ശേരി, വില 8ണ.)

സുവിശേഷസമാഹാരം, എന്റെ മിത്രം, കുട്ടികളുടെ കുർബാന, അദ്ധ്യയനമണ്ഡലം, പ്രാർത്ഥനാമഞ്ജരി, തിരുമണിക്കൂർ ആരാധന, പ്രഥമ ദിവ്യകാരുണ്യസ്വീകരണം, ആരാധനാഗീതങ്ങൾ ഇങ്ങനെ നീണ്ടുപോകുന്നു ഫാദർ മാത്യു നടയ്ക്കലിന്റെ കൃതികൾ. ഏററവും ഒടുവിൽ പ്രസിദ്ധംചെയ്തിരിക്കുന്ന ഒരു ചെറുപുസ്തകമാണു "ബലിസമർപ്പണം." ദിവ്യബലിയിൽ സംബന്ധിക്കേണ്ടവിധം, കൽദായസുറിയാനിക്കുർബാനയിലെ പ്രധാന പ്രാർത്ഥനകൾ, കുർബാനസമയത്തു പുരോഹിതൻ അനുഷ്ഠിക്കുന്ന പ്രധാനപ്പെട്ട തിരുക്കർമ്മങ്ങളുടേയും ദിവ്യപൂജയ്ക്കു ഉപയോഗിക്കുന്ന ഉപകരണങ്ങളുടേയും വിശദീകരണങ്ങൾ, വ്യാഖ്യാനങ്ങൾ, കുമ്പസാരത്തിനും ദിവ്യകാരുണ്യസ്വീകരണത്തിനുമുള്ള പ്രാർത്ഥനകൾ, വി കുർബാനയുടെസമയത്തു പാടാൻ പററിയഗാനങ്ങൾ ഇവയെല്ലാം ഭംഗിയായി ഗ്രന്ഥകാരൻ ഈ ചെറുപുസ്തകത്തിൽ ചേർത്തിട്ടുണ്ടു്. യുവജനങ്ങൾക്കു ഭക്തിപൂർവ്വം വി. കുർബാന കാണുവാനുള്ള ഒരു സഹായിയായിട്ടാണു് "ബലിസമർപ്പണം" ബഹുജനങ്ങളുടെ മുമ്പിൽ അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നതു്. കൊച്ചുകുട്ടിക


## കാളൻ, കൊല്ലം.

നവംബർ 3-ാംനു മുതൽ "കാളൻ" സ്ഥാപനംവക ഒരു സെയിൽസ് ഡിപ്പോ കൊല്ലം മെയിൻറോഡിൽ (പാലാ സെൻട്രൽ ബാങ്കിനുസമീപം) തുറന്നു പ്രവർത്തനം ആരംഭിച്ചിരിക്കുന്ന വിവരം ഞങ്ങളുടെ എല്ലാ മാന്യസുഹൃത്തുക്കളേയും അറിയിച്ചുകൊള്ളുന്നു.

N. B. ടി ഡിപ്പോ സന്ദർശിക്കുന്ന രോഗികൾക്കു്, വൈദ്യൻ T. N. വാസുദേവക്കയ്മൾ (ആയുർവ്വേദ ശിരോമണി) അവർകളിൽനിന്നു ആവശ്യമായ വൈദ്യോപദേശങ്ങൾ സൗജന്യമായി ലഭിക്കുന്നതാണു്.

കാളൻ, നെല്ലായി.

# ചെറുകഥ

## നീറുന്ന ഹൃദയം

[എം. വി. ജോസഫ, ചമ്പക്കുളം]

വൃക്ഷശിരസ്സുകളെ ചെംപട്ടുകിരീടങ്ങൾ അണിയിച്ചുകൊണ്ടു് പകലവൻ പാരിനെ പിരിയാറായി. നന്ദിപൂർവ്വം കൈനീട്ടിനില്ക്കുന്ന കേരവൃക്ഷങ്ങൾ സൂര്യകരങ്ങളുമായി യോജിച്ചു് പരസ്പരം യാത്രപറയുകയാണു്. നിശയുടെ ആഗമനകാഹളനാദമെന്നോണം ചേക്കേറുന്ന പക്ഷിജാലങ്ങൾ കളഗാനം മുഴക്കി. കൃത്യനിരതരായ ഘടികാരങ്ങൾ, ഏഴു മണിയെന്നു് ഐകകണ്ഠ്യേന വിളംബരംചെയ്തു. യാമിനി അനന്തമായ ചികുരഭാരം വിടർത്തി തന്റെ സാമ്രാജ്യത്തെ ആവരണംചെയ്തു കാത്തുരക്ഷിക്കുകയാണു്. ഇരുട്ടിനെ ഭ്രണപ്പെടുത്തിക്കൊണ്ടു്, വൈദ്യുതദീപങ്ങൾ സ്വശക്തിയിൽ അഭിമാനംകൊള്ളുന്നു. നാടിന്റെ ഹൃദയമായ ടൗണിനു മൂന്നുമൈൽ തെക്കായി നില്ക്കുന്ന ദേവാലയത്തിൽനിന്നും പ്രാർത്ഥനാമണി മുഴങ്ങിത്തുടങ്ങി; സാത്താനെ വെല്ലുവാൻവരുന്ന ദൈവദൂതന്മാരുടെ കാഹളശബ്ദമെന്നോണം.

രാജപാതയിൽക്കൂടി കടന്നുപോകുന്ന പഥികരെ ആകർഷിക്കുന്ന മംഗലത്തുഭവനം ഒന്നു കാണേണ്ടതുതന്നെയാണു്—വൈദ്യുതവേലകളുടെ വിളനിലം. പരിഷ്കൃതരീതിയിലുള്ള അഞ്ചു മുറികളാണു് ആ വീടിനുള്ളതു്. മദ്ധ്യത്തിലുള്ളതാണു് പ്രാർത്ഥനാമുറി. കിഴക്കേഭിത്തിയിൽ ക്രിസ്തുരാജന്റെ വലിയ ഒരു ചിത്രം നീലബൾബിന്റെ സാമീപ്യത്താൽ വെട്ടിത്തിളങ്ങുന്നു. ഇരുവശത്തും പുണ്യവാന്മാരുടേയും പുണ്യവതികളുടേയും ചിത്രങ്ങൾ, സ്ഥാനമഹിമയനുസരിച്ചു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. മുറിയുടെ നടുക്കു മുട്ടുകുത്തിനിന്നു പ്രാർത്ഥിക്കുകയാണു് നാലുവയസ്സുപ്രായമുള്ള അമ്മിണിക്കുട്ടി, റോസ്നിറത്തിലുള്ള ഉടുപ്പുംധരിച്ചു്, ഒരു കൊച്ചു മാലാഖായെപ്പോലെ.

"കയ്ത്താവേ ഞങ്ങളെ രച്ചിച്ചണെ. വെല്ലിപ്പിച്ചനു വ്വാവു വയുത്തല്ലെ. അച്ചാച്ചനു മലമ്പനിവയല്ലെ. പാത്തിമായാവേ ഞങ്ങൾച്ചുവേണ്ടി അപേച്ചിച്ചണെ."

കുസൃതിക്കുട്ടനായ ഇളയമകൻ ബേബിച്ചൻ, പൂച്ചക്കുഞ്ഞിനെ പിടിച്ചു് ആ ഭക്തയുടെ തലയിൽ കൊണ്ടുവയ്ക്കുന്നു.

"അമ്മച്ചീ! ഈ ചെറുച്ചനെ അഞ്ഞാട്ടു വിളിച്ചോ! എടാ, അമ്പായി തല്ലുവേ, കുരുവരച്ചില്ലേൽ."

"എടാ, ബേബിച്ചോ! ഇങ്ങോട്ടുവാടാ, ഇന്നാ പഞ്ചാര." അടുക്കളയിൽനിന്നും അമ്മ, മാമ്മിക്കുട്ടിയാണു് അതു വിളിച്ചുപറഞ്ഞതു്. ബേബിച്ചൻ പോയിക്കഴിഞ്ഞു, കുണുങ്ങിക്കുണുങ്ങി. പരാതിക്കാരി പ്രാർത്ഥനതുടർന്നു. ഇടയ്ക്കിടയ്ക്കു മൻപോട്ടു കൈകുത്തിപ്പോകുന്നു. പെട്ടെന്നു പ്രാർത്ഥനനിറുത്തി, ഒന്നാംപാഠം കൈയിലെടുത്തു പടങ്ങൾനോക്കി, താളുകൾ മറിച്ചു തെരുതെരെ വായനതുടങ്ങി. തെക്കേഅറ്റത്തെ മുറിയിലൊരു ചുമ കേൾക്കാം. ആ വീട്ടുടമസ്ഥൻ ചാക്കോച്ചന്റെ പിതാവു മാത്തുച്ചന്റേതാണതു്. മിക്ക കയറും പൊട്ടി, കീഴോട്ടു തൂങ്ങിക്കിടക്കുന്ന കട്ടിൽ; മൂട്ടയുടെ മുട്ടാളഭരണത്തിനു വിധേയമായിരിക്കുന്നു, പഴമയ്ക്കു സാക്ഷ്യംവഹിക്കുന്ന പായ്; നീലാംബരത്തിലെ വെൺമേഘങ്ങൾപോലെ ചില ഭാഗങ്ങൾ നശിച്ചുപോയ പഴയ ഒരു പുതപ്പു്; താറടിച്ചുനിറത്തിലുള്ള ഒരു തലയിണ; ഇതെല്ലാമാണു മാത്തുച്ചന്റെ ശയ്യോപകരണങ്ങൾ. കിടന്നുകൊണ്ടു് അദ്ദേഹം കൊന്തനമസ്കരിക്കുകയാണു്; ആ വീടിന്റെ മാലിന്യം കഴുകിക്കളയുവാൻ വേണ്ടി—വീടിന്റെ പ്രതിനിധിയായി.

കൂലിവേലപോലും ചെയ്താണു മാത്തുച്ചൻ തന്റെ ഏകമകനായ ചാക്കോച്ചനെ ബി. എ. പാസാക്കിയതു്. തന്റെ മകൻ ബി. എ. ക്കാരനാകണം; അതായിരുന്നു മാത്തുച്ചന്റെ ജീവിതലക്ഷ്യം. യുദ്ധത്തിൽ മുറിവേറെങ്കിലും വിജയിയായ ഒരു പടയാളിയെപ്പോലെ, ഹതാരോഗ്യനായ അദ്ദേഹം മിക്കവാറും കിടക്കയിൽതന്നെയാണു്. ശുശ്രൂഷിക്കാനാളില്ല. സഹതാപത്തിനുപോലും ഒരു ഹൃദയവുമില്ല. എല്ലാം മൗനമായിനിന്നു കാണുകയും കേൾക്കുകയും ചെയ്യുന്ന ജഗദീശൻ മാത്രം.

അതു മാമ്മിക്കുട്ടിയുടെ വീടാണു്. മന്ത്രുകല്യാണത്തിൽ ചാക്കോച്ചന്റെ വകയായിത്തീർന്നു അതു്. മാത്തുച്ചന്റെ വകയായുണ്ടായിരുന്ന "കീറു"പുരയിടവും പുരയും വിററിട്ടു്, ആ വീടിന്റെ പുതുക്കിപ്പണിക്കുമാത്രമേ തികഞ്ഞുള്ളു. എല്ലാവരുംകൂടി അവിടെയാണു താമസം. ചാക്കോച്ചൻ പിരുമേട്ടുള്ള ഒരു തോട്ടംസൂപ്രണ്ടാണു്. രൂപാ ഇരുനൂറു പ്രതിമാസം കിട്ടും. മിക്കവാറും മാസത്തിലൊരുദിവസമേ വീട്ടിൽ വരാറുള്ളു. ചാക്കോച്ചന്റെ സാന്നിദ്ധ്യത്തിൽ-മാമ്മിക്കുട്ടി പിതാവിനെ പരിചരിക്കാറുണ്ടു്. മകൻ പോയിക്കഴിയുമ്പോഴാണു പിതാവിനു വിഷമം നേരിടുക. ആ കിടപ്പിൽ മാത്തുച്ചൻ പലപ്പോഴും വിചാരിക്കാറുണ്ടു്:

"ദൈവമേ, അങ്ങു നേരത്തെ വിളിച്ചു എന്റെ ഭാര്യ എത്ര ഭാഗ്യവതി. അവൾ ഇതൊന്നും അനുഭവിക്കേണ്ടിവന്നില്ലല്ലോ" എന്നു്. വിഷമതകളൊന്നും മകനോടു പറയാറില്ല, വീട്ടുകലഹം വല്ലതുമുണ്ടായെങ്കിലോ എന്നു ഭയന്നു്. മാമ്മിക്കുട്ടിയേയും അല്പം ഭയമില്ലാതില്ല. തെല്ലാരോഗ്യം തോന്നിയാൽ പലപ്പോഴും അവിടെനിന്നും അങ്ങുമിങ്ങും അലഞ്ഞു നടക്കാറുണ്ടു്, ആ പുത്രവത്സലൻ. ചിലപ്പോൾ അകലെയുള്ള ആ പള്ളിയിലേക്കും.

വായനയ്ക്കിടയിൽ അമ്മിണിക്കുട്ടിക്കൊരു സംശയം. അവൾ ഒരു പാഠവുംകൊണ്ടു്, വേലക്കാരിയെ ശകാരിച്ചുകൊണ്ടു നില്ക്കുന്ന അമ്മയുടെ അരികിലെത്തി. "അമ്മേ, ഇയെന്നാ ഈ എയുതിരിക്കുന്നെ? "ഡമരു" എന്നു പയഞ്ഞാലെന്നാമ്മേ?"

"പോടി പെണ്ണേ, നിൻറപ്പൻ വരുമ്പച്ചോദിരു്. എനിക്കറിയാമ്മേല." അവൾ വെല്ലിപ്പിച്ചനെ ശരണംപ്രാപിച്ചു. വെല്ലിപ്പിച്ചനെങ്ങനെയറിയും. മകനെ പഠിപ്പിച്ചിട്ടുണ്ടു്; പക്ഷെ താൻ പഠിച്ചിട്ടില്ല. അറിവിനുവേണ്ടി കൊതിച്ചോടിയ ആ പിഞ്ചുഹൃദയം നിരാശയോടെ മടങ്ങിപ്പോന്നു.

അമ്മിണിക്കുട്ടിയുടെ നാളിന്റെ കുഴപ്പംകൊണ്ടാണു് മൂത്തകുട്ടി മൃതിപ്പെട്ടതെന്നു ചില പെണ്ണുങ്ങൾ പറയാറുണ്ടു്. ശരിയാണോ എന്തോ! ദൈവത്തിനങ്ങനൊരു കളിപ്പുപാറുമോ?

മാമ്മിക്കുട്ടിയാണു വീടിന്റെ ഭരണക്കാരി; തികഞ്ഞ സൗന്ദര്യവതിയും. തന്റെ പിതാവിന്റെ ഗതികേടിൽ സഹതാപമില്ലാത്തവിധം ചാക്കോച്ചൻ അത്ര കഠിനഹൃദയനല്ല. മാസത്തിൽ തനിക്കുകിട്ടുന്ന ഒന്നോ രണ്ടോ ദിവസങ്ങൾക്കിടയിൽ ചാക്കോച്ചനതു ദയിതയുടെ ശ്രദ്ധയിൽ പെടുത്താറുണ്ടു്, തന്റെ സൈ്വര്യസല്ലാപവേളയിൽപോലും. പുഞ്ചിരിയിൽപൊതിഞ്ഞ മൃദുലളിതവും യുക്തിപൂർവ്വവുമായ സമാധാനമായിരിക്കും ഭാര്യയിൽനിന്നും കിട്ടുക. ചാക്കോച്ചനെങ്ങനെ ഭാര്യയെ എതിർക്കും. അവളുടെ വീടല്ലേ അതു്. പോരെങ്കിൽ യാതൊരു കാരണവശാലും മരണംവരേയും പിരിയാത്ത ദൃഢപ്രേമവും. ഭാര്യയുടെ വാക്കുകൾ ചാക്കോച്ചനു വേദവാക്യംപോലെയാണു്. പ്രേമപൂർണ്ണമായ ഹൃദയത്തിൽ തന്റെ പിതാവിനെപ്പററിയുള്ള ചിന്തകൾക്കുള്ളയിടം ക്രമേണ കുറഞ്ഞുകുറഞ്ഞുവന്നു.

അമ്മിണിക്കുട്ടിയും വെല്ലിപ്പിച്ചനും തമ്മിൽ വലിയ അടുപ്പമാണു്. ദൈവഭക്തി അവൾ വെല്ലിപ്പിച്ചനിൽനിന്നും പകർത്തിയതാണു്. അവളുടെ കിളിക്കൊഞ്ചലുകളാണു്, മാത്തുച്ചന്റെ തപ്തഹൃദയത്തിനു കുളിർമ്മപകരുന്ന മധുരഗാനം. അവൾക്കു കിട്ടുന്ന ഏതു പലഹാരശകലവും അവൾ വെല്ലിപ്പിച്ചനു കൊടുക്കും, അമ്മ കാണാതെ. മാത്തുച്ചൻ വീട്ടിലില്ലാത്ത അവസരത്തിൽ സ്വാദുനിറഞ്ഞ ചില പലഹാരങ്ങൾ തയ്യാറാക്കിയാൽ മിക്കവാറും വീതംവയ്ക്കുക പതിവില്ല. അമ്മിണിക്കുട്ടി വീറോടെ അതിനെ എതിർക്കാറുണ്ടു്. അമ്മയുടെ ഒരു ക്രൂരമായ കണ്ണുമിഴിക്കൊണ്ടു് അവളുടെ ആശാങ്കുരം നിശ്ശേഷം വാടിപ്പോകും. "മിണ്ടിപ്പോയാൽ നിന്നെ ഞാൻ കൊന്നുകളയും" എന്നൊരു താക്കീതും.

ലോകത്തുണ്ടാകുന്ന സുഖദുഃഖങ്ങളുടെ നിദർശനമെന്നോണം ദിവസങ്ങൾ പലതു് ഇരുണ്ടും വെളുത്തും അങ്ങനെ ഇഴഞ്ഞു പോയി. മാത്തുച്ചന്റെ ദുരിതങ്ങൾക്കറുതികാണുന്നില്ല. ആ വൃദ്ധഹൃദയം പലതും ചിന്തിച്ചു. ഒടുവിൽ താനേതോ ഒരു നിശ്ചയത്തിലെത്തിച്ചേർന്നു. അടുത്തുവന്ന അമ്മിണിക്കുട്ടിയേയും ബേബിച്ചനേയും മാറോടണച്ചു തെരുതെരെ ചുംബിച്ചു. ആ പുത്രവത്സലനായ പരിശുദ്ധഹൃദയന്റെ നയനങ്ങൾ നിറഞ്ഞൊഴുകി. നാലഞ്ചു ബാഷ്പകണങ്ങൾ ആ തറയിൽ വീണു. ആ വീടു നിശ്ശേഷം നശിപ്പിക്കത്തക്ക ശക്തിയേറിയ ആററംബോംബുകളല്ല, ആ കണ്ണുനീർത്തുള്ളികളെന്നു ആർക്കു പറയാൻ കഴിയും? സാധാരണ പള്ളിയിൽ പോകുന്ന ആ മുഷിഞ്ഞ വേഷത്തിൽ തന്റെ സഖാവായ ഊന്നുവടി തപ്പിയെടുത്തു് താൻ മുററത്തിറങ്ങിക്കഴിഞ്ഞു. റോഡിലിറങ്ങി അദ്ദേഹം തന്റെ വീടിനെ ഒന്നു തിരിഞ്ഞുനോക്കി. കണ്ണിന്റെ കാഴ്ചക്കുറവുകൊണ്ടായിരിക്കണം, അദ്ദേഹത്തിനു വീടു ഒരു മായപോലെയേ കാണാൻ കഴിഞ്ഞുള്ളു. ലോകം തന്നെ ഒരു മായയെന്നു് അദ്ദേഹത്തിനോർമ്മവന്നു, സ്വർഗ്ഗത്തെത്തുവാൻ വെമ്പൽകൊണ്ടുപോകുന്ന ഒരാത്മാവിനെപ്പോലെ, അദ്ദേഹം നാലുമൈൽ അകലെയുള്ള അനാഥശാലയിലേക്കാണു പോയതു്.

ചാക്കോച്ചന്റെ തോട്ടത്തിനടുത്തുള്ള തോട്ടം സൂപ്രണ്ടിനു് പെട്ടെന്നു് നാട്ടിലുള്ള ബാങ്കിലേക്കു വരേണ്ടിവന്നു. ചാക്കോച്ചനും വീട്ടിലൊന്നു വരാമെന്നു വിചാരിച്ചു കൂട്ടുകാരന്റെ കാറിൽ കയറി യാത്ര തിരിച്ചു. ദേശാന്തരങ്ങൾ പിടിച്ചടക്കിവരുന്ന ഒരു ജൈത്രയാത്രക്കാരൻ രാജകുമാരനെപ്പോലെ, സുദീർഘമായ റോഡു മുഴുവൻ പിന്നിട്ടു കാറു മംഗലത്തുവീടിനു രണ്ടു മൈൽ വടക്കുള്ള തിരിവിൽ എത്താറായി. ഡ്രൈവർ, മനുഷ്യത്വമില്ലാത്ത ഒരു മദ്യകുംഭം. വളവു തിരിഞ്ഞപ്പോൾ വടിയുമൂന്നിക്കിതച്ചുവരുന്ന ഒരു വൃദ്ധൻ ആ കാറിന്റെ സൈ്വരമായ പോക്കിനു തടസ്സമാകയാൽ കാർ പെട്ടെന്നു നിന്നു. ചാക്കോച്ചനൊരു ഞെട്ടൽ! ഡ്രൈവർ ചോദിക്കുകയാണു്:-

"എന്താ മൂപ്പീന്നേ, വീട്ടീന്നു യാത്രയും ചോദിച്ചു പോന്നിരിക്കയാണോ? ഹെടാ! വന്നോളുമല്ലോ, യമദൂതന്മാരേയും പററിച്ചോണ്ടു നടക്കുന്നകുറേ എണ്ണം."

കാറു കണ്ടു ഭയന്ന വൃദ്ധൻ എന്തോ പിറുപിറുത്തുകൊണ്ടു പെട്ടെന്നു വഴി മാറിക്കൊടുത്തു. ചാക്കോച്ചൻ മരപ്പാവപോലെ അങ്ങനെ സ്തംഭിച്ചിരുന്നുപോയി. പുറകിലായതുകൊണ്ടു സ്നേഹിതൻ കണ്ടുമില്ല. ചാക്കോച്ചനെങ്ങനെ പറയും, അതു തന്റെ പിതാവാണെന്നു്. തനിക്കുള്ള മാന്യതയ്ക്കു കുറവല്ലേ അതു്. പോരെങ്കിൽ ഡ്രൈവറുടെ ആ വാക്ശരങ്ങളും. (തുടരും)

ർക്കുള്ള ഒരു പുസ്തകമല്ല ഇതു്; പ്രത്യുത യുവാക്കൾക്കും വയോജനങ്ങൾക്കുമുള്ളതാണു്.

പ്രായോഗികവശങ്ങളെ സമാദരിച്ചു ഗ്രന്ഥങ്ങൾ രചിക്കുന്ന ഒരാളാണു ഫാദർ നടയ്ക്കൽ. ഭക്തിപൂർവ്വം വി. കുർബാന കാണുന്നതിനു താല്പര്യമുള്ളവരെ സഹായിക്കുവാൻ ഒരു കത്തീഡ്റലിലെ നിരന്തരാനുഭവം മനസ്സിൽവച്ചു രചിച്ചിരിക്കുന്ന ഈ ഗ്രന്ഥം വിജയപ്രദമായിട്ടുണ്ടു്. സുപരിചിതങ്ങളും ഭക്തിസംവർദ്ധകങ്ങളുമായ ഗാനങ്ങളും ചോദ്യോത്തരരീതിയിൽ, നിറുത്തേണ്ട സ്ഥലങ്ങൾ പ്രത്യേക അടയാളങ്ങൾകൊണ്ടു വ്യക്തമാക്കി ചേർത്തിട്ടുള്ള വി. കുർബാനയിലെ പ്രാർത്ഥനകളും തിരുക്കർമ്മങ്ങളുടെ വ്യാഖ്യാനങ്ങളും ആത്മശോധനയ്ക്കുള്ള മാതൃകാചോദ്യങ്ങളും ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതകളാണു്. ഇവയെല്ലാം വി. കുർബാന ഭക്തിയോടുകൂടെ കാണുന്നതിനു സഹായിക്കുമെന്നതിൽ ദ്വിപക്ഷമില്ല.

അദ്ധ്യയനമണ്ഡലം സംബന്ധിച്ചും തിരുകർമ്മസഹായികളായ ഗ്രന്ഥങ്ങൾ രചിക്കുന്നതു സംബന്ധിച്ചും നിരന്തരമായി ഫാദർ നടയ്ക്കൽ ചെയ്തുകൊണ്ടിരിക്കുന്ന ശ്രമങ്ങൾ ബഹുജനം സമാദരിക്കേണ്ടതുതന്നെ. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കും "ബലിസമർപ്പണ"ത്തിനും വിജയം ആശംസിക്കുന്നു.

(ഫാദർ തോമസ് മൂത്തേടൻ)

ആദ്ധ്യാത്മികവീഥി

## പശ്ചാത്താപം

(തുടർച്ച)

### പാപബോധം

ദൈവത്തിന്റെ വത്സലമക്കളേ,

നാം ഒരു ദിവസത്തെ ജോലിക്കു വിളിക്കുന്ന വേലക്കാരൻ നമ്മുടെ ഹിതാനുസരണം ജോലി ചെയ്തില്ലെങ്കിൽ നാം അവനോടു കോപിക്കുന്നു. അവനും നാമും വെറും മനുഷ്യരെന്നനിലയിൽ തുല്യരാണു്. അവനു നമ്മോടുള്ള ബാദ്ധ്യത ഒരു ദിവസത്തെ കൂലിയുടേതു മാത്രമേയുള്ളു. എങ്കിലും അവന്റെ അനുസരണക്കേടു നമ്മുടെ ഹൃദയത്തെ വേദനിപ്പിക്കുന്നു.

മേൽപ്പറഞ്ഞ വേലക്കാരൻ നമ്മെ ആശ്രയിച്ചു നമ്മുടെ പാമ്പിൽ കിടക്കുന്നവനാണെങ്കിൽ അവന്റെ അനുസരണക്കുറവു നമുക്കു കൂടുതൽ നീരസജനകമായിരിക്കും. കാരണം അവനു നമ്മോടു കൂടുതൽ കടപ്പാടുണ്ടു്.

ഈ തോതുവച്ചുനോക്കുമ്പോൾ നീചസൃഷ്ടങ്ങളായിരിക്കുന്ന നാം നമ്മുടെ സ്രഷ്ടാവും രക്ഷകനുമായിരിക്കുന്ന ദൈവത്തിന്റെ കല്പനയെ ലംഘിക്കുമ്പോൾ അവിടുത്തേക്കു എത്രമാത്രം നീരസം ഉളവാകുന്നുണ്ടെന്നു് ഊഹിക്കാം. ദൈവം നമ്മെ വെറും ശൂന്യതയിൽനിന്നു സൃഷ്ടിച്ചു. വീണ്ടും ശൂന്യതയിലേക്കു പോകാതിരിക്കുന്നതിനു ഓരോ വിനാഴികയും നമ്മെ താങ്ങിക്കൊണ്ടിരിക്കുന്നു. നാം വസിക്കുന്ന ഭൂമിയും ശ്വസിക്കുന്ന വായുവും കഴിക്കുന്ന ഭക്ഷണപാനീയങ്ങളുമെല്ലാം അവിടുന്നു നമുക്കു പ്രദാനം ചെയ്തിട്ടുള്ളതാണു്. ദൈവത്തിന്റെ സഹായം കൂടാതെ ഒരു നിമിഷമെങ്കിലും അസ്തിക്യത്തിൽ സ്ഥിതിചെയ്യുന്നതിനോ എന്തെങ്കിലും പ്രവർത്തിക്കുന്നതിനോ നമുക്കാർക്കും സാദ്ധ്യമല്ല. നാം അത്രയധികം ദൈവത്തിൽ ആശ്രയിച്ചാണു കഴിയുന്നതു്.

ദൈവത്തോടുള്ള നമ്മുടെ ഈ കടപ്പാടിനെക്കുറിച്ചു ഗാഢമായി ചിന്തിക്കുന്നപക്ഷം അവിടുത്തെ കല്പനകൾ ലംഘിക്കുന്നതിനു നാം ഒരിക്കലും ഒരുമ്പെടുകയില്ല. ഇനി ചിന്താവിഹീനരായി വല്ലതും ചെയ്തുപോയിട്ടുണ്ടെങ്കിൽ അതേക്കുറിച്ചു ഹൃദയപൂർവ്വം പശ്ചാത്തപിക്കും. നല്ല കുട്ടികൾ, വല്ല പ്രകാരത്തിലും മാതാപിതാക്കന്മാർക്കു സങ്കടത്തിനു തങ്ങൾ കാരണമായി എന്നു ബോദ്ധ്യപ്പെട്ടാൽ വളരെ ഖേദിക്കുകയും ഉടനെതന്നെ അവരോടു മാപ്പു ചോദിക്കയും ചെയ്യാറില്ലയോ?

ദൈവത്തിന്റെ മഹത്വവും സ്നേഹാതിരേകവും അവിടുന്നു നമുക്കു ചെയ്തിരിക്കുന്ന ഉപകാരങ്ങളും പൂർണ്ണമായി ഗ്രഹിക്കുക നമുക്കു സാദ്ധ്യമല്ല. എങ്കിലും നിവൃത്തിയുള്ളിടത്തോളം അവയെക്കുറിച്ചു ചിന്തിച്ചു പാപം ചെയ്യുമ്പോൾയഥാർത്ഥമായി അവിടുത്തെ നാം ഉപദ്രവിക്കുന്നുണ്ടെന്നുള്ള ബോധം വരുത്താൻ ശ്രമിക്കണം. അപ്പോൾ പശ്ചാത്താപം താനേ ഉണ്ടായിക്കൊള്ളും.

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്.

ഉടനെ ആവശ്യമുണ്ടു്

പള്ളിയാവശ്യങ്ങൾക്കും മററും പാറുന്ന തരത്തിലുള്ള രൂപങ്ങൾ മരത്തിൽ കൊത്തുന്നതിനു് സാമർത്ഥ്യമുള്ള വിദഗ്ദ്ധന്മാരായ ജോലിക്കാരെ "ആവശ്യമുണ്ടു്". ഉടൻ അപേക്ഷിക്കുക.

"ലേബർ," പട്ടണക്കാടു്

ആഖ്യായിക

## ബറാബാസ്



അദ്ധ്യായം 10 (തുടർച്ച)

## "എന്നിൽ ജീവിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവൻ ആരോ അവൻ മരിക്കുകയില്ല"

[വി. സി. ജോർജ്ജ് ബി. എ. എൽ. റ്റി]

ലാസാസിൻെറ ഉത്തരം പീലാത്തോസിൻെറ ചിന്തയുടെ അടിത്തട്ടിലെത്തി. ഈ പ്രതിയുടെ വിസ്മയാവഹമായ വർത്തനം സംബന്ധിച്ച് പീലാത്തോസ് ആത്മഗതംചോദിച്ച സകല ചോദ്യങ്ങൾക്കും ഇതുതന്നെയായിരുന്നു ഉത്തരം എന്നദ്ദേഹം ബോധിച്ചു.

"ലാസാസ്, അതൊരുജാതി തത്വവാദമാണല്ലൊ."

"അതു വിശ്വാസമാകുന്നു, പ്രൊക്കുറേറ്റർ."

"ഈ സംഗതികൾ സംബന്ധിച്ച് നീങ്ങളുമായി ചർച്ചചെയ്യുവാൻ നിങ്ങൾ ഒരു നല്ല പണ്ഡിതനാകകൊണ്ട് മറെറാരവസരത്തിൽ എനിക്ക സന്തോഷമുണ്ടാകുമായിരുന്നു. എന്നാൽ ഇപ്പോൾ നീങ്ങൾ ഒരു കുററക്കാരനായിട്ടാണ് എൻെറ മുമ്പിൽ നില്ക്കുന്നത്. എൻെറ കർത്തവ്യം നിങ്ങളെ......." വാക്യം പൂർത്തിയാക്കുവാൻ പീലാത്തോസിനു കഴിഞ്ഞില്ല. പീറകിൽനിന്നു പാദക്ഷേപശബ്ദം കേൾക്കുകയാൽ അദ്ദേഹം കോപിച്ചു തലതിരിച്ച് അങ്ങോട്ടുനോക്കി. ക്ലാവുദിയൊ ആയിരുന്നു അവിടെ ആഗതയായതു്.

"ഇങ്ങനെ പ്രതിബന്ധമുണ്ടാക്കുന്നതെനിക്കിഷ്ടമല്ലെന്നു ക്ലാവുദിയാ, നീയാറിയാമല്ലൊ?" ഗവർണർ പരുഷസ്വരത്തിൽ ചോദിച്ചു.

എന്നിട്ടും ഭാര്യ അദ്ദേഹത്തെ സമീപിച്ചു: "എനിക്കറിയാം. ഞാൻ നിങ്ങളുടെ പ്രതിബന്ധം ഉണ്ടാക്കാറുമില്ലല്ലൊ. എന്നാൽ ഈ സംഗതിയിൽ.....അങ്ങു ലാസറസിൻെറ കുററവിസ്താരം നടത്തുകയാണല്ലൊ. അദ്ദേഹത്തിൻെറ സഹോദരി മറിയയും അരിമത്ത്യായിലെ ജോസഫും ഇവിടെ വന്നിട്ടുണ്ട്. സാക്ഷികളായി അവരെക്കൂടി വിസ്തരിക്കണമെന്നവർക്കപേക്ഷയുണ്ട്."

ക്രോധഭാവം വിടാതെ പീലാത്തോസ് പറഞ്ഞു: "സാക്ഷികളെ നിരാകരിക്കുക എൻെറ സ്വഭാവമല്ലല്ലൊ. അവർ ഉടൻതന്നെ വരട്ടെ."

ഏതാനും ക്ഷണങ്ങൾ കഴിഞ്ഞപ്പോൾ ജോസഫും മറിയയും പ്രവേശിച്ചു.

ആചാരോപചാരങ്ങൾക്കുശേഷം പീലാത്തോസ് പറഞ്ഞു: "ഈ നമ്മുടെ സന്ദർശനത്തിനു് കൂടുതൽ ആനന്ദപ്രദമായ ഒരു ഹേതുവില്ലല്ലോയെന്നു ചിന്തിച്ച് ഞാൻ ക്ലേശിക്കുന്നു. ഓടിയൊളിച്ചുപോയ കുററപ്പുള്ളി എസ്രായെ സ്വഭവനത്തിൽ താമസിപ്പിച്ചുവെന്നു് ലാസറസ് പരപ്രേരണകൂടാതെ സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. മറിയേ, നിങ്ങളുടേയും സഹോദരിയുടേയും പേരിലും കേസെടുക്കുവാൻ ഞാൻ നിർബ്ബന്ധിതനായേക്കും. സ്വയമായ കുററസമ്മതം അടിസ്ഥാനമാക്കിയ ഒരു കേസ്. ഇതുസംബന്ധിച്ച് എന്തെങ്കിലും ഞാൻ ചെയ്യേണ്ടതായിട്ടുണ്ടോ?"

"ഉണ്ടു്, പ്രൊക്കുറേറ്റർ" ജോസഫ് സ്വരം നിയന്ത്രിച്ചു മറുപടിപറഞ്ഞു.

"പരമാർത്ഥത്തിൽ എന്തെങ്കിലുമുണ്ടോ? നീങ്ങൾക്കു പറയാനുള്ള ന്യായങ്ങൾ കേൾക്കുവാൻ ജോസഫേ, എനിക്കു സന്തോഷമാണു്. നീങ്ങൾ നിങ്ങളുടെ സ്നേഹിതൻ ലാസാസിൻെറ ഭാഗം വാദിക്കുവാൻ വന്നവരാണെന്നു ഞാൻ കരുതുന്നു. അദ്ദേഹത്തോടുകൂടി നിങ്ങളേയും കുററക്കാരനായി വിസ്തരിക്കേണ്ടിവരുമോയെന്നു എനിക്കു നിശ്ചയമില്ല. കുററത്തിൽ നിങ്ങളും സഹകരിച്ചുവോ?"

"പ്രൊക്കുറേറ്റർ, അങ്ങു കുററത്തെപ്പററി സംസാരിക്കുന്നുണ്ടു്. ഞാൻ യാതൊരു കുററവും കണ്ടില്ല. ഒരുപക്ഷെ അങ്ങേക്കു പ്രമാദംപററിയതായിരിക്കാം" ജോസഫ് പ്രസ്താവിച്ചു.

"ഞാൻ ഒരു ചോദ്യം നീങ്ങളോടു ചോദിച്ചുവല്ലോ."

"അതിനു മറുപടിപറയുവാൻ ഞാൻ തയ്യാറാണു്. ഈ കാര്യം ഞാനും അറിഞ്ഞതത്രെ. ഒരുദിവസം, സന്ധ്യയോടടുത്തു് മരണകരമായി മുറിവേററ ഒരാളെ ബഥാനിയായിൽ ലാസറസിൻെറ ഭവനത്തിലെത്തിച്ചപ്പോൾ ഞാനും അവിടെയുണ്ടായിരുന്നു. അയാളെ അവിടെ സ്വീകരിക്കാതിരുന്നുവെങ്കിൽ അയാൾക്കു തീർച്ചയായും പ്രാണാപായം സംഭവിച്ചേനെ. അയാൾ ഒളിച്ചോടിപ്പോയവനെന്നോ, നീങ്ങളുടെ ചക്കിൽനിന്നു രക്ഷപെട്ടവനെന്നോ അറിയിക്കുവാൻ നെററിമേലൊ മറെറാ യാതൊരടയാളവുമുണ്ടായിരുന്നില്ല. നീങ്ങളുടെ ചക്കുകളിലെ ജോലിയെപ്പററി എനിക്കുള്ള അഭിപ്രായം ഞാൻ താങ്കളെ അറിയിച്ചിട്ടുള്ളതാണല്ലൊ."

ആ വിഷയം തുടരേണ്ടതില്ലെന്ന ഭാവത്തിൽ പീലാത്തോസ് കൈകാണിച്ചു. "ഞങ്ങളുടെ ദണ്ഡനരീതി വിമർശിക്കേണ്ടുന്ന അവസരം ഇതാണെന്നു ഞാൻ കരുതുന്നില്ല" പീലാത്തോസ് പറഞ്ഞു.

"കരിക്കലുമല്ലാ പ്രൊക്കുറേറ്റർ. ഇസ്രായേലിൽ ഒരു ചക്കിൽ നിന്നോടിപ്പോകുന്നവനെ ഏല്ലായ്പോഴും കുററക്കാരനായി പരിഗണിക്കുവാൻ സാംഗത്യമില്ലെന്നു സൂചിപ്പിക്കുവാൻ ഞാൻ പറഞ്ഞെന്നേയുള്ളു. എങ്ങനെ വന്നാലും മുറിവേററവൻ ഒളിച്ചോടിപ്പോയ ഒരു കുററപ്പുള്ളിയാണെന്നു് ലാസറസ്സോ, അദ്ദേഹത്തിൻെറ സഹോദരിമാരോ, അറിഞ്ഞിരുന്നില്ല. വെറും അനുകമ്പയുടെ ഫലമായി അയാളെ സ്വീകരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു. പ്രൊക്കുറേറ്റർ, അങ്ങു് സദയം ഞാൻ ശപഥത്തോടുകൂടി പ്രസ്താവിക്കുന്ന ഈ കാര്യം ശ്രദ്ധിക്കണം. കാരുണ്യത്തിൻെറ ഒരു കൃത്യംമൂലം റോമൻ മഹാസാമ്രാജ്യത്തിനേതെങ്കിലും ഹാനി സംഭവിക്കുമെന്നു് ഞങ്ങളാരും നിനച്ചില്ലാ."

"ക്ഷതമേററവൻ ബറാബാസിൻെറ അനുയായികളിൽ പെട്ടവനെന്നു് യാതൊരു കാരണവശാലും നീങ്ങൾ അറിഞ്ഞില്ലെന്നു വരുമോ?" പീലാത്തോസ് ഹാസ്യരസത്തോടുകൂടി ചോദിച്ചു.

ജോസഫിൻെറ അക്ഷികൾ ജ്വലിച്ചു. പ്രസ്തുതചോദ്യം ഒരു കുരുക്കായി ഒരുക്കിയതാണെന്നു് അദ്ദേഹം ഗ്രഹിച്ചു. കൂടമാണെങ്കിൽ അതു പ്രൊക്കുറേററിനു തന്നെയായിരിക്കട്ടെ എന്നു കരുതി മറുപടി പറഞ്ഞു:

"പ്രൊക്കുറേറ്റർ, തീർച്ചയായും ഞങ്ങൾക്കാകാര്യം മനസ്സിലായി. ബറാബാസ് പെരുങ്കള്ളനായിരുന്നാലും അയാളേയൊ, അനുയായികളേയൊ ബന്ധനത്തിലാക്കുന്നതിൽ താങ്കൾക്കു പ്രത്യേകതാല്പര്യമൊന്നുമില്ലെന്നു താങ്കൾ തന്നെ എന്നോടു പ്രസ്താവിച്ചതു ഞാൻ ഓർമ്മിക്കുന്നു. ബറാബാസിൻെറ ആൾക്കാരിലൊരുവനിടംകൊടുക്കുന്നതു് കുററമായി ഞങ്ങൾ ആരും ധരിച്ചില്ലാ. ബറാബാസിൻെറ അനുയായിയാകുക കുററകരമല്ലെന്നു താങ്കൾ പ്രസ്താവിച്ചതിനാൽ വിശേഷിച്ചും. ലാസറസിൻെറയോ സഹോദരിമാരുടെയോ ഭൃത്യരുടെയോ സഹായമോകൂടാതെ ആ മനുഷ്യൻകഴിഞ്ഞരാത്രി എവിടെയോകടന്നുകളഞ്ഞു. ആ പലായനത്തിനു് ഞങ്ങൾ ആരും ഉത്തരവാദികളല്ലതാനും. അവിടത്തെ ഭടന്മാരുടെ ആക്രോശനവിഷയമായി ഓടി ഒളിച്ച ഒരാളെയാണു് ലാസറസ്സിൻെറ ഭവനത്തിൽ കൊണ്ടുവന്നതെന്നു ഞങ്ങൾ ആരും അറിഞ്ഞില്ല. ഇതാകുന്നു കാര്യസാരം."

അരിമത്ത്യൻെറ പ്രസ്താവന ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്ന പീലാത്തോസ് പൊട്ടിച്ചിരിച്ചു.

"ഭേഷ്! ബലേ ഭേഷ്! ജോസഫ്! റോമായിലെ പ്രസംഗമണ്ഡപങ്ങളിലോ ആഥെൻസിലെ പണ്യവീഥികളിലൊ പ്രഭാഷണം നടത്തേണ്ടയാളാണു് നിങ്ങൾ. റോമൻനിയമം സംബന്ധിച്ച തർക്കവിദ്യയിൽ നിങ്ങൾ വളരെ വൈദഗ്ധ്യം പ്രകടിപ്പിച്ചിരിക്കുന്നു. ബറാബാസിനെപ്പററി നിങ്ങൾ പ്രസ്താവിച്ചതു് എന്നെ പ്രത്യേകം സ്പർശിച്ചു. നിങ്ങൾ എൻെറ വാക്കുകൾതന്നെ എൻെറ മുമ്പിൽ കുത്തിനിറുത്തുന്നു. എനിക്കു അവയെ നിഷേധിച്ചുകൂടാതാനും. ലാസറസും സഹോദരിമാരും ശിക്ഷ അർഹിക്കുന്നില്ലാ, പ്രത്യുത അവർ ആദരണീയരാണെന്നും നിങ്ങൾ തെളിയിച്ചുകഴിഞ്ഞു. ഇനി ഞാൻ എന്താണു ചെയ്യേണ്ടതെന്നു പറഞ്ഞുതരുമോ? എനിക്കു ഗംഭീലാസപ്രകടനത്തോടു ദാക്ഷിണ്യമുണ്ടെന്നു നീങ്ങൾക്കറിയാമല്ലോ."

പീലാത്തോസിൻെറ ഹർഷപ്രകർഷം അരിമത്ത്യനെ തെല്ലൊന്നലട്ടി. പുഞ്ചിരി തൂകിക്കൊണ്ടു് ആളുകളെ കൊലയ്ക്കു വിധിക്കുവാൻ ഗവർണർക്കു പാടവമുണ്ടെന്നു് ജോസഫിനറിയാമായിരുന്നു. അല്പമായ മനസ്സാക്ഷിക്കുടിയും ജോസഫ് അനുഭവിച്ചു. പച്ചക്കള്ളം ഒന്നും വിളമ്പിയില്ലെങ്കിലും എസ്രായുടെ ഉല്പത്തി തനിക്കറിയാമായിരുന്നു എന്ന കാര്യം മാച്ചുകളയുകയാണു് ചെയ്തതു്. പ്രൊക്കുറേറ്റർ ബറാബാസിനെപ്പററി സാരമായി ഗൗനിക്കാതിരുന്നതെന്തുകൊണ്ടായിരുന്നുവെന്നും ജോസഫിനറിയാമായിരുന്നു. പീലാത്തോസ് ആ കാര്യം സ്നേഹിതനോടു തുറന്നു പറഞ്ഞതായിരുന്നല്ലൊ. ഇനിയും ജോസഫ് ലാസറസിനെ അപേക്ഷിച്ചു് കൂടുതൽ ലോകകാര്യങ്ങളിൽ ശ്രദ്ധാലുവായിരുന്നു. ലാസാസിനോടൊപ്പം ഗുരുവിൻെറ ഉപദേശങ്ങളിൽ ലയിച്ചിരുന്നുമില്ല. സ്വന്തരക്ഷയും ഇഷ്ടജനങ്ങളുടെ രക്ഷയും കൈവരുത്തേണ്ടതവശ്യാവശ്യമായി ജോസഫ് കരുതി. തന്നിമിത്തം ആരംഭിച്ച വാഗ്വാദചാപ്രയോഗം തുടരുകതന്നെ ചെയ്തു.

"പ്രൊക്കുറേറ്റർ, എനിക്കൊട്ടുംതന്നെ വാഗ്വിലാസമില്ല. എങ്കിലും റോമൻനിയമത്തിൻെറ ഒരു മൗലികതത്വം കുററമില്ലാത്തിടത്തു് കുററക്കാരനുമില്ല എന്നു സ്ഥാപിക്കുന്നുണ്ടു് എന്നു വിശ്വസിക്കുന്നതിൽ അബദ്ധമില്ലെന്നു ഞാൻ കരുതുന്നു. ലാസാസ്സിൻെറ പേരിലുള്ള കുററാരോപണം അടിസ്ഥാനരഹിതമെന്നു വന്നപ്പോൾ കേസു താനെ അസ്തമിക്കുന്നുവെന്നത്രെ എനിക്കു തോന്നുന്നതു്."

പീലാത്തോസ് മൗനം അവലംബിച്ചു. വിനോദരസത്തിൽ ലീനനായി അദ്ദേഹം കാണപ്പെട്ടു. നഖത്തിൻെറ അഗ്രംവരെ റോമാഭക്തനായിരുന്ന പീലാത്തോസിനു ജോസഫ് റോമൻനിയമം ആധാരമാക്കി വാദിച്ചതു് ആനന്ദപ്രദമായതുപോലെ തോന്നി. മാത്രമല്ല, കുററാരോപണകർത്താവു് ബഥാനിയാ ദേവാലയത്തിലെ മുഖ്യറാബി ആയിരുന്നു. അയാൾക്കാനുകൂല്യം ചെയ്തിട്ടെന്തുകാര്യം ലഭിക്കുവാനാണു്! വേറൊരു സംഗതിയും പീലാത്തോസിനു ചിന്താവിഷയമായി. ലാസറസിനെ വിട്ടയക്കണമെങ്കിൽതന്നെ ഇത്ര പെട്ടെന്നാകാമോ? തൻെറ മുമ്പിൽ സന്നിഹിതയായിരുന്ന മറിയ യാതൊന്നും സംസാരിച്ചില്ലല്ലൊ. ജോസഫിനു ക്ഷിപ്രവിജയം അനുവദനീയമല്ലതന്നെ. (തുടരും)

## നീർവീഴ്ചകളുടെ ഉത്ഭവം

വളരെ വരണ്ടും, രണ്ടോ മൂന്നോ ദിവസംവീതം കൂടമ്പോഴായും, രക്തം കലന്നും, അല്പമായും, ശബ്ദത്തോടും താമസത്തോടും കൂടിയും, നാടപോലെ കനംകുറഞ്ഞും മലം പോകുന്നതു (മലബന്ധവും അർശ്ശസ്സും) മൂലം ഉദരത്തിങ്കലുള്ള വായുവിൻെറ അധോഗതിക്കു തടസ്സം നേരിടുകയും (വായുസ്തംഭനം—വയറുവീക്കൽ—ഗ്യാസ്ട്രബിൾ ഉത്ഭവിക്കയും), ഇങ്ങനെ കടലുകൾക്കുള്ളിൽ നിറയപ്പെടുന്ന വായു പിന്നേയും പിന്നേയും ദുഷിക്കയും, ചൂടുപിടിക്കപ്പെടുകയും ചെയ്തിട്ടു് നെഞ്ചു്, പള്ള, ശിരസ്സ് മുതലായ അംഗങ്ങളിലേക്കു് ഗതിക്കുകയും, അതാതു അവയവങ്ങളിലുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളേയും ദുഷിപ്പിക്കുകയും, ഉരുക്കുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളക്കിതീക്കുകയും ചെയ്യുമ്പോഴാണു് തുമ്മൽ, മൂക്കിൽനിന്നുള്ള വെള്ളം (കഫം) വരവു്, മൂക്കടപ്പു്, തലവിങ്ങിച്ച, കണ്ണിൽനിന്നും ചെവിയിൽനിന്നുമുള്ള വെള്ളംവരവു്, മോണ (പല്ലുകളുടെ കട) വീക്കൽ, തൊണ്ടയിൽ കഫം കെട്ടൽ, സന്ധികളിലും മററും നീർക്കെട്ടു് (രക്തവാതം), കഴുത്തു്, പുറം മുതലായ അംഗങ്ങളിൽ കഴപ്പു്, വായ, മൂക്കു്, മലദ്വാരം മുതലായ മാർഗ്ഗങ്ങളിൽകൂടിയുള്ള രക്തം വരവു് (രക്തപിത്തം), കൊഴുപ്പോടും ഊറലോടും മധുരരസത്തോടുംകൂടി മൂത്രംപോവുക (പ്രമേഹം), അസ്ഥിസ്രാവം (വെള്ളപോക്കു്), ചുമച്ചു് കഫം തുപ്പൽ, ശ്വാസംമുട്ടൽ, ക്ഷയം, ഏങ്ങൽ (ആസ്ത്മ), മലവിസർജ്ജനം ചെയ്യുമ്പോഴും സ്വപ്നത്തിലും മററും ശുക്ലം സ്രവിക്കൽ (ഇന്ദ്രിയസ്ഖലനം), കഫത്തോടും കൊഴുപ്പോടുംകൂടി മലം പോവുക, കഴല, മന്തു്, തടിപ്പു്, കുരു, നീരു്, കുഷ്ഠം തുടങ്ങിയവകൾ ഉത്ഭവിക്കുകയും അവയിൽനിന്നു വെള്ളവും ചലവും രക്തവും സ്രവിക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള രോഗങ്ങൾ അഥവാ "നീർവീഴ്ചകൾ" പിടിപെടുന്നതു്. ഇതുപോലെതന്നെ ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉഷ്ണവീര്യമുള്ള അന്നപാനങ്ങളേയും ഔഷധങ്ങളേയും പതിവായും അമിതമായും ഉപയോഗിക്കുക, പട്ടിണികിടക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദേഹത്തിലെ ചൂടു് വർദ്ധിക്കുവാനിടവരുമ്പോഴും നാനാവിധത്തിലുള്ള "നീർവീഴ്ചകൾ" പിടിപെടുന്നതാണു്. ഉഷ്ണാധിക്യത്താൽ കഫവും, ധാതുക്കളും ദുഷിക്കുകയും, ഉരുകുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളകുകയും ചെയ്യുമ്പോൾ ഉണ്ടാവുന്നവയായതുകൊണ്ടുതന്നെയാണു് ഈ രോഗങ്ങൾക്കെല്ലാം യുക്തിപൂർവ്വം "നീർവീഴ്ചകൾ" എന്നു് നാമകരണം ചെയ്തിട്ടുള്ളതു്. ദേഹത്തിൽ അമിതമായിതീർന്നിട്ടുള്ള ചൂടിനെ കുറക്കുന്നതിനുള്ള അന്നപാനങ്ങൾകൊണ്ടും, ഔഷധങ്ങൾകൊണ്ടും നാനാവിധത്തിലുള്ള നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിച്ചുകാണുന്നതിൽനിന്നുതന്നെ ഉഷ്ണാധിക്യത്തിൽ നിന്നാണു് നീർവീഴ്ചകളുടെ ഉത്ഭവം എന്നു് വ്യക്തമാവുന്നുണ്ടല്ലൊ. ഈ വസ്തുതകൾ മനസ്സിലാക്കി ചികിത്സിക്കാത്തതുകൊണ്ടാണു് പലരും തങ്ങളുടെ ആയുഷ്കാലം മുഴവനും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നു് കരകയറുവാൻ സാധിക്കാതെ നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതെന്നു് നിസ്സംശയം പറയാവുന്നതാണു്.

### നീർവീഴ്ചകൾ പിടിപെടാതിരിപ്പാനുള്ള മാർഗ്ഗം

ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉറക്കമൊഴിക്കുക, ഉഷ്ണവീര്യമുള്ള ദ്രവ്യങ്ങളെ പതിവായും അമിതമായും ഉപയോഗിക്കുക, ശുക്ലധാതുവിനെ ക്രമാതീതമായി ക്ഷയിപ്പിക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദിനംപ്രതി ദേഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ചൂടിനെ കുറയ്ക്കുകയും, വായു, മലം, മൂത്രം തുടങ്ങിയവകളെ യഥാക്രമം വിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതിനു കഴിവുള്ള സ്നേഹദ്രവ്യങ്ങളെ യുക്തിപൂർവ്വം ഉപയോഗിച്ചുകൊണ്ടിരിക്കുന്നപക്ഷം സാമാന്യേന നീർവീഴ്ചകളൊന്നും പിടിപെടുന്നതല്ല. ഇതിൻെറ ദൃഷ്ടാന്തമാണു് അമിതമായ ചൂടിനെ ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള സൌമ്യാംശത്തെ വർദ്ധിപ്പിക്കുന്നതിനും, വായു, മലം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും കഴിവുള്ള ഔഷധങ്ങളാകുന്ന "ദ്രാക്ഷാഘൃതം" സേവിക്കുകയും "ശാരിബാതൈലം" ദേഹമാസകലം തേച്ചു് കുളിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരിൽ സാമാന്യേന മലബന്ധം, അർശ്ശസ്സ് മുതലായ ഉഷ്ണാധികരോഗങ്ങൾ പിടിപെടാതിരിക്കുന്നതായി കാണുന്നതു്.

### നീർവീഴ്ചകൾക്കുള്ള പ്രതിവിധികൾ

മുകളിൽ പറഞ്ഞതുപോലെ ആരോഗ്യസംരക്ഷണത്തിനുവേണ്ടതു് യഥാകാലം പ്രവർത്തിക്കുവാൻ സാധിക്കായ്ക നിമിത്തം ദേഹത്തിലെ ചൂടു് ക്രമംവിട്ടു് വർദ്ധിക്കയും, നീർവീഴ്ചകളിൽ ഏതെങ്കിലും ഒന്നൊ, രണ്ടൊ അഥവാ അതിലധികമൊ ഇനം പിടിപെടുകയും ചെയ്തിട്ടുള്ളപക്ഷം മുകളിൽ പറഞ്ഞ ഔഷധങ്ങൾ രണ്ടും യുക്തിപൂർവ്വം ഉപയോഗിക്കുന്നതിനു പുറമെ അമിതമായ ചൂടിനെ കുറയ്ക്കുന്നതിനും, കഫത്തേയും ധാതുക്കളേയും ദുഷിക്കാതെയും ഉരുകാതെയും സംരക്ഷിക്കുന്നതിനും, ദുഷിച്ചിട്ടുള്ളവയെ ശുദ്ധീകരിക്കുന്നതിനും, വ്രണങ്ങളെ ഉണക്കുന്നതിനും, മുഴ, തടിപ്പു്, നീരു് തുടങ്ങിയവകളെ നശിപ്പിക്കുന്നതിനും മററും കഴിവുള്ള ഒരു ശീതദ്രവ്യമാകുന്ന "നിംബാസവം" കൂടി യുക്തമെന്നുതോന്നുന്ന മാത്രയിൽ സേവിക്കുകയും, പ്രായം, ദേഹപ്രകൃതി, രോഗസ്ഥിതി മുതലായവകൾക്കനുസരിച്ചു് നാലോ എട്ടോ പത്തോ പതിനഞ്ചോ ദിവസംവീതം കൂടുമ്പോൾ "ദ്രാക്ഷാഘൃതം" തന്നെ പതിവായി സേവിക്കുന്നതിലും അല്പം മാത്രകൂട്ടി സേവിച്ചോ അല്ലെങ്കിൽ നല്ലതരം ആവണക്കെണ്ണ സേവിച്ചോ വയറിളക്കുകയും, ഉപ്പു്, പുളി, എരുവു് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, ചൂടിനെ വർദ്ധിപ്പിക്കുന്ന മററ അന്നപാനങ്ങളേയും, പ്രവർത്തികളേയും സാധിക്കുന്നേടത്തോളം ഒഴിവാക്കുകയും ചെയ്യുന്നതായാൽ ആ നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതിനു് നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ സിദ്ധൌഷധങ്ങളുപയോഗിച്ചു് രോഗശമനം സിദ്ധിച്ചിട്ടുള്ളവരിൽനിന്നു ലഭിച്ചിട്ടുള്ളതും, പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 120-ൽ പരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാണു്.

| | |
|---|---|
| നിംബാസവം 20 ഔൺസ് കുപ്പി 1ക്കു് | 2–0–0 |
| ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ. കുപ്പി 1ക്കു് | 4–0–0 |
| ശാരിബാതൈലം 18 ഔൺസ് കുപ്പി 1ക്കു് | 3–0–0 |

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്ടു്, കോയമ്പത്തൂർ, പാലക്കാട്ടു്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരുകൊച്ചിയിലും മലബാറിലുമുള്ള 150-ൽപരം ഏജൻസികൾ വഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

**കാളൻ, നെല്ലായി.**

## തൈക്കാട്ടു് മൂസ്സ് വക ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്:– ആലുവാ റെയിൽവേസ്റ്റേഷനു സമീപം.

എല്ലാ വ്യാഴാഴ്ചയും 1 മണി മുതൽ 9 മണിവരെ

**ഡി. എ. മൂസ്സ് അവർകൾ**

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

## സ്വർഗ്ഗരാജ്ഞി

ദേവമാതാവിൻെറ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ചു് വെ. റവ. മോൺ. ജേക്കബ്ബ് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു് വില 6 ണ മാത്രം.

കച്ചവടക്കാർക്കു് പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:

മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം-1

Reg. No. M. 2293

# Sathya Deepam

Vol. 29 Ernakulam, November 9, 1955 No. 14

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"




# ബാലരംഗം

### "ബാലരംഗം"

**സംഘടനയിൽ അംഗങ്ങളായി ചേർന്നവർ**

Reg. No. (തുടർച്ച)

16. മാണി ടി. എം. കണിയപ്പറമ്പിൽ തിടനാട്
17. അന്ന വി. ടി. വേരനാനിക്കൽ കുടയത്തൂർ, കാഞ്ഞാർ
18. ഔസേപ്പ് എൻ. ടി. നീലാങ്കൽ മേലാമുറി, പാലക്കാട്
19. ജോസഫ് കെ. ജെ. കണ്ടത്തിൽ അരുവിത്തുറ, ഈരാറ്റുപേട്ട
20. മാത്യു എം. തെള്ളി, തിടനാട്




### സമീകരണം

അന്നൊരുദിവസം അവരാച്ചനും വക്കിയും വഴിയിൽവച്ചു കൂട്ടിമുട്ടി. അവർക്കു കുറച്ചു സംസാരിക്കണമെന്നുതോന്നി. കൂനനവരാച്ചനും കോലൻവക്കിയും തമ്മിൽ സംസാരിക്കുക വലിയ ക്ലേശമായിരുന്നു ഇരുകൂട്ടർക്കും. എങ്കിലും അവരതു സഹിച്ചു തമ്മിൽ സംസാരിച്ചുതുടങ്ങി. സംസാരം രണ്ടുപേർക്കും ഇഷ്ടപ്പെട്ടു. അവരാച്ചന്റെ ഹൃദയത്തിന്റെ ആർദ്രത വക്കിക്കു മനസ്സിലായി. വക്കിയുടെ സാമ്പത്തികവിഷമതകൾ അവരാച്ചനും നന്നെ ബോദ്ധ്യപ്പെട്ടു. അവരാച്ചന്റെ മടിശ്ശീല വക്കിയുടെ കൈയിലേക്കു സസന്തോഷം സ്ഥലംമാറി. സ്നേഹസമന്വിതമായ പരസ്പരധാരണ അവിടെ ഉടലെടുത്തു. പ്രകൃതിയിലെ അസമത്വത്തേയും വ്യവസ്ഥിതിയുടെ കുഴപ്പങ്ങളേയും പരിഹരിക്കുന്നതിനു ഹൃദയത്തിന്റെ സ്നേഹത്തിനു കഴിയുമെന്നു അന്നവർക്കു ബോദ്ധ്യമായി.

### 46-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

കുട്ടയിലുണ്ടായിരുന്ന മാങ്ങ—5039

### പ്രശ്നം നമ്പ്ര് 47

(ജോസഫ് ടി. പി. മുണ്ടംവേലി, വയസ്സ് 12)

ഞാനൊരു പ്രശ്നമാണ്. അഞ്ചക്ഷരക്കാരനാണ്. എന്നെ ഇടത്തുനിന്നു വലത്തോട്ടും വലത്തുനിന്നു ഇടത്തോട്ടും ഒരുപോലെ വായിക്കാം. ഒന്നാമത്തെ അക്ഷരം മോതിരത്തിലുണ്ട്, വളയിലില്ല. രണ്ടാമത്തെ അക്ഷരം പരുന്തിലുണ്ട്, കുയിലിലില്ല. മൂന്നാമത്തെ അക്ഷരം തങ്കത്തിലുണ്ട്, പൊന്നിലില്ല. എന്റെ പേരു കണ്ടുപിടിക്കുക?

(ഉത്തരം അടുത്തതിൽ)

## ബാലരക്തസാക്ഷി

(കെ. ജെ. ജോസഫ് കണ്ടത്തിൽ, അരുവിത്തുറ)

വിയറ്റ്നാമിൽ മതപീഡനം നടമാടുന്നു. ക്രിസ്ത്യാനികൾ ഗവമ്മേണ്ടിന്റെ മർദ്ദനപരമായ നിയമങ്ങൾക്കടിപ്പെട്ട് ഞെളിപിരികൊള്ളുകയാണ്— അവർ മതസ്വാതന്ത്ര്യമില്ലാത്ത വരായിത്തീന്നിരിക്കുന്നു.

വിയറ്റ്നാമിലെ ഒരു സുപ്രഭാതം. പാതയിലൂടെ ഒരു ബാലൻ ഉണ്ണീശോയെ ആരാധിക്കുവാൻ പോകുകയാണ്. നിഷ്കളങ്കമാനസനായ ആ ബാലൻ വഴിയിൽ കണ്ട കല്ലിനോടും മുൾച്ചെടിയോടും പുഷ്പലതാദികളോടും നമ്മസല്ലാപം ചെയ്യുന്നുണ്ട്. അവൻ ദരിദ്രനാണ്. ചെരിപ്പു വാങ്ങുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു വെറുംകാലിലാണ് നടക്കുന്നത്. ഇടുങ്ങിയ ഒരു വഴിയിൽനിന്നും പള്ളിമുറ്റത്തേക്കവൻ പ്രവേശിച്ചു.

അങ്ങിങ്ങായി രക്തക്കളങ്ങളാണ് അവനവിടെ കണ്ടതു്. അല്പംമുമ്പ് വേദസാക്ഷികളായി മരിച്ചവരുടെ ചുടുരക്തമായിരുന്നു അതു്. അവൻ ആകെപ്പാടെ ഒന്നു ഞെട്ടി. സാമാന്യം ചെറിയ പള്ളിയായിരുന്നു അതു്. മുഖവാരത്തെ കുരിശും ടവറിലെ സ്വരൂപവും എടുത്തു മാററിയ ശേഷം അവിടെ ചെങ്കൊടി പാറപ്പിച്ചിരുന്നു. പരിസരങ്ങളിൽ പലേടത്തും തോക്കു ധരിച്ച പട്ടാളക്കാർ തങ്ങിനില്ക്കുന്നുണ്ട്. എങ്കിലും കൊച്ചു ജോണി ധൈര്യമവലംബിച്ചു പള്ളിയകത്തു കയറി. പള്ളിയിലെ സക്രാരിയും മററും നേരത്തേതന്നെ മാറു പള്ളിയിലേക്കു മാററം ചെയ്തിരുന്നു. പള്ളിയുടെ പല ഭാഗങ്ങളും ഇടിച്ചു പൊളിച്ചിരിക്കുന്നു. കൊച്ചുജോണി ഒന്നുകൊണ്ടും ആകുലനായില്ല. അവൻ മുട്ടിന്മേൽ നിന്നു പ്രാത്ഥന തുടങ്ങി. അധികം താമസിച്ചില്ല, ഒരു ഭടൻ ആ കൊച്ചുബാലന്റെ നേരെ നിറയൊഴിച്ചു. ഭക്തനായ ആ ബാലൻ—കൊച്ചുജോണി—കെട്ടുപ്പി നിലം പതിച്ചു. ജോണിയുടെ പാവനാത്മാവ് മാലാഖമാരാൽ സ്വർഗ്ഗത്തിലേക്കാനയിക്കപ്പെട്ടു. ആ ബാലൻ ഈശോയ്ക്കു വേണ്ടി— മതവിശ്വാസത്തിനു വേണ്ടി—രക്തസാക്ഷിയായി.

## വിനോദവേദി



"ഇപ്പോ തലവെച്ചുകിടന്ന ഈ തലയിണയിലിങ്ങനെ കരിപാററിയതെങ്ങിനേന്നു വേഗം പറഞ്ഞേക്കിൻ."

"അപ്പച്ചൻ നരകാണാതിരിക്കാൻ തലയ്ക്കു കറുത്ത ചായമടിച്ചതാണാമ്മച്ചിയേ!"

* * *

തീവണ്ടിയിലെ ടിക്കററ് ചെക്കർ:- തിരുമേനി, ഇതു തെക്കോട്ടുപോകുന്ന വണ്ടിയാണ്. എന്തേ, ഇതിൽ കയറിയിരിക്കുന്നു?"

നമ്പൂതിരി:- "ഛെയ്", ഞാൻ തൃശ്ശൂക്കാ ടിക്കെററടുത്തിരിക്കുന്നതു്. വണ്ടി നിങ്ങൾ തെക്കോട്ടോ കിഴക്കോട്ടോ എങ്ങോട്ടു കൊണ്ടു പോയാലും വേണ്ടില്ല. എനിക്കു തൃശ്ശൂരെത്തണം. ഠോ!"

—o—

## തോമസ് മോറിന്റെ അന്ത്യനിമിഷം

(അലക്സാണ്ടർ ചെമ്പിത്താനം No. 7)

ആയിരത്തഞ്ഞൂററി മുപ്പത്തഞ്ച് ജൂലായ് അഞ്ചാംതിയതി. നേരം അധികം പുലന്നിട്ടില്ല. ബാലരവി പേടിച്ചുവിരണ്ടു കുട്ടിയെപ്പോലെ കാർമേഘക്കരിമ്പടങ്ങൾക്കുള്ളിലൊളിച്ചു. പക്ഷികൾ പാടിയില്ല. മാരുതൻ ചലിച്ചില്ല. ലണ്ടൻപട്ടണം ആകപ്പാടെ ഇളകിവശായി. പ്രസിദ്ധമായ ലണ്ടൻ പാലത്തിന്റെ പരിസരങ്ങളിൽ ആളുകൾ തിങ്ങിക്കൂടിയിട്ടുണ്ട്. പെട്ടെന്നു എല്ലാ ദൃഷ്ടികളും ഏകസ്ഥാനത്തു് കേന്ദ്രീകരിക്കപ്പെട്ടു. കൃശഗാത്രനായ ഒരാളെ പാലത്തിനടുത്തുള്ള വധരംഗത്തേക്കാനയിക്കുന്നു! നരച്ചുതുടങ്ങിയ മീശ! പുഞ്ചിരി ഊറുന്ന വദനം!

അദ്ദേഹം വധപീഠത്തിൽ മലന്നു് നിവന്നുകിടക്കുന്നു. ഘാതകന്റെ വാൾ ചലിച്ചു! സർ തോമസ് മോറിന്റെ വധം നടന്നു കഴിഞ്ഞു.

സർ തോമസ് മോർ, ബ്രിട്ടിഷ് ചക്രവത്തിയായിരുന്ന ഹെൻറി അഷ്ടമന്റെ ചാൻസലർ, വിശ്വവിഖ്യാതനായ സാഹിത്യകാരൻ, നീതിമാനായ നിയമജ്ഞൻ, ഉത്തമനായ കത്തോലിക്കൻ.

അതാ! അദ്ദേഹത്തിന്റെ ശിരസ് ശൂലാരോഹിതമായി ലണ്ടൻപാലത്തിൽ കാണപ്പെടുന്നു, ചുടുരക്തം ഒഴുക്കിക്കൊണ്ട്. നീതിക്കുവേണ്ടി സ്വജീവിതത്തെ ബലികഴിച്ച ക്രിസ്തുശിഷ്യന്റെ നീതിക്കുവേണ്ടിയുള്ള ജീവദാനം!

കത്തോലിക്കാവിശ്വാസസംരക്ഷകനെന്നു് ഒരുകാലത്തു് വിഖ്യാതനായിരുന്ന ഹെൻറിക്ക് വിവാഹമോചനം വേണംപോലും! പത്രോസിന്റെ സിംഹാസനം അതിനു വഴങ്ങിയില്ല. ഇതിൽ കുപിതനായ ഹെൻറിയാകട്ടെ, ഒരു സ്വതന്ത്രസഭ സ്ഥാപിച്ച് അതിൽ അംഗങ്ങളായി ചേരുവാൻ തന്റെ പ്രജകളെ ആഹ്വാനംചെയ്തു. പക്ഷെ ഇരുമ്പുചങ്ങലകളേയും, ചുട്ടുപഴുത്ത ലോഹക്കട്ടിലുകളേയും, സിംഹക്കുഴികളേയും കണ്ടിട്ടുള്ള കത്തോലിക്കാവിശ്വാസത്തിന്റെ ചൈതന്യമൂത്തികളായിരുന്ന മോറിനും കൂട്ടർക്കും ഈ പ്രലോഭനങ്ങളുടെ പേരിൽ വിശ്വാസം സംത്യജിക്കാൻ സാദ്ധ്യമായില്ല.

ഹെൻറിയുടെ തടങ്കൽപ്പാളയങ്ങൾ വിശ്വാസികളെക്കൊണ്ട് നിറഞ്ഞു. വിസ്താരങ്ങളും, പീഡനങ്ങളും പ്രലോഭനങ്ങളും ഫലപ്പെടുന്നില്ലെന്നു കണ്ടപ്പോൾ അദ്ദേഹത്തിന്റെ വാൾ ചലിക്കാൻ തുടങ്ങി. അങ്ങനെ ദൈവത്തോടു വിശ്വസ്തരായ അനേകായിരങ്ങളോടൊത്തു സർ തോമസ് മോറിന്റെയും ദേഹിദേഹങ്ങൾ വേർതിരിക്കപ്പെട്ടു. തിരുസഭ ഈ വിശ്വസ്തദാസനെ പുണ്യപദത്തിലേക്കുയർത്തി. തോമസ് മോർ ഇന്നു വിശുദ്ധനായി വിരാജിക്കുന്നു.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—I